Phone No. 2972

28

# ഗ്രന്ഥാലോകം

തിരു: കൊച്ചി
ഗ്രന്ഥശാലാസംഘം പ്രസിദ്ധീകരണം.

## വിഷയവിവരം

ഓക്സ്ഫോർഡ് ഇംഗ്ലീഷ് നിഘണ്ടു . . കെ. പരമേശ്വരമേനോൻ എം. ഏ. എൽ. ടി.

ആർക്കൈവ്സും ചരിത്രരേഖകളും . . . കൈനിക്കര മാധവൻപിള്ള

ആ വാദമുഷ്ടി . . . . . . . . . . . . കെ. ബാലരാമപ്പണിക്കർ

പദ്യരത്നം . . . . . . . . . . . . . പി. ദാമോദരൻപിള്ള ബി. ഏ.

പുഷ്ടമാകേണ്ട സാഹിത്യശാഖകൾ
(ജീവചരിത്രം) . . . . . . . . സി. നാരായണപിള്ള

ഗ്രന്ഥപരിശോധനയ്ക്കു ശേഷം . . . . . . . പി. എൻ. പണിക്കർ



ഗ്രന്ഥാലോകം

വരിസംഖ്യ

വാർഷികവരി മുൻകൂർ രൂ. 6.

ഒറ്റപ്രതി അണ 8.

# ഗ്രന്ഥാലോകം

പത്രാധിപർ—സി. നാരായണപിള്ള ബി. ഏ. ബി. എൽ.

| വാല്യം 4 | മാർച്ച് 1952 | ലക്കം 3 |
|---|---|---|

# പത്രാധിപവീഥി

## ബഡ്ജററും പൊതുജനവിദ്യാഭ്യാസവും

പിരിഞ്ഞുപോയ പാർലിമെൻറിൻെറ അവസാന സമ്മേളനത്തിൽ അവതരിപ്പിച്ച 1952—53-ലേയ്ക്കുള്ള സെൻട്രൽ ബഡ്ജററ്, പ്ലാനിംഗ് കമ്മീഷൻെറ ആദ്യറിപ്പോർട്ടിനെ അടിസ്ഥാനമാക്കി തയാറാക്കിയ ഒന്നാണെന്നു വിചാരിക്കുവാൻ പല തെളിവുകളുമുണ്ട്. 69 കോടി രൂപാ മൂലധനച്ചെലവുകൾക്കും 83 കോടി രൂപാ സംസ്ഥാന ഗവർമ്മെൻറുകൾക്കു വായ്പ നൾകുന്നതിനും 40 കോടി രൂപാ നദീതട പദ്ധതികൾക്കും വക കൊള്ളിച്ചിട്ടുള്ള ഈ ബഡ്ജററ് ഇൻഡ്യയുടെ സാമ്പത്തികവും സാമൂഹ്യവുമായ ജീവിതത്തെ ഒരു പദ്ധതിയനുസരിച്ചു് പരിവത്തനം ചെയ്യുവാനുള്ള ലക്ഷ്യത്തോടുകൂടി നിമ്മിക്കപ്പെട്ടിട്ടുള്ള ഒന്നാണു്. എല്ലാ സംസ്ഥാന ഗവമ്മെൻറുകളും ബഡ്ജററുകൾ തയ്യാറാക്കുമ്പോൾ പ്ലാനിംഗ്കമ്മീഷൻെറ പദ്ധതി മനസ്സിൽ വച്ചുകൊള്ളണമെന്നു് സെൻട്രൽ ഗവർമ്മെൻറ് മററു ഗവർമ്മെൻറുകളെ ഉപദേശിച്ചിരിക്കാനുമിടയുണ്ടു്. തിരുവിതാംകൂർ-കൊച്ചി ബഡ്ജററ് ഈ പഞ്ചവത്സരപദ്ധതിയെ പുരോഗമിപ്പിക്കുവാൻ എന്തൊക്കെ വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നു പരിശോധിക്കുന്നതു് രസകരമായിരിക്കുമെങ്കിലും അതു ഗ്രന്ഥാലോകത്തിൻെറ പരാമശനപരിധിയിൽ ഒതുങ്ങുന്നില്ലാത്തതുകൊണ്ടു് ഇവിടെ വിടുന്നു. എന്നാൽ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ രംഗങ്ങളിൽ വിശേഷിച്ചു് ഗ്രന്ഥശാലാപ്രസ്ഥാനം സാമൂഹ്യവിദ്യാഭ്യാസപ്രസ്ഥാനം എന്നീ രംഗങ്ങളിൽ സംസ്ഥാന ഗവമ്മെൻറ് പഞ്ചവത്സര പദ്ധതിയനുസരിച്ചുള്ള ലക്ഷ്യങ്ങളിലേയ്ക്കു നീങ്ങുവാൻ എന്തൊക്കെ വ്യവസ്ഥകൾ ചെയ്തിട്ടുണ്ടെന്നു പരിശോധിക്കേണ്ടിയിരിക്കുന്നു. ഒന്നാമതായി സാമൂഹ്യവിദ്യാഭ്യാസത്തെപ്പററി ചച്ച് ചെയ്യാം. കഴിഞ്ഞ വർഷം സാമൂഹ്യവിദ്യാഭ്യാസത്തിനു് ഗവർമ്മെൻറ് കൊള്ളിച്ചിരുന്ന ബഡ്ജററുക ഒരുലക്ഷത്തിഅറുപതിനായിരം രൂപയായിരുന്നു. വയോജന വിദ്യാഭ്യാസശ്രമങ്ങൾ അതിൻെറ പ്രാരംഭദശയിൽ മാത്രം സ്ഥിതിചെയ്തിരുന്ന അന്നു് ഈ സംഖ്യ അപര്യാപ്തമായിരുന്നു എന്നു പറഞ്ഞാൽ അതു് അതിശയോക്തിയായിരിക്കയേ ഉള്ളു. ഈ വഷത്തിൽ അഡൽററ് എഡ്യൂക്കേഷനുവേണ്ടി ഗവർമ്മെൻറ് മൊത്തത്തിൽ ഒരു ലക്ഷത്തി 95 ആയിരം

രൂപാ കൊള്ളിച്ചിട്ടുണ്ട്. ഇതു കഴിഞ്ഞ വർഷത്തേതിൽനിന്ന് 35 ആയിരം രൂപാ കൂടുതലായതുകൊണ്ട് ഒററ നോട്ടത്തിൽ ഗവർമ്മെൻറിനെ അഭിനന്ദിക്കണമെന്ന് നമുക്കു തോന്നാം. എന്നാൽ ഈ തുക കൊള്ളിക്കലിലടങ്ങിയിട്ടുള്ള ജാലവിദ്യ ആ കുമിള ഒന്നു പൊട്ടിച്ചു നോക്കിയാൽ സൂര്യപ്രകാശംപോലെ വ്യക്തമാകുന്നതാണ്. കഴിഞ്ഞ ബഡ്ജററ് വർഷത്തിൽ വയോജനവിദ്യാഭ്യാസത്തിന് ഒരു ലക്ഷത്തി അറുപതിനായിരം രൂപാ അനുവദിച്ചിരുന്നതു കൂടാതെ പിന്നോക്ക സമുദായങ്ങളുടെ ലൈബ്രറികൾ, സാക്ഷരതാകേന്ദ്രങ്ങൾ മുതലായവയ്ക്കു ചെലവഴിയ്ക്കുവാൻ മറെറാരു ലക്ഷം രൂപാകൂടി ബഡ്ജററിൽ കൊള്ളിച്ചിരുന്നു. എന്നാൽ ഇങ്ങിനെ ഒരു പ്രത്യേക വകുപ്പ് പ്രവർത്തിക്കേണ്ട ആവശ്യമില്ലെന്നു ബുദ്ധിപൂർവ്വം ഗവർമ്മെൻറ് നിശ്ചയിച്ച് കഴിഞ്ഞവർഷത്തിൽത്തന്നെ ആ ഗ്രന്ഥശാലകളും മററു കേന്ദ്രങ്ങളും അതിലേക്കനുവദിച്ചിരുന്ന പണവും വയോജനവിദ്യാഭ്യാസബോർഡിൻെറ ഭരണത്തിൻകീഴിൽ വിട്ടുകൊടുത്തു. അങ്ങിനെ കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽ രണ്ടു ലക്ഷത്തി അറുപതിനായിരം രൂപാ വകകൊള്ളിച്ചിരുന്ന കാര്യങ്ങൾക്ക് ഈവർഷം ഒരുലക്ഷത്തി 95 ആയിരം രൂപാ മാത്രം നീക്കിവച്ചു് നമ്മുടെ ഗവർമ്മെൻറ് പഞ്ചവത്സരപദ്ധതിയുടെ സാമൂഹ്യവിദ്യാഭ്യാസശാഖയെ പരിപോഷിപ്പിക്കാൻവിചാരിക്കയാണ്.

മറെറാരു സംഗതി ഗ്രന്ഥശാലാപ്രസ്ഥാനത്തിന് നീക്കിവച്ചിട്ടുള്ള തുകയാണ്. ഉത്തരവാദഭരണം ഈ രാജ്യത്തു സ്ഥാപിതമായ വർഷത്തിൽ ലൈബ്രറിപ്രസ്ഥാനത്തിനു് ഗവർമ്മെൻറ് ബഡ്ജററിൽ ഒരു ലക്ഷം രൂപാ കൊള്ളിച്ചിരുന്നു. ഈ തുകയുടെ അപര്യാപ്തതയെപ്പററി ഗ്രന്ഥശാലാസംഘം ഗവർമ്മെൻറിനെ ബോദ്ധ്യപ്പെടുത്തിയതിൻെറ ഫലമായി അതിനടുത്തവർഷം ഗവർമ്മെൻറ് 40,000 രൂപാ കൂടുതലും അതിനടുത്തവർഷം മറെറാരിരുപതിനായിരം രൂപാ കൂടുതലും ഗ്രന്ഥശാലകൾക്കുള്ള ഗ്രാൻറിനത്തിൽ അനുവദിക്കയുണ്ടായി. പക്ഷേ ഇതൊന്നും നിർഭാഗ്യവശാൽ നമ്മുടെ ഫൈനാൻസ് ഡിപ്പാർട്ടുമെൻറ് അറിഞ്ഞിട്ടില്ലെന്നു തോന്നിപ്പോകുന്നു. ഈ വർഷവും ആ പഴയ തുകയായ ഒരു ലക്ഷം രൂപാതന്നെ പഴഞ്ചൻ ബഡ്ജററുകളിൽനിന്നു വലിച്ചൂരിയെടുത്ത് ഗ്രന്ഥശാലാപ്രസ്ഥാനത്തിനെതിരെ ഗവർമ്മെൻറ് ബഡ്ജററിൽ വകകൊള്ളിച്ചിരിക്കുന്നു.

ഇതിനുള്ള കുററകരമായ ഉത്തരവാദിത്വം ആരിലാണ് നിക്ഷേപിക്കേണ്ടതെന്ന് ഞങ്ങൾക്കറിഞ്ഞുകൂടാ. ഒഴിഞ്ഞുമാറിക്കൊണ്ടിരിക്കുന്ന മന്ത്രിസഭകളുടേയും വകുപ്പുമാറിക്കൊണ്ടിരിക്കുന്ന മന്ത്രിമാരുടേയും ചുമലിൽ ഇതിലേയ്ക്കുള്ള മുഴുവൻ ചുമതലകളും നിക്ഷേപിക്കുന്നതു് അയഥാർത്ഥമായിരിക്കുമെന്നുള്ളതു തീർച്ചയാണ്. വിദ്യാഭ്യാസകാര്യങ്ങളിൽ അദ്ധ്യാപകൻെറ ശമ്പളക്കാര്യമൊഴിച്ച് മറെറാരു നയവും പരിപാടിയും നമ്മുടെ ഗവർമ്മൻറിനില്ല. ഗ്രന്ഥശാലാപ്രസ്ഥാനത്തിലും വയോജനവിദ്യാഭ്യാസത്തിലും ചില നൂതന പ്രസ്ഥാനങ്ങൾതന്നെ ഈ രാജ്യത്തു് സ്വകാര്യവ്യക്തികളും സംഘടിതസംഘങ്ങളും ഗവർമ്മെൻറും ആരംഭിച്ചിട്ടുണ്ടെങ്കിലും ഗവർമ്മെൻറിൻെറ ഈ വിഷയത്തിലുള്ള നയമെന്താണ്, പരിപാടി എന്താണ്, അല്ലെങ്കിൽ വല്ല നയങ്ങളും പരിപാടികളുമുണ്ടോ എന്ന കാര്യം ഇനിയും വ്യക്തമാകേണ്ടതായിട്ടാണിരിപ്പു്. ഏതായാലും തുടച്ചയായ

ഏതെങ്കിലും ഒരു നയമോ ലക്ഷ്യമോ വിദ്യാഭ്യാസകാര്യങ്ങളിൽ ഇന്നുവരെ ഗവർമ്മെൻറിനില്ല. ഡമോക്രസിയുടെ ശൈശവദശയിൽ മന്ത്രിസഭകൾ ജനിച്ചും തകർന്നും കൊണ്ടിരിക്കുമ്പോൾ സാധാരണയായി ഭരണകാര്യങ്ങൾക്കു് ദാർഢ്യവും നയപരിപാടികൾക്കു് ഐകരൂപ്യവും നൽകേണ്ടതു് ധനകാര്യവകുപ്പാണു്. തിരുവിതാംകൂർ-കൊച്ചിയിലെ ധനകാര്യവകുപ്പിൻെറ അജ്ഞതയേയും പ്രതിലോമസ്വഭാവത്തേയും പററി എടുത്തു് ഉദാഹരിക്കാൻ ഇവിടെ സ്ഥലം പോരാ. വിദ്യാഭ്യാസകാര്യങ്ങളിൽ പുരോഗമനപരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വ്യതിയാനങ്ങളുടേയും പരിവർത്തനങ്ങളുടേയും ഹരിശ്രീ പോലും ആ ഡിപ്പാർട്ടുമെൻറിനറിഞ്ഞുകൂടെങ്കിലും ആ വിഷയങ്ങളെപ്പററി തലതിരിഞ്ഞ ഏതഭിപ്രായങ്ങളും രേഖപ്പെടുത്തി എല്ലാ ചലനങ്ങളേയും സ്തംഭിപ്പിക്കുവാൻ ആ വകുപ്പിനു കഴിഞ്ഞിട്ടുള്ളതിനുദാഹരണങ്ങളുണ്ടു്.

വയോജനവിദ്യാഭ്യാസകേന്ദ്രങ്ങൾ കുട്ടിക്കളിയാണെന്നും, ഗ്രന്ഥശാലാപ്രസ്ഥാനത്തിനു് ഗവർമ്മെൻറിൻെറ ഭാവനയിൽ പോലും ഇന്നുവരെ പെട്ടിട്ടില്ലാത്ത ഒരു ബില്ലുണ്ടാക്കിയതിനുശേഷമേ ഗ്രാൻറു നൽകുവാൻപാടുള്ളു എന്നും കടലാസ്സിൽ എഴുതിവിടുവാൻ മാത്രമുള്ള വിവരക്കേടു് ആ ഡിപ്പാർട്ടുമെൻറു് പ്രകടമാക്കിയിട്ടുണ്ടു്. എങ്കിലും ഈ നിലയിലുള്ള ധനകാര്യവിദഗ്ദ്ധന്മാരാണു് നമ്മുടെ ഗവർമ്മെൻറിൻെറ മൌലിക നയങ്ങളേയും പരിപാടികളേയും പററി അഭിപ്രായം പറയുവാൻ അവകാശമുള്ള മർമ്മസ്ഥാനങ്ങളിലിരിക്കുന്നതു്. ഐ. എ. എസ്സിലും ഇൻഡ്യാഗവർമ്മെൻറിൻെറ മററു സർവ്വീസുകളിലും നിന്നു് ഭരണപാടവമുള്ളവരെ സംസ്ഥാനഗവർമ്മെൻറുകളിൽ സേവനത്തിനയയ്ക്കാറുണ്ടു്. ചീഫ് സെക്രട്ടറിപദത്തിനു് അത്ര വൈദഗ്ദ്ധ്യമൊന്നുമാവശ്യമില്ലെങ്കിലും അതിലേയ്ക്കു കൂടുതൽ പ്രാപ്തിയുള്ളവർ ഈ രാജ്യത്തുണ്ടെങ്കിലും ആ പദത്തിലേയ്ക്കു് ഇൻഡ്യാഗവർമ്മെൻറു് പ്രത്യേകം ആളെ നിയോഗിക്കയും നമ്മുടെ ഗവർമ്മെൻറു് അദ്ദേഹത്തെ നിയമിക്കയും ചെയ്യുന്നുണ്ടു്. എന്നാൽ ഇന്നത്തെ സാമ്പത്തിക 'റിപ്പ് വാൻ വിങ്കിളന്മാരെ' തുരത്തിയിട്ടു് പ്രശസ്തനായ ഒരു സാമ്പത്തിക വിദഗ്ദ്ധനെ ഇൻഡ്യയിൽനിന്നും കടംവാങ്ങിയോ മററു വിധത്തിലോ ഇവിടെ ധനകാര്യ സിക്രട്ടറിയായി നിയമിച്ചാൽ ഇന്നത്തെ ഹിമാലയൻ വിഡ്ഢിത്തങ്ങൾ അല്പം ശമിക്കുമെന്നു പ്രതീക്ഷിക്കുവാൻ കാരണമുണ്ടു്.

ഏതായാലും പുതിയ ധനകാര്യമന്ത്രി ബഡ്ജററു് പുനഃപരിശോധിക്കയും സാംസ്കാരികവും സാമൂഹ്യവുമായ വിദ്യാഭ്യാസപദ്ധതികൾക്കു് ആവശ്യമായ തുകകൾ പുതുക്കി നാലുമാസം കഴിഞ്ഞവതരിപ്പിക്കുന്ന ബഡ്ജററിൽ കൊള്ളിക്കുകയും ചെയ്യുമെന്നു പ്രതീക്ഷിക്കുന്നു.

## 2. സംസ്കൃത പ്രഫസർ

മി. ഏ. രാമസ്വാമിമുതലിയാരെ തിരുവിതാംകൂർ യൂണിവേഴ്സിററിയിലെ വൈസ് ചാൻസലറായി നിയമിച്ചതിനു ശേഷം പ്രതിലോമപരങ്ങളായ ചില സംഭവവികാസങ്ങൾക്കു് അദ്ദേഹം അറിഞ്ഞോ അറിയാതേയോ അനുമതിനൽകിയിട്ടുള്ളതിലേയ്ക്കു് തെളിവുകൾ ലഭിച്ചുകഴിഞ്ഞിട്ടുണ്ടു്. ഒട്ടുവളരെ പ്രക്ഷോഭണങ്ങൾക്കും വാദപ്രതിവാദങ്ങൾക്കും നിവേദനസമർപ്പണങ്ങൾക്കും ശേഷം ഈ അടുത്തകാലത്തുമാത്രം ഗവർമ്മെൻറും യൂണിവേഴ്സിററിയും അംഗീകരിച്ച രണ്ടുദ്യോഗങ്ങ

ളാണ് മലയാളസംസ്കൃതവിഭാഗങ്ങളിലെ പ്രൊഫസറുദ്യോഗങ്ങൾ. ഇംഗ്ലണ്ടിലെ ഏതെങ്കിലും യൂണിവേഴ്സിററിയിൽ ഇംഗ്ലീഷിനും ലാററിനും പ്രൊഫസറുദ്യോഗങ്ങളുണ്ടായിരിക്കണമെന്ന് ആരും പ്രക്ഷോഭണം നടത്തേണ്ടിവന്നതായി ഞങ്ങളറിഞ്ഞിട്ടില്ല. ഇൻഡ്യയിലെ അടിമഭാഷകളായി പരിഗണിക്കപ്പെട്ടു പോന്നിരുന്ന വിവിധപ്രാദേശികഭാഷകൾക്ക് പാശ്ചാത്യ ഭരണാധികാരികളുടെ ദൃഷ്ടിയിൽ മാന്യത ലഭിക്കുവാൻ വിഷമമായിരുന്നു എങ്കിൽ അതു മനസ്സിലാക്കാവുന്നതാണ്. ഈ സംസ്ഥാനത്തു് ഒരു രാജകുടുംബാംഗത്തിന് വ്യക്തിപരമായ കാരണങ്ങളാൽ ഒരുകാലത്തു് നാട്ടുഭാഷാപ്രൊഫസറുദ്യോഗത്തിലേയ്ക്കുയരുവാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും മറെറാരു പണ്ഡിതൻ ആ നിലയിലേയ്ക്കുയരുന്നതുകാണുവാൻ ഇൻഡ്യയ്ക്കു് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷം ഒരു നാലുവർഷം കൂടി ഭാഷാഭിമാനികൾ കൊതിച്ചു കാത്തിരിക്കേണ്ടിവന്നു. അങ്ങിനെ ചിരപ്രതീക്ഷിതമായി നാട്ടുഭാഷകൾക്ക് ലഭിച്ച അംഗീകാരത്തെ അതിൻെറ ആരംഭത്തിനു ശേഷം ഒരാറുമാസത്തിനു മുൻപുതന്നെ ഞെക്കിക്കൊല്ലുവാനുള്ള സാഹചര്യം സർ രാമസ്വാമിമുതലിയാർ, വൈസ്ചാൻസലറായിരിക്കുമ്പോൾ സംജാതമായതു് ഏററവും നിർഭാഗ്യകരമായിപ്പോയി എന്ന് എടുത്തു പ്രസ്താവിക്കട്ടെ.

യൂണിവേഴ്സിററികാളേജിലെ സംസ്കൃത പ്രൊഫസറുദ്യോഗം താല്ക്കാലികമായോ അഥവാ എന്നെന്നേയ്ക്കുമായോ നിറുത്തൽ ചെയ്യുവാനും, ഇന്ന് സംസ്കൃതകാളേജ് പ്രിൻസിപ്പാൾ ഉദ്യോഗം വഹിക്കുന്ന ആളെ ആ ചുമതലകൂടി ഏല്പിക്കുവാനും യൂണിവേഴ്സിററി തീരുമാനിച്ചതായി പത്രവാർത്തകളും, മുഖപ്രസംഗങ്ങളും ഇതിനകം പുറത്തുവന്നിട്ടുണ്ടു്. ഇങ്ങിനെ ഒരു തീരുമാനത്തിനധികാരികളെ പ്രേരിപ്പിച്ച കാരണങ്ങളെന്താണെന്ന് ഇനിയും പുറത്തുവന്നിട്ടില്ല. ആറുമാസങ്ങൾക്കുമുൻപു് ഗവൺമെൻറും യൂണിവേഴ്സിററിയും ആവശ്യമാണെന്നുകരുതി അനുവദിച്ച സംസ്കൃതപ്രൊഫസറുദ്യോഗം എന്തുകൊണ്ടു് ഇപ്പോൾ ആവശ്യമില്ലാതായിത്തീർന്നു? കഴിഞ്ഞവർഷത്തിലുണ്ടായിരുന്ന ഏതെങ്കിലും ക്ലാസ്സുകൾ നിറുത്തിയതായറിഞ്ഞിട്ടില്ല. വിദ്യാർത്ഥികളുടെ സംഖ്യ ഈ വർഷത്തിൽ കുറവായിരിക്കുമെന്നു വിചാരിക്കുവാൻ യാതൊരു കാരണങ്ങളുമുണ്ടായിട്ടില്ല. ചെലവു കുറയ്ക്കുവാൻ വേണ്ടി ഇംഗ്ലീഷു്, ചരിത്രം മുതലായ വിഷയങ്ങളിലേ പ്രൊഫസറുദ്യോഗം നിറുത്തൽ ചെയ്തു് ആ വിഷയങ്ങളുടെ ചാർജ്ജുവഹിക്കുവാൻ ഗവർമ്മെൻറിൻേറയോ യൂണിവേഴ്സിററിയുടേയോ കീഴിലുള്ള മററുഡിപ്പാർട്ടുമെൻറുകളിൽനിന്നാരേയും നിയോഗിക്കുവാൻ പോകുന്നതായും പറഞ്ഞുകേട്ടിട്ടില്ല. കൂടാതെ കാളേജുകളിൽ പ്രൊഫസറുദ്യോഗങ്ങൾ ഒഴിവുവരുമ്പോൾ പരസ്യങ്ങൾ പ്രസിദ്ധപ്പെടുത്തി, അപേക്ഷകൾ ക്ഷണിച്ചു് ഏററവും യോഗ്യതയുള്ളവരെ തെരഞ്ഞെടുക്കണമെന്ന് നിബന്ധനയുണ്ടു്. ആരുമാരുമറിയാതെ ആരേയും പുറവാതലിൽക്കൂടി നിയമിക്കുന്ന കീഴ്നടപ്പ് ഇന്നു എല്ലാ നിയമനങ്ങളെ സംബന്ധിച്ചും ഏറെക്കുറെ ഇല്ലാതാക്കിക്കഴിഞ്ഞിട്ടുണ്ടു്.

സംസ്കൃതകാളേജ് പ്രിൻസിപ്പാളിന്റെ സംസ്കൃത പ്രഫസറുദ്യോഗം വഹിക്കുവാനുള്ള അർഹതയേ അശേഷം ചോദ്യംചെയ്യാതെതന്നെ വ്യവസ്ഥാപിതമായി നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളുമുപേക്ഷിച്ച് ഇങ്ങിനെ ഒരു നിയമനം നടത്തുവാൻ അധികാരികൾക്കുള്ള പ്രേരണയെന്താണെന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. ഇവയൊക്കെ ഇന്നല്ലെങ്കിൽ നാളെ ഉത്തരം പറയേണ്ടിവരുന്ന ചോദ്യങ്ങളാണ്.

സംസ്കൃതഭാഷയെ പുനർജ്ജീവിപ്പിച്ച് കഴിയുമെങ്കിൽ ഒരു രാജ്യഭാഷയാക്കിത്തീർക്കണമെന്നുള്ള ആശയത്തിനു പ്രാബല്യം ലഭിച്ചുകൊണ്ടിരിക്കയാണ്. സാംസ്കാരികമായ കാര്യങ്ങളിൽ ഏതെങ്കിലും താല്പര്യമുള്ള വിദ്വജ്ജനങ്ങളും പരിഷ്കൃത്താക്കളും സംസ്കൃതഭാഷയെ ഉദ്ധരിക്കുവാനും സജീവമാക്കുവാനും ആത്മാർത്ഥമായി ശ്രമിച്ചുകൊണ്ടിരിക്കുന്ന ഇന്നത്തെ ദേശീയ നവോത്ഥാനത്തിൽ തിരുവിതാംകൂർ യൂണിവേഴ്സിററിമാത്രം പിൻതിരിഞ്ഞ് ഓടുന്നകാഴ്ച ഈ രാജ്യത്തിനും രാജ്യവാസികൾക്കും ആക്ഷേപകരമാണ്.

സംസ്കൃത പ്രഫസറുദ്യോഗം നിറുത്തൽ ചെയ്ത് സംസ്കൃത കാളേജ് പ്രിൻസിപ്പാളിന്റെ മേൽനോട്ടത്തിൽ യൂണിവേഴ്സിററിയുടെ സംസ്കൃത ഡിപ്പാർട്ടുമെൻറു വിട്ടുകൊടുക്കണമെന്ന് ഏതാനുംമാസങ്ങൾക്കു മുൻപ് അന്ന് ഫൈനാൻസ്മിനിസ്റ്ററായിരുന്ന മി: എ. ജെ. ജോൺ ഒരു കുറിപ്പെഴുതിയതായും അതു കാബിനററിന്റേയും സിൻഡിക്കേററിന്റെയും ആലോചനയ്ക്കു സമർപ്പിച്ചതായും അറിയുവാൻ കഴിഞ്ഞിട്ടുണ്ട്. അന്ന് അതു് തിരിഞ്ഞുനോക്കുക പോലും ചെയ്യാതെ പുറത്തെറിഞ്ഞതായും ഞങ്ങൾക്കറിയാം. അങ്ങിനെ ഒരുകാലത്തു് ഇടതുകൈകൊണ്ട് തട്ടിത്തെറിപ്പിച്ച ആ നിർദ്ദേശങ്ങൾതന്നെ ഇപ്പോൾ സിൻഡിക്കേററ് സ്വീകരിച്ച് നടപ്പിലാക്കുവാൻ ശ്രമിക്കുന്നതിലന്തർഭവിക്കുന്ന വ്യക്തിപരമോ സേവാപരമോ വിദ്വേഷപരമോ ആയ രഹസ്യങ്ങളെന്തെല്ലാമാണ്? യൂണിവേഴ്സിററിയുടെ ഔന്നത്യത്തേയും ആ സ്ഥാപനത്തിൽ ശിക്ഷണം നടത്തുന്ന ഏതൊരുവിഷയത്തിന്റെ ഉയന്ന മാനദണ്ഡങ്ങളേയും സംരക്ഷിക്കയാണ് അധികൃതന്മാരുടെ കർത്തവ്യം. എല്ലാ വ്യക്തിപരിഗണനകൾക്കുമുപരിയായി ന്യായവും നീതിയും നടക്കണമെന്നും അല്ലെങ്കിൽ നടത്തുമെന്നും ഒരു നിശ്ചയം അധികാരകേന്ദ്രങ്ങളിലില്ലാതെ പോകുന്നതു് നിർഭാഗ്യകരമാണ്.

## 3. ലൈബ്രറികളിൽ കുട്ടികൾക്കുള്ള വിഭാഗം

കുട്ടികൾക്കുവേണ്ടി ലൈബ്രറികളിൽ പ്രത്യേകമായ ഒരു വിഭാഗം ഏർപ്പെടുത്തേണ്ടതിന്റെ ആവശ്യകതയെപ്പററി ഞങ്ങൾ ഇതിനുമുൻപ് പലപ്പോഴും പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. ഭാഷയിൽ കുട്ടികൾക്കുവേണ്ടിയുള്ള പുസ്തകങ്ങളുടെ അഭാവം 'ബാലൻ പ്രസിദ്ധീകരണങ്ങൾ' സാമാന്യമായി പരിഹരിച്ചുകൊണ്ടിരിക്കുന്ന വിവരവും ഈ പംക്തികൾമുഖേന എല്ലാവരും അറിഞ്ഞി...

രിക്കും ഞങ്ങളുടെ പ്രത്യേക നിർദ്ദേശമനുസരിച്ച് കഴിയുന്നത്ര എല്ലാലൈബ്രറികളിലും ബാലവിഭാഗങ്ങൾ പ്രയാസമെന്യേ തുടങ്ങുന്നതിലേയ്ക്കു വേണ്ടി ബാലൻ പ്രസിദ്ധീകരണങ്ങളുടെ ഉടമസ്ഥന്മാർ പ്രത്യേകമായ ഒരു അനുകൂല വ്യവസ്ഥയിൽ ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള 80 ബാലഗ്രന്ഥങ്ങളും ലൈബ്രറികൾക്കു നല്കാമെന്നു സമ്മതിച്ചിട്ടുണ്ട്.

കേവലം അഞ്ചുരൂപാ മാത്രം ആദ്യം അയച്ചുകൊടുക്കുമ്പോൾ 50 രൂപാ വിലയുള്ള 80 ഗ്രന്ഥങ്ങൾ ഒന്നിച്ച് ലൈബ്രറികൾക്കു കിട്ടുന്നതാണ്. ബാക്കി വില മാസംതോറും അഞ്ചുരൂപാവീതം കൊടുത്തു തീർത്താൽ മതിയാവും. ഞങ്ങളുടെ നിർദ്ദേശാനുസരണം ഏർപ്പെടുത്തീട്ടുള്ള ഈ ആനുകൂല്യം എല്ലാ ലൈബ്രറികളും വേണ്ടപോലെ വിനിയോഗിക്കുമെന്നു വിശ്വസിക്കുന്നു.

---


ഉത്തമ

# ബാലസാഹിത്യഗ്രന്ഥങ്ങൾ

കുട്ടികളുടെ വിദ്യാഭ്യാസപരമായ ആവശ്യങ്ങളെ പ്രത്യേകം പുരസ്കരിച്ച്, അവരുടെ പ്രായത്തിനും പ്രാപ്തിക്കും അനുയോജ്യമായ വിധം മനഃശാസ്ത്രനിയമങ്ങളെ സമാദരിച്ച് മനോഹരമായി തയാറാക്കീട്ടുള്ള ഈ ഗ്രന്ഥങ്ങൾ

**എല്ലാ ഗ്രന്ഥശാലകൾക്കും ഭൂഷണമായിരിക്കും.**

പ്രായഭേദമനുസരിച്ച് നാലു ഗ്രേഡുകളായി തിരിച്ചിട്ടുള്ള

**50** രൂപാ വിലയുള്ള **80** ഗ്രന്ഥങ്ങൾ ഇപ്പോൾ തയ്യാറുണ്ട്.

## ഗ്രന്ഥശാലകൾക്കു പ്രത്യേകസൗജന്യം

പ്രതിമാസം 5 രൂപാ വീതം 10 തവണകളിലായി തുക അടച്ചുതീർക്കാമെന്ന വ്യവസ്ഥയിൽ പുസ്തകങ്ങൾ ഉടനെ ലഭിക്കുന്നതാണ്.

പൂർണ്ണവിവരങ്ങൾക്കു നേരിട്ടെഴുതുക

ബാലൻ പ്രസിദ്ധീകരണങ്ങൾ

550, നന്തൻകോട്, തിരുവനന്തപുരം.

# ഓക്സ്ഫോർഡ് ഇംഗ്ലീഷ് നിഘണ്ടു

കെ. പരമേശ്വരമേനോൻ എം. ഏ. എൽ. ടി.

മാർച്ച്മാസം ആദ്യംകൂടിയ തിരുവിതാംകൂർ സർവകലാശാലാസെനററ് സമ്മേളനത്തിൽ മലയാള നിഘണ്ടു നിർമ്മാണം സംബന്ധിച്ചുള്ള ജോലി ഉടനടി തുടങ്ങുന്നതാണെന്നു വൈസ് ചാൻസലർ ശ്രീ. രാമസ്വാമി മുതലിയാർ പ്രസ്താവിച്ചതായി റിപ്പോർട്ടു ചെയ്തിരുന്നു. മലയാള ഭാഷയ്ക്കു് നിർമ്മിക്കേണ്ട നിഘണ്ടു, ഓക്സ്ഫോർഡ് ഇംഗ്ലീഷ് നിഘണ്ടുവിൻെറ മാതൃകയിൽ ആയിരിക്കണമെന്നാണു പണ്ഡിതമതം. ഈ ഇംഗ്ലീഷ്നിഘണ്ടു, തയ്യാറാക്കി പ്രസിദ്ധീകരിച്ചതിനെപ്പററി ഒരു ലഘുവിവരണമാണ് ഈ ലേഖനത്തിൽ അടങ്ങിയിരിക്കുന്നതു്.

### നിഘണ്ടുവിൻെറ ഒരു സംക്ഷിപ്തചരിത്രം.

1858 ജനുവരി 7–ാംനു- ഇംഗ്ലണ്ടിലെ ഫിലോളജിക്കൽ സൊസൈററി അതിൻെറ ആഭിമുഖ്യത്തിൽ ഒരു പുതിയ നിഘണ്ടു നിർമ്മിക്കണമെന്നു തീരുമാനിച്ചു. അതു സംബന്ധിച്ച ജോലികൾക്കായി രണ്ടു കമ്മററികളെ ഏർപ്പെടുത്തി. 1859–ൽ ഹെർബർട്ട് കോളറിഡ്ജ് എന്ന പണ്ഡിതനെ നിഘണ്ടുവിൻെറ പ്രസാധകനായി നിയമിച്ചു. 1860–മേ മാസത്തിൽ അദ്ദേഹം ഇപ്രകാരം എഴുതിയതായി കാണുന്നു. "നിഘണ്ടുപദ്ധതി ശരിയായി നടപ്പിൽ വന്നിട്ടുണ്ടു്. രണ്ടുവർഷംകൊണ്ടു നിഘണ്ടുവിൻെറ പ്രഥമഭാഗം പ്രസിദ്ധം ചെയ്യാൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു." നിഘണ്ടു നിർമ്മാതാക്കളിൽ പലക്കും പററിയിട്ടുള്ള അബദ്ധം അദ്ദേഹത്തിനും പററിയെന്നേയുള്ളു. നിഘണ്ടുവിൽ ഉൾപ്പെടുത്തേണ്ട വാക്കുകളെപ്പററിയുള്ള കുറിപ്പുകൾ സൂക്ഷിക്കുന്നതിനു ധാരാളം അറകൾ ഉള്ള അലമാരകൾ കോളറിഡ്ജ് തയ്യാറാക്കി. അവയിൽ ആകെ 60,000 കുറിപ്പുകൾക്കു മാത്രമേ സ്ഥലമുണ്ടായിരുന്നുള്ളു. നിഘണ്ടു പ്രസിദ്ധീകരിച്ചപ്പോൾ അപ്രധാനങ്ങളായ ചില അക്ഷരങ്ങൾ ഓരോന്നിനുപോലും 60,000 കുറിപ്പുകൾ വേണ്ടിവന്നാത്രേ!

1861–ൽ കോളറിഡ്ജ് മരിച്ചപ്പോൾ നിഘണ്ടു ജോലിനോക്കിയതു ഫർണ്ണിവൽ ആയിരുന്നു. തയാറാക്കിയിട്ടുള്ള പദശേഖരങ്ങൾ ഒട്ടും പോരെന്നു അദ്ദേഹത്തിനു ആദ്യമേതോന്നി. സഹപ്രസാധകന്മാരെ ഏർപ്പെടുത്തി ഈ കുറവു പരിഹരിക്കാൻ വേണ്ട ശ്രമങ്ങൾ അദ്ദേഹം തുടങ്ങി. കൂടാതെ 1864–ൽ പ്രാചീന ഇംഗ്ലീഷ് ഗ്രന്ഥസഭയും 1868–ൽ ചാസർസഭയും സ്ഥാപിച്ചു് സൊസൈററിയുടെ ശബ്ദശേഖരണ ജോലിയെ സഹായിക്കുകയും ചെയ്തു. പിന്നീടു കുറച്ചുകാലത്തേക്കുള്ള സൊസൈററി റിക്കാർഡുകളിൽ നിഘണ്ടുവിനെപ്പററി പ്രധാനമായി ഒന്നും കാണുന്നില്ല. 1876–ൽ ഡാക്ടർ ജെ. എ. എച്ച്. മറെ എന്ന പണ്ഡിതൻ സൊസൈററിയുടെ പദശേഖരങ്ങളിൽ സവിശേഷമായ ശ്രദ്ധ പതിപ്പിച്ചതായി കാണുന്നു. പിന്നീടു

അദ്ദേഹത്തെ നിഘണ്ടുവിന്റെ പ്രസാധകനായി നിയമിക്കുകയും ചെയ്തു. 1878-ൽ നിഘണ്ടു അച്ചടിക്കുന്നതിനെപ്പററി ഫിലോളജിക്കൽ സൊസൈററിയും ക്ലാറണ്ടൻപ്രസ്സ് (ഇതു ഓക്സ്ഫോർഡ് സർവ്വകലാശാലയുടെ പ്രസ്സ് ആണു്) കാരും തമ്മിൽ ഒരു ഉടമ്പടി ചെയ്തു. സൊസൈററി ശേഖരിച്ചതും പിന്നീടു ശേഖരിക്കുന്നതും ആയ സാമഗ്രികളെല്ലാം നിഘണ്ടു രൂപീകരണത്തിനായി പ്രസ്സിലേക്കു കൊടുക്കണമെന്നും പ്രസാധനച്ചെലവുകളും അച്ചടിച്ചെലവുകളും പ്രസ്സുകാർ ചെയ്യണമെന്നും നിഘണ്ടുവിന്റെ പേരു് ഓക്സ്ഫോർഡ് ഇംഗ്ലീഷ് നിഘണ്ടു എന്നായിരിക്കണമെന്നും ആയിരുന്നു ഉടമ്പടിയിലെ പ്രധാന വ്യവസ്ഥകൾ. നിഘണ്ടുവിന്റെ ഇപ്പോഴത്തെ വലിപ്പത്തിൽ പകുതി മതിയാകുമെന്നായിരുന്നു ഈ ഉടമ്പടിക്കാലത്തു കണക്കാക്കിയിരുന്നതു്. പ്രസാധകത്വം ഡാ: മറെയിൽ നിക്ഷേപിച്ചതിനുശേഷവും ഡാക്ടർ ഫർണ്ണിവൽ നിഘണ്ടുവിനുവേണ്ട ശബ്ദശേഖരണജോലിയിൽത്തന്നെ ഏർപ്പെട്ടിരുന്നു. 1910-ലാണു അദ്ദേഹം മരിച്ചതു്. അക്കാലംകൊണ്ടു നിഘണ്ടുവിനുണ്ടായ പുരോഗതിയിൽ അദ്ദേഹം ചാരിതാർത്ഥ്യം പൂണ്ടിരിക്കണം.

മറെയുടെ നിരന്തരശ്രമങ്ങളുടേയും പല സ്ഥലങ്ങളിലുമുള്ള പണ്ഡിതന്മാരുടെ സഹായങ്ങളുടേയും ഫലമായി നിഘണ്ടുവിന്റെ ഒന്നാമത്തെ ഭാഗം 1884-ൽ പ്രസിദ്ധം ചെയ്തു. ഒരു സ്കൂൾ അദ്ധ്യാപകനായിരുന്ന മറെ നിഘണ്ടുജോലിയുടെ സൗകര്യത്തിനായി 1885-ൽ ഓക്സ്ഫോർഡിലേക്കു മാറി. ശേഷിച്ച ആയുഷ്ക്കാലം മുഴുവൻ മറെ നിഘണ്ടു ജോലിക്കുവേണ്ടി വിനിയോഗിച്ചു. എന്നാൽ വിദഗ്ദ്ധനായ ഈ പ്രസാധകന്റെ അക്ഷീണശ്രമങ്ങൾകൊണ്ടുപോലും തൃപ്തികരമായ പുരോഗതി ഉണ്ടായില്ല. അതിനാൽ കൂടുതൽ പ്രസാധകന്മാരെ നിയമിക്കേണ്ടിവന്നു. ബ്രാഡ്ലി, ക്രെയ്ഗി, അണിയൻസ് എന്നിവരായിരുന്നു പുതിയ പ്രസാധകന്മാർ. വാർദ്ധക്യത്തിൽ മറെയുടെ ആഗ്രഹം, തന്റെ എൺപതാമത്തെ ജന്മനാളിൽ, അതായതു 1917-ൽ നിഘണ്ടു പൂർത്തിയാക്കി കാണണമെന്നായിരുന്നു. പക്ഷെ 1915-ൽ അദ്ദേഹം നിര്യാതനായി. എങ്കിലും, അതിനുമുമ്പായി സ്വന്തം പ്രസാധകത്വത്തിൽതന്നെ നിഘണ്ടുവിന്റെ പകുതിഭാഗം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞു. എന്നു മാത്രമല്ല, ബാക്കി ജോലി പ്രഗത്ഭഹസ്തങ്ങളിൽ തന്നെയാണു്, നിക്ഷിപ്തമായിട്ടുള്ളതെന്ന സന്തോഷത്തോടും സമാധാനത്തോടുംകൂടിയാണദ്ദേഹം മരിച്ചതു്.

മേൽപ്പറഞ്ഞ പണ്ഡിതന്മാരുടെ മേൽനോട്ടത്തിൽ നിഘണ്ടുവിന്റെ പ്രസിദ്ധീകരണം 1928-ൽ പൂർത്തിയാക്കി. അതായതു, പ്രസിദ്ധീകരണം തുടങ്ങി 44 വർഷങ്ങൾ കഴിഞ്ഞിട്ടാണു അവസാനഭാഗം പുറത്തുവന്നതു്. ശേഷിയുള്ള ആറു സഹപ്രവർത്തകന്മാർ ഉണ്ടെങ്കിൽ വർഷംതോറും രണ്ടുഭാഗംവീതം, പതിനൊന്നുവർഷംകൊണ്ടു നിഘണ്ടു പൂർത്തിയാക്കാമെന്നു 1884-ൽ മറെ പ്രസ്താവിച്ചതു് ഈ സന്ദർഭത്തിൽ സ്മരണീയമാണു്. വിദഗ്ദ്ധന്മാരായ നിഘണ്ടു നിർമ്മാതാക്കൾക്കുപോലും അവരുടെ ജോലിയുടെ ഗൗരവത്തെപ്പററി തെററിദ്ധാരണകൾ ഉണ്ടായിരുന്നതായിട്ടാണു് കാണുന്നതു്.

നിഘണ്ടുവിന്റെ പ്രസിദ്ധീകരണം ക്ലാറണ്ടൻ പ്രസ്സിനെ ഏല്പിച്ചതിനുശേഷവും ഫിലോളജിക്കൽ സൊസൈററി

നിഘണ്ടുനിർമ്മാണത്തിൽ മുന്നിട്ടുനിന്നു പ്രവർത്തിച്ചുകൊണ്ടിരുന്നു. സൊസൈററി യുടെ അഭ്യർത്ഥന സ്വീകരിച്ച മെമ്പർമാരും സൊസൈററിയുടെ സ്നേഹിതന്മാരും ആയി അനവധി പ്രശസ്ത പണ്ഡിതന്മാർ അവരുടെ നിസ്വാർത്ഥസേവനങ്ങൾ നിഘണ്ടുവിനുവേണ്ട പദശേഖരണത്തിനു നൽകി. (ഇവരെപ്പററി കൂടുതലായി അടുത്തുതന്നെ പ്രസ്താവിക്കുന്നതാണ്.) —സൊസൈററിയുടെ 'നിഘണ്ടുയോഗങ്ങ ളിൽ' ആണ്ടുതോറും നിഘണ്ടുപ്രസാധക ന്മാർ അവരുടെ ജോലിയുടെ പുരോഗ തിയെപ്പററി റിപ്പോർട്ടുകൾ കൊടുത്തി രുന്നു. ചുരുക്കിപ്പറഞ്ഞാൽ നിഘണ്ടുനിർ മ്മാണം തുടങ്ങിയ ഫിലോളജിക്കൽ സൊസൈററിക്കു ആ ജോലി പൂർത്തിയാക്കു ന്നതിൽ ഗണ്യവും അഭിമാനജനകവും ആയ ഒരു പങ്കുണ്ടായിരുന്നു. ക്ലാറണ്ടൻ പ്രസ്സ് അധികൃതന്മാർ കൃതജ്ഞതയോടെ മാത്രമെ അതിനെപ്പററി പ്രസ്താവിച്ചി ട്ടുള്ളു.

## പണ്ഡിതന്മാരുടെ നിസ്വാർത്ഥ സേവനങ്ങൾ

സൊസൈററിയുടെ അഭ്യർത്ഥനപ്രകാരം നിഘണ്ടു നിർമ്മാണത്തിൽ നിസ്വാർത്ഥ സേവനം അനുഷ്ഠിച്ച പണ്ഡിതന്മാരുടെ കാര്യം പ്രത്യേകം പ്രസ്താവ്യമാണ്. ഇംഗ്ല ണ്ടിൽനിന്നുമാത്രമല്ല മററു യൂറോപ്യൻ രാജ്യങ്ങളിലും അമേരിക്കയിലും നിന്നും പ്രശസ്തപണ്ഡിതന്മാർ അവരുടെ സേവന ങ്ങൾ നിഘണ്ടുനിർമ്മാണത്തിനു അർപ്പിച്ചി രുന്നു. ഇവരിൽ പലരും അവരവരുടെ പ്രത്യേകവിഷയങ്ങളിൽ അന്യാദൃശമായ വൈദുഷ്യം സമ്പാദിച്ചിരുന്നവരും ചുമത ലയേറിയ ജോലികൾ വഹിച്ചിരുന്നവരും ആയിരുന്നു എന്നും സ്മരണീയമാണ്.

നിഘണ്ടുനിർമ്മാണത്തിന്റെ ജോലി വിഭാഗങ്ങൾ, പദങ്ങളുടേയും ഉദ്ധരണിക ളുടേയും ശേഖരണം, പ്രസാധകജോലി, പ്രൂഫ്തിരുത്തൽ എന്നിവ ആണല്ലോ. ഇവ ഓരോന്നിലും സ്വാർത്ഥരഹിതന്മാരുടെ വിദ്വത്സേവനങ്ങൾ ലഭ്യമായതുകൊണ്ടു നിഘണ്ടു ജോലിക്കു ശമ്പളംകൊടുത്തു നിയ മിച്ചിരുന്നവരുടെ എണ്ണം ഏററവും പരിമി തമായിരുന്നു. ജോലിക്കൂടുതൽ ഉണ്ടായി രുന്നപ്പോഴും പ്രസാധകന്മാരും അസി സ്റ്റന്റന്മാരും ആയി അൻപതോളം ആളു കളേ ഉണ്ടായിരുന്നുള്ളു.

ജോലിതുടങ്ങുന്നതിനുമുമ്പായി നിഘണ്ടു ക്കളിൽ ഇല്ലാത്ത പദങ്ങളുടെ ശേഖരണ ത്തിനായി 26 പേർ അവരുടെ സഹായസേ വനങ്ങൾ സൊസൈററിയ്ക്കു വാഗ്ദാനം ചെയ്തതായി കാണുന്നു. എന്നാൽ ജോലി തുടങ്ങിയതോടുകൂടി സഹായസംഘത്തിലെ അംഗങ്ങളുടെ എണ്ണം വർദ്ധിച്ചു (നമ്മുടെ രാജ്യത്തു ഇത്തരം ശ്രമങ്ങളിൽ അനുഭവ പ്പെടാവുള്ളതിൽ നിന്നും ഇതു വളരെ വ്യത്യ സ്തമായിരിക്കുന്നു എന്നു സസന്തോഷം ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു.) 1880-ൽ 750—ം, 1881-ൽ 800—ം പണ്ഡിതന്മാർ പ്രസാധകന്മാരെ സഹായി ച്ചിരുന്നു. ഇവരെല്ലാം ഗണ്യമായ തോതിൽ ജോലിചെയ്തിരുന്നവരാണ്. ഇവരെ കൂടാതെ അപൂർവ പദങ്ങളുടേയും സാങ്കേ തിക ശബ്ദങ്ങളുടേയും കാര്യത്തിൽ സഹാ യിച്ചിരുന്ന വിദ്വാന്മാർ അനവധി ഉണ്ടാ യിരുന്നു. സഹായസംഘത്തിൽ അധികം പേരും പദങ്ങളുടെ അർത്ഥങ്ങളും അവയുടെ ഉപയോഗങ്ങളും വ്യക്തമാക്കുന്ന ഉദ്ധരണി കൾ ശേഖരിക്കുന്ന ജോലിയിലാണു ഏർ പ്പെട്ടിരുന്നതു്. പദങ്ങളും ഉദ്ധരണികളും പകർത്തി ചെറിയകുറിപ്പുകളാക്കി ഇവർ അയച്ചുകൊടുത്തിരുന്നു. സഹായ സംഘ

ത്തിൻെറ പ്രസാധക ജോലി ചെയ്യുന്നതിനു ശേഷിയുണ്ടായിരുന്ന ചിലർ ഈ കുറിപ്പുകളെ പരിശോധിച്ച്, തെററുതിരുത്തി, നിഘണ്ടു പ്രസാധകന്മാരുടെ ആവശ്യാനുസരണം തയ്യാറാക്കിക്കൊടുത്തു. മററു ചിലർ നിഘണ്ടുവിൻെറ പ്രൂഫുകൾ പരിശോധിച്ചു കൊടുത്തിരുന്നു. നിശ്ശേഷം സ്വാർത്ഥരഹിതമായി ജോലിചെയ്തിരുന്ന ഇവരിൽ മിക്കവരും അവരുടെ ജോലി അത്യുത്സാഹത്തോടും നിഘണ്ടുനിർമ്മാണത്തിനു വേണ്ട നിഷ്കർഷയോടും കൂടിയാണു ചെയ്തിരുന്നതു്. ഈ സഹായസംഘത്തിൻെറ സേവനങ്ങൾ പ്രസാധക സംഘത്തിൻെറ ജോലിയോടൊപ്പം തന്നെ പ്രാധാന്യമുള്ളതായിരുന്നു വെന്നു അതിൻെറ ഭാരവാഹികൾ കൃതജ്ഞതാപൂർവ്വം പ്രസ്താവിച്ചിട്ടുണ്ടു്.

## നിഘണ്ടുനിർമ്മാണരീതി

മേൽപ്പറഞ്ഞ കുറിപ്പുകൾ ഘനം കുറഞ്ഞ കടലാസ്സിൽ $6\frac{5}{8} \times 4\frac{1}{4}$ ഇഞ്ചു വലിപ്പത്തിലാണ് തയ്യാറാക്കിയിരിക്കുന്നതു്. സഹായസംഘത്തിൽ പ്രസാധക ജോലി ചെയ്തിരുന്നവർ പദങ്ങളുടെ വിവിധ അർത്ഥങ്ങൾ അനുസരിച്ചു കുറിപ്പുകളെ ക്രമപ്പെടുത്തിവച്ചിരുന്നു.

പ്രസാധകന്മാരുടെ പരിശോധനയ്ക്കു് അസിസ്റ്റൻറന്മാർ (ഓരോപ്രസാധകനും 4 മുതൽ 7 വരെ അസിസ്റ്റൻറന്മാർ ഉണ്ടായിരുന്നു) കുറിപ്പുകളെശരിപ്പെടുത്തിയിരുന്നതു താഴെപ്പറയുന്നരീതിയിലായിരുന്നു.

ഓരോപദത്തേയും സംബന്ധിച്ചുള്ള ഉദാഹരണികൾ കാലാനുക്രമണരീതിയിൽ തന്നെയാണോ വച്ചിരിക്കുന്നതെന്നു പരിശോധിച്ചു, പദത്തിൻെറ രൂപഭേദങ്ങളേയും അർത്ഥവ്യത്യാസങ്ങളേയുംപററി നോട്ടുകൾ കുറിക്കുന്നു.

പല പദങ്ങൾക്കും നൂറുകണക്കിനു ഉദാഹരണികൾ ഉണ്ടായിരുന്നുവെന്നു പ്രത്യേകം പ്രസ്താവ്യമാണു്. അർത്ഥവിവേചനമാണു അടുത്തജോലി. ശേഖരിച്ചിട്ടുള്ള ഉദാഹരണികളും നിലവിലുള്ള നിഘണ്ടുക്കളും സഹായംനൽകിയിരുന്നെങ്കിലും, ഇതിനു പ്രാചീനസാഹിത്യഗ്രന്ഥങ്ങളിലെ ശബ്ദസമുച്ചയങ്ങളും മററനവധിഗ്രന്ഥങ്ങളും ശ്രദ്ധയോടെ പരിശോധിക്കേണ്ടിയിരുന്നു. അടുത്തതായി ശേഖരിച്ചിട്ടുള്ള ഉദാഹരണികളുടെ പരിശോധനയാണു്. പഴയപദങ്ങൾക്കു്, ഓരോശതാബ്ദത്തിനും ഓരോഉദാഹരണിയെങ്കിലും വേണമെന്നാണു നിശ്ചയിച്ചിരുന്നതു്. ഉദാഹരണികൾ ചിലപ്പോൾ അർത്ഥം മനസ്സിലാകുന്നതിനു മതിയാകാത്തവിധം അപൂർണ്ണങ്ങളായിരുന്നു; ആ സന്ദർഭങ്ങളിൽ മൂലഗ്രന്ഥങ്ങൾ നോക്കി അവയെ പൂർണ്ണമാക്കേണ്ടിയിരുന്നു. പലപ്പോഴും നിഘണ്ടുവിൻെറ വലിപ്പം ക്രമാതീതമായി വർദ്ധിക്കാതിരിക്കുന്നതിനായി ഉദാഹരണികളെ ചുരുക്കേണ്ടിവന്നിരുന്നു.

ഇപ്രകാരം തയ്യാറാക്കിയ കുറിപ്പുകളാണു പ്രസാധകന്മാരുടെ പരിശോധനക്കു് അയച്ചിരുന്നതു്. അസിസ്റ്റൻറന്മാർ സ്വീകരിച്ചതും അല്ലാത്തതും ആയ എല്ലാ ഉദാഹരണികളും പരിശോധിക്കേണ്ട ചുമതല ഇവർക്കുണ്ടായിരുന്നു. പദങ്ങളുടെ ചരിത്രത്തിൽ പ്രാധാന്യമുള്ള ഒരു വിവരവും വിട്ടുപോകാതിരിക്കാനാണു, ഇങ്ങനെ നിബന്ധനചെയ്തിരുന്നതു്. വ്യാഖ്യാനങ്ങൾ പരിശോധിച്ചു ആവശ്യമുള്ളപ്പോൾ മാററി എഴുതേണ്ട ഭാരവും ഇവർക്കുണ്ടായിരുന്നു. പദങ്ങളുടെ വ്യുത്പത്തിയും പരിണാമവും ആയിരുന്നു പ്രസാധകന്മാരുടെ സമയവും

ശ്രമവും അധികം എടുത്തതു്. പിന്നീട്, ഉദ്ധരണികളെ പുനഃപരിശോധനചെയ്തു ത്യജിക്കാവുന്നവയെല്ലാം ത്യജിക്കുന്നു. അടുത്തതായി, സ്വീകരിക്കപ്പെടുന്ന ഉദ്ധരണികളെ, ആവശ്യമുള്ളപ്പോഴെല്ലാം, മൂലഗ്രന്ഥങ്ങളോടൊത്തുനോക്കി അംഗീകരിക്കുന്നു. അവസാനമായി, കുറിപ്പുകൾ പേജ്നമ്പരിട്ടു പ്രസ്സിലേയ്ക്കയക്കുന്നു.

## നിഘണ്ടുവിൻെറ വലിപ്പം

നിഘണ്ടുവിൻെറ 16000 പേജുകളിലായി നാലേകാൽ ലക്ഷം പദങ്ങളും 18 ലക്ഷം ഉദ്ധരണികളും ഉണ്ടു്. (60 ലക്ഷം ഉദ്ധരണികൾ ശേഖരിക്കപ്പെട്ടിട്ടുള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു) ഏററവും പഴയപദങ്ങളുടെ പരിണാമചരിത്രം പന്ത്രണ്ടു ശതാബ്ദങ്ങളോളം ഗവേഷണം ചെയ്തിട്ടുണ്ടു്.

## ഇതിൻെറ മാഹാത്മ്യം

ഇത്രവിപുലമായ നിഘണ്ടു അക്കാലംവരെ ഒരുഭാഷയിലും നിർമ്മിച്ചിട്ടില്ലായിരുന്നു. പ്രചാരത്തിലിരുന്ന പദങ്ങൾ മാത്രമല്ല, പ്രാചീനസാഹിത്യഗ്രന്ഥങ്ങളിൽ കണ്ടിരുന്ന പദങ്ങളും സാങ്കേതിക ശബ്ദങ്ങളും അതിൽ ഉൾപ്പെടുത്തിയിരുന്നു.

രണ്ടാമതായി, ഓക്സ്ഫോർഡ് ഇംഗ്ലീഷുനിഘണ്ടുവാണ്, ഇദംപ്രഥമമായി, നിഘണ്ടുനിർമ്മാണത്തിൽ ചരിത്രപരമായ രീതി സ്വീകരിച്ചതു്. പദങ്ങളുടെ പരിണാമചരിത്രത്തിനു് — രൂപത്തിലും അർത്ഥത്തിലും ഉള്ള മാററങ്ങൾക്കു് — അതിപ്രാധാന്യം കല്പിച്ചു. ഈ രീതി ഇപ്പോൾ എല്ലായിടത്തും അംഗീകൃതമായിട്ടുണ്ടെങ്കിലും ആദ്യം നടപ്പിൽ വരുത്തിയതു ഈ നിഘണ്ടുവിലായിരുന്നു.

നിഘണ്ടുനിർമ്മാണത്തിൽ ഏർപ്പെട്ടിരുന്ന പണ്ഡിതന്മാരുടെ വൈദുഷ്യം കൊണ്ടും അവരവരുടെ ജോലികളിൽ അവർ കാണിച്ച നിഷ്ക്കർഷകൊണ്ടും ഓക്സ്ഫോർഡ് ഇംഗ്ലീഷ് നിഘണ്ടുവിൻെറ പ്രാമാണികത സുസ്ഥിരമായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുണ്ടു്. ലോകത്തിൽ ഇംഗ്ലീഷുഭാഷ ഉപയോഗിക്കുന്ന സ്ഥലങ്ങളിലെല്ലാം, നിയമസഭകളിൽമാത്രമല്ല, നീതിന്യായകോടതികളിൽപോലും ഈ നിഘണ്ടുവിൻെറ പ്രാമാണികതയെ ആദരിക്കയും സ്വീകരിക്കയും ചെയ്തുപോരുന്നു.

# ആർക്കൈവ്സും ചരിത്രരേഖകളും

കൈനിക്കര മാധവൻപിള്ള

ഗവർമ്മെൻറു റിക്കാർഡുകൾക്കും അവയുടെ സങ്കേതസ്ഥാപനങ്ങൾക്കും ആംഗലഭാഷയിൽ സ്വീകരിച്ചിട്ടുള്ള ഒരു സാങ്കേതികസംജ്ഞയാണു് ആർക്കൈവ്സ് എന്നു പറയുന്നതു്. ആർക്കൈവ്സിൻെറ സാങ്കേതികലക്ഷണങ്ങൾ പരിഗണിക്കുമ്പോൾ അവയ്ക്കു് ഒരു ഗവർമ്മെൻറും അതിൻെറ ഭരണവുമായി അനിഷേധ്യമായ ബന്ധമുണ്ടെന്നും, സ്വഭാവവിശേഷങ്ങൾ വിശകലനം ചെയ്യുമ്പോൾ അവയ്ക്കു ചരിത്രസംബന്ധമായ പ്രാധാന്യമുണ്ടെന്നും വെളിപ്പെടുന്നു. ഇതിൽ ചരിത്രസംബന്ധമായുള്ള പ്രാധാന്യം പരിഗണിച്ചാണു് ആർക്കൈവ്സ് ചരിത്രരേഖകളാണെന്നു തീരുമാനിച്ചിട്ടുള്ളതു്. എന്നാൽ ആർക്കൈവ്സ് ചരിത്രരേഖകളാണെന്നു വിധിച്ചാൽതന്നെയും ചരിത്രരേഖകൾ ആർക്കൈവ്സാണെന്നു സങ്കല്പിക്കുന്നതിൽ പല സാങ്കേതിക തടസ്സങ്ങളുമുണ്ടു്. ആർക്കൈവ്സിൻെറ സാങ്കേതിക ലക്ഷണങ്ങൾ പലതുള്ളതിൽ ഒന്നു മാത്രമേ ചരിത്രരേഖകളിൽ പ്രകാശിക്കുന്നുള്ളു. അതുകൊണ്ടു ചരിത്രരേഖകൾ ആർക്കൈവ്സാണെന്നു സങ്കല്പിക്കുന്നതു് ആർക്കൈവ്സിൻെറ മററുള്ള ലക്ഷണങ്ങളെല്ലാം വിസ്മരിക്കുകയാണു്.

സ്വഭാവംകൊണ്ടും സ്വരൂപംകൊണ്ടും മാത്രമല്ല, അർത്ഥത്തിലും വ്യവഹാരത്തിലും ആർക്കൈവ്സ് ഒരു ഗവർമ്മെൻറിൻെറ ഭരണസംബന്ധമായ റിക്കാർഡുകളാണെന്നുള്ളതിൽ പക്ഷാന്തരമില്ല. ഭരണവും ഭരണാധികാരിയും ഒരു ഗവർമ്മെൻറുമായി ബന്ധിച്ചു മാത്രമാണു് ആർക്കൈവ്സ് എന്ന സംജ്ഞയ്ക്കു് അടിസ്ഥാനം ഇട്ടിട്ടുള്ളതു്. എന്നാൽ സംസ്കാരത്തിൻെറയും പരിഷ്കാരത്തിൻെറയും സാഹചര്യത്തിൽ വളർന്നുവന്ന സ്വതന്ത്രസംഘടനകളും സാമുദായിക സ്ഥാപനങ്ങളും സ്വായത്രബുദ്ധികളായ വിശിഷ്ടവ്യക്തികളുടെ നേതൃത്വത്തിൽ പ്രസ്തുത സംഘടനകളുടെയും സ്ഥാപനങ്ങളുടെയും ഭരണകേന്ദ്രങ്ങളിൽ വളർന്നുകൂടുന്ന റിക്കാർഡുകൾക്കും ഗവർമ്മെൻറിനെ അനുകരിച്ചും സ്വതന്ത്രമായി ആർക്കൈവ്സ് എന്നു പറഞ്ഞുവരുന്നുണ്ടു്. അവയും ഭരണസംബന്ധമായുള്ള റിക്കാർഡുകളാണെന്നായിരിക്കും അവരുടെ പക്ഷം. എങ്കിലും സാങ്കേതികരീത്യാ ഇതു് വിവാദവിഷയമാണു്.

ഒരു രാജ്യത്തിൻെറ ഭരണവും ചരിത്രവുമായുള്ള ബന്ധമാണു് അവിടത്തെ ഭരണസംബന്ധമായുള്ള റിക്കാർഡുകളിലും ചരിത്രരേഖകളിലും സമാനമായി കാണുന്ന സാദൃശ്യം. ചരിത്രം ഭരണവുമായി ബന്ധിക്കുന്നതു ഭരണചരിത്രം രേഖപ്പെടുത്തുമ്പോൾ മാത്രമാണു്. ഭരണചരിത്രം രചിക്കുന്നതു ചരിത്രകാരന്മാർ വേണമെന്നു വിധിക്കുന്നതു ശരിതന്നെ. എന്നാൽ ഭരണസംബന്ധമായുള്ള റിക്കാർഡുകളുടെ ഭരണാധികാരികളും ചരിത്രകാരന്മാരായിരിക്കണമെന്നു തീരുമാനിക്കുന്ന

തിൽ സാംഗത്യമില്ലെന്നു തോന്നുന്നു. അതു ഭരണ ചരിത്രം രചിക്കുന്നതു ഭരണാധികാരികൾ വേണമെന്നു തീരുമാനിക്കുന്നതു പോലെയാണു്.

ഒരു ഗവർമ്മെൻറിൻെറ ഭരണസംബന്ധമായുള്ള റിക്കാർഡുകൾക്കു് അഥവാ ആർക്കൈവ്സിനു് ചരിത്രകാരന്മാരുമായി വേഴ്ചയുണ്ടാകുന്നതും ഉണ്ടാകേണ്ടതും അവ ഭരണസംബന്ധമായി ഉപയോഗശൂന്യമാകുന്ന അന്ത്യഘട്ടത്തിൽ മാത്രമാണു്. അമേരിക്കൻ ഐക്യനാട്ടിലെ തൃതീയ ആർക്കൈവ്സ് റിപ്പോർട്ടിൽ ഇതു വിശദമാക്കിയിട്ടുണ്ടു്. അതിൽ പ്രതിപാദിക്കുന്നതു് ആർക്കൈവ്സിനു് ഏററവും കൂടുതൽ പ്രാധാന്യമുള്ളതു ഭരണസംബന്ധമായിട്ടാണെന്നും, എന്നാൽ ഉപയോഗശൂന്യമെന്നു തോന്നുന്നവ നശിപ്പിക്കുമ്പോൾ അവയ്ക്കു ചരിത്രസംബന്ധമായ വല്ല പ്രാധാന്യവും ഉണ്ടോ എന്നു കാര്യമായി ചിന്തിക്കണമെന്നുമാണു്. അതുകൊണ്ടു ആർക്കൈവ്സിൻെറ ചരിത്രസംബന്ധമായുള്ള പ്രാധാന്യം കണ്ടുപിടിക്കുന്നതിനോ അവ ചരിത്ര രചനയ്ക്കു വേണ്ടതു പ്രയോജനപ്പെടുത്തുന്നതിനോ ചരിത്രകാരന്മാരുടെ സേവനം ആവശ്യമാണെന്നു തീരുമാനിക്കാം.

ഇനിയും ആർക്കൈവ്സിൻെറയും ചരിത്രരേഖകളുടെയും സ്വഭാവഭേദങ്ങൾ വെളിപ്പെടുത്തുന്ന സാങ്കേതികതത്വങ്ങൾ എന്താണെന്നു ചിന്തിക്കാം. ഒരു ഗവർമ്മെൻറു് ഒരു ദേശീയ ജനവിഭാഗത്തിൻെറ ഭരണകൂടമാണെങ്കിൽ അതിനു തദ്ദേശജനങ്ങളിൽ ഓരോരുത്തരുടെയും സ്വകാര്യജീവിതവുമായി എങ്ങിനെ ബന്ധമുണ്ടായിരിക്കുമോ അതുപോലെയാണു് ആർക്കൈവ്സിനു സ്വകാര്യമായി ചരിത്രരേഖകളുമായി ബന്ധമുണ്ടായിരിക്കുന്നതു്. അതുകൊണ്ടു് ഒരു ജനകീയ ഗവർമ്മെൻറു് ഓരോ ജനത്തിൻെറയുമാണെന്നു സങ്കല്പിക്കുന്നതുപോലെ വേണമെങ്കിൽ ചരിത്രരേഖകളും ആർക്കൈവ്സാണെന്നു പറയാം. ഒരു ഗവർമ്മെൻറിൻെറ സ്വരൂപം, സ്വഭാവം, പ്രവർത്തനം എന്നിവയെല്ലാം അവിടത്തെ ആർക്കൈവ്സിൽ പ്രകാശിക്കുക സാധാരണമാണു്. അതു ചരിത്രരേഖകളിൽ പ്രതിഫലിക്കുമ്പോൾ മാത്രമാണു് അവയ്ക്കു തമ്മിൽ ബന്ധമുണ്ടെന്നു പറയാവുന്നതു്.

ആർക്കൈവ്സ് എത്രയും സുസംഘടിതവും കേന്ദ്രീകൃതവും സൂക്ഷ്മവുമാണെന്നുള്ള വിശേഷതത്വങ്ങൾ വിസ്മരിക്കാവുന്നതല്ല. ചരിത്രരേഖകളാകട്ടെ അന്യത്ര കണ്ടെത്തുന്നതും അന്യോന്യ ബന്ധമില്ലാത്തതും അതേകാരണംകൊണ്ടുതന്നെ പലപ്പോഴും അവ്യവസ്ഥിതവുമാണെന്നുള്ളതും ഒരു യാഥാർത്ഥ്യം മാത്രമാണു്.

ആർക്കൈവ്സിനു സാങ്കേതിക സ്വഭാവങ്ങൾകൊണ്ടു പ്രത്യേകത കല്പിക്കാവുന്നതും അവയെ ഗവർമ്മെൻറിൻെറ ഭരണപരിപാടി അനുസരിച്ചു വിഭജിക്കാവുന്നതുകൊണ്ടു നിയമേന വർഗ്ഗവിശകലനം ചെയ്യാവുന്നതുമാണു്. ചരിത്രരേഖകളുടെ അവസ്ഥ ഇതിനു വിപരീതമാണു്.

ഒരു പക്ഷേ ഒരു വ്യവസായകേന്ദ്രമോ ഒരു സമുദായ സംഘടനയോ ഉല്പാദിപ്പിച്ചും സമാഹരിച്ചും സംരക്ഷിച്ചുപോരുന്ന സ്വകാര്യ റിക്കാർഡുകൾ അവയുടെ ചരിത്രരേഖകളാകുകയോ അടിയന്തിര വ്യവസ്ഥകൾകൊണ്ടോ അല്ലെങ്കിൽ തദ്ദേശ ഗവർമ്മെൻറിൻെറ പ്രവർത്തനത്തിലോ പ്രകൃതത്തിലോ ജനകീയ ലക്ഷ്യമായുണ്ടാകുന്ന വിപ്ലവകരമായ വ്യതിയാ

നങ്ങൾകൊണ്ടോ ഗവർമ്മെൻറു റിക്കാർഡുകളായി മാറി ആക്കൈവ്സ് ആകുകയോ ചെയ്യക്കാം. എങ്കിലും വ്യാവസായികമോ സാമുദായികമോ ആയ സ്വഭാവഭേദങ്ങൾ ആ വക റിക്കാർഡുകളിൽ ശ്രദ്ധമൂലമായി നിലനില്ക്കുമെന്നുള്ളതിൽ സംശയമില്ല. അതുപോലെതന്നെ സ്വതന്ത്ര വ്യക്തികൾ ഉല്പാദിപ്പിക്കുകയോ സമാഹരിക്കുകയോ ചെയ്യുന്ന ചരിത്രരേഖകൾ അവരുടെ പ്രകൃതംപോലെ പലപ്പോഴും അനാശ്രിതവും അവ്യവസ്ഥിതവും ആയിരിക്കുമെന്നുള്ളതും സ്മരണീയമാണ്.

ചരിത്രസംബന്ധമായി നോക്കിയാലും ആക്കൈവ്സ് ചരിത്രരേഖകളേക്കാൾ ശ്രേഷ്ഠവും അടിസ്ഥാനപരവും വിശ്വാസയോഗ്യവുമാണ്. ഒരു ചരിത്രകാരന് ആക്കൈവ്സും ചരിത്രരേഖകളും കൊണ്ടുള്ള പ്രയോജനം, ആക്കൈവ്സിൽ കണ്ടെത്തുന്ന ചരിത്രയാഥാർത്ഥ്യങ്ങൾക്കു പൂർണ്ണതയും ആകർഷണീയതയും സൃഷ്ടിക്കാൻ ചരിത്രരേഖകൾ ഉപയോഗപ്പെടുത്താമെന്നുള്ളതാണ്. അതുപോലെതന്നെ ചരിത്രരേഖകളുടെ സ്വഭാവശുദ്ധി വരുത്തുവാൻ ഉപയോഗയോഗ്യമായ ഉത്തമോപകരണം ആക്കൈവ്സുമാണ്.

മറെറാരു പ്രത്യേകത ആക്കൈവ്സിൻെറ ചരിത്രസംബന്ധമായ പ്രാധാന്യം പരിഗണിക്കുവാൻ പ്രയാസമില്ലെന്നുള്ളതാണ്. ചരിത്രരേഖകളുടെ കാര്യത്തിൽ തീരുമാനം കല്പിക്കുന്നതിനു സ്വീകരിക്കേണ്ട മാനദണ്ഡം എന്താണെന്നുള്ളതിൽ സംശയം നേരിടുന്നു. ആക്കൈവ്സിൻെറ ചരിത്രസംബന്ധമായുള്ള പ്രാധാന്യം അവയുടെ വർഗ്ഗീകരണക്രമീകരണത്തിനു വിധിച്ചിട്ടുള്ള പൂർവ്വബന്ധവൈശിഷ്ട്യതത്വങ്ങളിൽനിന്നു വെളിപ്പെടുന്നതാണ്. ചരിത്രരേഖകൾക്ക് ഈ വിശേഷഗുണം നിയമേന ഉണ്ടായിരിക്കുകയില്ല.

ആക്കൈവ്സ് ഒരു ആഫീസിൽ അവിടത്തെ പ്രവർത്തനത്തിന് അനുസരണമായി സ്വയമേവ വളർന്നുകൂടുന്ന റിക്കാർഡുകളാണെന്നും ചരിത്രരേഖകൾ പല സ്ഥലങ്ങളിൽനിന്നു പലരീതിയിൽ ശേഖരിക്കുന്നവയാണെന്നുമുള്ള പ്രത്യേകത സ്പഷ്ടവുമാണ്.

എന്നാൽ ഒരു ആക്കൈവ്സ് സ്ഥാപനത്തിൽ റിക്കർഡുകൾ സ്വയമേവ വളർന്നുകൂടുകയല്ലല്ലോ, നിയമേന സമാഹരിക്കുകയല്ലേ എന്നു സംശയമുണ്ടാകാം. വാസ്തവത്തിൽ അതു ഗവമ്മെൻറ് ആഫീസുകളിൽ സ്വയമേവ വളർന്നുകൂടുന്ന റിക്കാർഡുകളെ അതേപടി സൌകര്യമായി സൂക്ഷിക്കുന്നതിനുള്ള ഒരു സങ്കേതം മാത്രമാണ്. മററു റിക്കാർഡുകൾ ഒന്നും അവിടെ സമാഹരിക്കുന്നില്ല.

അപൂർവ്വസന്ദർഭങ്ങളിൽ ആഫീസുകളുടെയോ ആക്കൈവ്സ് സ്ഥാപനങ്ങളുടെയോ ഭരണവൈകല്യം കൊണ്ടു് ആക്കൈവ്സിൻെറ അവശിഷ്ടങ്ങൾ അന്യാധീനമാകുകയും ചരിത്രരേഖകളുടെ സമാഹാരത്തിൽ കണ്ടെത്തുകയും ചെയ്യേയ്ക്കാം. അവ ന്യായമായി ആക്കൈവ്സ് സ്ഥാപനത്തിൽ തിരിച്ചയയ്ക്കേണ്ടവയാണ്. അവയ്ക്കു ചരിത്രരേഖകളോടല്ല, അവയുടെ പൂർവ്വകുടുംബമായ ആക്കൈവ്സിൻെറ സമാഹാരവുമായാണു് ബന്ധമുള്ളതു്.

മററു ചില സന്ദർഭങ്ങളിൽ ആക്കൈവ്സിൽ ഉൾപ്പെടുന്ന റിക്കാർഡുകളെ ചരിത്രരേഖാസങ്കേതങ്ങൾക്കു സംഭാവന ചെയ്യുന്നുണ്ട്. അതു് അവയുടെ ആക്കൈവ്സ്

സംബന്ധമായുള്ള പ്രാധാന്യം നശിക്കുമ്പോഴും ചരിത്രസംബന്ധമായി മാത്രം പ്രാധാന്യമുണ്ടെന്നു തീരുമാനിക്കുമ്പോഴുമാണ്.

ഈ വസ്തുതകൾ മനസ്സിലാക്കുമ്പോൾ ആർക്കൈവ്സും ചരിത്രരേഖകളും രണ്ടായി വ്യവഹരിക്കേണ്ടവയാണെന്നു സിദ്ധിക്കുന്നു. ഇതിനു വിപരീതമായി ചരിത്രരേഖകൾ തന്നെയാണ് ആർക്കൈവ്സ് എന്നോ അല്ലെങ്കിൽ അവയുടെ ചരിത്രസംബന്ധമായുള്ള പ്രാധാന്യമാണ് സർവ്വപ്രധാനമായുള്ളതെന്നോ സംശയം തോന്നാവുന്ന സാഹചര്യങ്ങൾ ഭാരതീയരുടെ ആർക്കൈവ്സ് ഭരണരീതിയിൽ കാണുന്നുണ്ട്. ഇതരരാജ്യങ്ങളിൽ ആർക്കൈവ്സിൻെറ ഭരണരീതിയിൽ ഉണ്ടായിട്ടുള്ള പുരോഗതി മനസ്സിലാക്കിയാൽ ഈ വസ്തുത കൂടുതൽ വെളിപ്പെടുന്നതുമാണ്.

ഇൻഡ്യയിലെ ആർക്കൈവ്സ് കേന്ദ്രസ്ഥാപനത്തിൻെറ പ്രവർത്തനരീതി സൂക്ഷ്മമായി പരിശോധിക്കുമ്പോൾ പ്രസ്തുതസ്ഥാപനം ആർക്കൈവ്സിൻെറ ഒരു ആദർശഭരണകേന്ദ്രത്തെക്കാൾ ചരിത്രസംബന്ധമായുള്ള ഗവേഷണകേന്ദ്രമായല്ലേ വർത്തിക്കുന്നതെന്നു സംശയമുണ്ടാകുന്നു. അല്ലെങ്കിൽ നാഷണൽ ആർക്കൈവ്സ് സ്ഥാപനത്തിൻെറ പ്രവർത്തനപരിപാടിയിൽ പ്രാധാന്യം അർഹിക്കേണ്ട ചടങ്ങുകൾ പ്രസ്തുതസ്ഥാപനം കേന്ദ്രമാക്കിക്കൊണ്ടു സാംസ്ഥാനിക ആർക്കൈവ്സ് സ്ഥാപനങ്ങൾ ഉണ്ടാക്കുകയും, ആർക്കൈവ്സിൻെറ ഭരണസമ്പ്രദായം ഇൻഡ്യയൊട്ടുക്ക് ഒരേരീതിയിൽ പരിഷ്കരിച്ച് മാതൃകാപരമാക്കുകയുമാണ്. ആർക്കൈവ്സിൻെറ ഭരണസമ്പ്രദായത്തിൽ ഒരു പൊതുനിയമവും ഇൻഡ്യയിൽ നടപ്പാക്കിയിട്ടില്ലെന്നുള്ളതും പലസ്ഥലങ്ങളിലായി പ്രവർത്തനം നടത്തുന്ന ഇൻഡ്യയിലെ ആർക്കൈവ്സ് സ്ഥാപനങ്ങൾ ഭരണാധികാരികളുടെ സൌകര്യമോ മനോധർമ്മമോ അനുസരിച്ച് ഭരണരീതിയിൽ അടിസ്ഥാനമില്ലാത്ത സ്വതന്ത്രഗതികൾ സ്വീകരിക്കുന്നുണ്ടെന്നുള്ളതും നമ്മുടെ ആർക്കൈവ്സ് ഭരണസമ്പ്രദായത്തിൽ കാണുന്ന വലിയ ന്യൂനതകളാണ്.

ഇൻഡ്യയിലെ നാഷണൽ ആർക്കൈവ്സ് സ്ഥാപനത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആർക്കൈവ്സ് ഭരണസമ്പ്രദായ പരിശീലനത്തിലും അവയുടെ പ്രായോഗിക ഭരണസമ്പ്രദായതത്വങ്ങളെക്കാൾ പ്രാധാന്യം കൽപിച്ചുകാണുന്നതു് ചരിത്രസംബന്ധമായുള്ള ഗവേഷണരീതികൾക്കാണ്. ഒരു ആഫീസിൻെറ ഭരണസംബന്ധമായുള്ള കാര്യങ്ങളിൽ പരിചയം സിദ്ധിച്ചിട്ടില്ലാത്തവർക്ക് പ്രസ്തുത പരിശീലനം പരിപൂർണ്ണഫലപ്രാപ്തി ഉണ്ടാക്കുന്നുണ്ടോ എന്നു സംശയമാണ്.

എന്നല്ല, ഭരണാധികാരികളുടെ നിയമത്തിൽ നിലനിന്നുപോരുന്ന ഒരു മുറതെറ്റിയ പാരമ്പര്യവും ആർക്കൈവ്സ് തുടങ്ങിയുള്ള സാങ്കേതികവകുപ്പുകളുടെ ആദർശസംരക്ഷണത്തിനും ഭരണകാര്യക്ഷമതയ്ക്കും പ്രതിബന്ധമാണെന്നു പറയാം. പൂർവ്വകാലങ്ങളിലെങ്ങും ഒരു ആർക്കൈവ്സ് സ്ഥാപനത്തിൻെറ ഭരണാധികാരിയുടെ യോഗ്യതകളെപ്പററി പ്രത്യേകം ചിന്തിച്ചിരുന്നില്ല. അന്നു് ആർക്കൈവ്സിനോ അവയുടെ സ്ഥാപനങ്ങൾക്കോ അത്ര പ്രാധാന്യം കല്പിച്ചിരുന്നുമില്ല. ഇന്നാകട്ടെ ഭരണപരിഷ്കാരങ്ങളുടെ തിരത്തള്ളലിൽപ്പെട്ട ആർക്കൈവ്സിന്റെ ഭരണരീതിയ്ക്കു സാങ്കേതികത്വം കല്പിക്കുന്നുണ്ട്. അതുപോലെതന്നെ അവയുടെ ഭരണസംബ

ന്ധമായുള്ള ചുമതല വഹിക്കേണ്ടതു് അതിലേക്ക നിർദ്ദേശിച്ചിട്ടുള്ള സാങ്കേതികപരിശീലനമോ പ്രത്യേക പരിചയമോ സിദ്ധിച്ചിട്ടുള്ളവർ വേണമെന്നും വിദഗ്ദ്ധാഭിപ്രായങ്ങളുണ്ടു്. അതുകൊണ്ടു മുൻപുണ്ടായിരുന്ന രീതി അവ്യവസ്ഥിതമാണെന്നും അതിൻെറ ആവർത്തനം അനാശാസ്യമാണെന്നും വിശ്വസിക്കാം.

ആർക്കൈവ്സ് ചരിത്രപ്രധാനമായ രേഖകൾ മാത്രമാണെന്ന സങ്കല്പിക്കുകയും ചരിത്രരേഖകൾ ആർക്കൈവ്സിൽ ഉൾപ്പെടുത്തുകയും ചെയ്തിരുന്ന കാലങ്ങൾ ഇന്ന വളരെ പിന്നിലാണു്. ഈ വസ്തുത ഗ്രഹിക്കാത്തവക്ക് ഇൻഡ്യയിലെ കേന്ദ്ര ആർക്കൈവ്സ് സ്ഥാപനത്തിൻെറ ഭരണം തന്നെ അഖിലേന്ത്യാ ചരിത്രരേഖാകമ്മിഷൻെറ നേതൃത്വത്തിലും ചരിത്രകാരന്മാരുടെ മാത്രം കാര്യദശിത്വത്തിലുമാണു് നടക്കുന്നതെന്ന കാണുമ്പോൾ, ആർക്കൈവ്സിൻെറ ഭരണം ചരിത്രകാരന്മാക്ക മാത്രമേ സാധ്യമാകുവെന്നോ ആർക്കൈവ്സ് എന്ന പറയുന്നതു ചരിത്രരേഖകൾ മാത്രമാണെന്നോ വിശ്വാസം ഉണ്ടാകുന്നതാണു്. നേരേമറിച്ചു് ചരിത്രരേഖകളല്ല ആർക്കൈവ്സ് എന്നും അവ ഭരണസംബന്ധമായുള്ള റിക്കാർഡുകളാണെന്നും ധരിക്കുന്നവക്ക് ആർക്കൈവ്സിൻെറ ആദശതാല്പര്യസംരക്ഷണത്തിന് ചരിത്രകാരന്മാർ കഴിയുന്നത്ര ഗവേഷണപരമായ ജോലികളിലേക്ക പിൻമാറുകയല്ലേ വേണ്ടതെന്നും സംശയമുണ്ടാകുന്നു. അതല്ലെങ്കിൽ ആർക്കൈവ്സ് സ്ഥാപനങ്ങളുടെ ഭരണാധികാരികൾ ചരിത്രകാരന്മാരായാലും അവർ ഗവർമ്മെൻറ് ആഫീസുകളിൽ പ്രവേശിച്ചു് ആർക്കൈവ്സിൻെറ ഉല്പാദനം ഉപയോഗം വിനിമയം മുതലായ പ്രായോഗികതത്വങ്ങളിൽ വേണ്ടത്ര പരിചയവും ആർക്കൈവ്സിൻെറ സാങ്കേതിക ഭരണസമ്പ്രദായങ്ങളിൽ ശരിയായ പരിശീലനവും സിദ്ധിച്ചവരായിരിക്കണമെന്ന് നിയമേന നിർദ്ദേശം ഉണ്ടായിരിക്കേണ്ടതാണു്. ഏതായാലും ഭരണസംബന്ധമായ സ്വാതന്ത്ര്യവ്യതിയാനങ്ങൾകൊണ്ടു നമ്മൾ ആർക്കൈവ്സിൻെറയും ചരിത്രരേഖകളുടെയും ആദശതത്വങ്ങൾ അവഗണിക്കുകയോ അവയുടെ സാങ്കേതിക തത്വചിന്തകളിൽ സാമാന്യജനങ്ങളെ വഴിതെറ്റിക്കുകയോ ചെയ്യുന്നതു ശരിയല്ല.

# ഗ്രന്ഥശാലകൾക്ക് ഉത്തമഗ്രന്ഥങ്ങൾ

## നോവൽ

| | | | |
|---|---|---|---|
| സുഷമ | 1 | 12 | 0 |
| * എക്സ്റെ | 2 | 0 | 0 |
| * മലഞ്ചരിവിലെ ഭൂതം | 1 | 0 | 0 |
| പ്രേമമുദ്ര | 0 | 6 | 0 |
| * ഡാക്ടറുടെ മകൾ | 0 | 14 | 0 |
| * തൂപ്പുകാരി | 0 | 10 | 0 |
| ഇരുൾ നീങ്ങി | 1 | 0 | 0 |

## കഥാസമാഹാരം

| | | | |
|---|---|---|---|
| * ലീലാഞ്ജലി | 1 | 4 | 0 |
| പ്രണാമം | 1 | 0 | 0 |
| * അശ്രുധാര | 1 | 0 | 0 |
| * പൂഞ്ചോല | 1 | 4 | 0 |
| നീർച്ചുഴി | 0 | 12 | 0 |
| ജയിൽപ്പുള്ളി | 1 | 0 | 0 |
| * ജീവിതവല്ലി | 1 | 4 | 0 |
| നാടൻ മദാമ്മ | 0 | 12 | 0 |
| വിനോദരശ്മികൾ | 0 | 8 | 0 |
| അഭിലാഷങ്ങൾ | 0 | 8 | 0 |
| ഉടയാത്ത കുടം | 1 | 0 | 0 |
| വെട്ടും തിരുത്തും | 1 | 0 | 0 |
| സംസാരിക്കുന്ന മൃഗങ്ങൾ | 1 | 0 | 0 |

* അടയാളം കാണുന്നവ തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ബുക്ക് സെലക്ഷൻ കമ്മററി അംഗീകരിച്ചവയാണ്.

## നാടകം

| | | | |
|---|---|---|---|
| * ഗാന്ധിജയന്തി | 0 | 14 | 0 |
| നേരും നുണയും | 0 | 12 | 0 |
| തകർന്ന തറവാട് | 1 | 12 | 0 |
| ഡോക്ടർ | 0 | 12 | 0 |
| ചെകുത്താൻവക്കീൽ | 0 | 12 | 0 |
| പ്രേമസീമ | 0 | 12 | 0 |
| ആഗ്രഹം | 1 | 0 | 0 |

## കവിത

| | | | |
|---|---|---|---|
| * പാദമുദ്രകൾ | 0 | 8 | 0 |
| * സന്ദേശം | 0 | 12 | 0 |
| * മഹാത്മജി | 0 | 10 | 0 |
| ഭടന്റെ ഓമന | 0 | 4 | 0 |

## പലവക

| | | | |
|---|---|---|---|
| * ലൈബ്രേറിയൻ | 0 | 4 | 0 |
| * വയോജനവിദ്യാഭ്യാസം | 0 | 6 | 0 |
| * ജാലവിദ്യകൾ | 0 | 8 | 0 |
| * കളികൾ | 0 | 4 | 0 |
| * ബാലാരാമം | 0 | 3 | 0 |
| ചിത്രകഥാവലി—മൂന്നുഭാഗം | 0 | 9 | 0 |
| * സഹകരണദീപിക | 1 | 2 | 0 |
| * സഹകരണപ്രവേശിക | 0 | 12 | 0 |

മററെല്ലാത്തരം പുസ്തകങ്ങളും ഉണ്ട്. ഗ്രന്ഥശാലകൾക്ക് നല്ല കമ്മിഷൻ അനുവദിക്കും.

## ശ്രീ നരസിംഹവിലാസം ബുക്കുഡിപ്പോ, തുറവൂർ.

# "ആ വാദമുഷ്ടി"

കെ. ബാലരാമപ്പണിക്കർ

കഴിഞ്ഞലക്കം ഗ്രന്ഥാലോകത്തിൽ മി. പി. ദാമോദരൻപിള്ള ബി. ഏ. "വിചാരവേദിയിലെ വാദഗതി" എന്ന പേരിൽ പ്രസിദ്ധം ചെയ്തിരുന്ന ലേഖനം കണ്ടു. ഒരു സുഹൃത്സംഘത്തിൽവെച്ചാണ് ആ ലേഖനം വായിച്ചു കേൾക്കുവാൻ ഇടയായതു്. "കരുണയിലെ നായികയുടെ മോക്ഷം അഥവാ സ്വർഗ്ഗപ്രാപ്തി അസ്ഥാനത്താണെന്നും അതിനു വിശ്വാസ്യതയില്ലെന്നുമുള്ള എന്റെ വാദത്തിനു ഗംഭീരമായ മറുപടികൊണ്ടാണ് ആ ഗ്രന്ഥത്തിന്റെ രണ്ടാംപകുതി നിറച്ചിരിക്കുന്നതു്"— എന്ന ലേഖനത്തിലെ രണ്ടാംവാക്യം വായിച്ചപ്പോൾത്തന്നെ മോക്ഷവും സ്വർഗ്ഗവും ഒന്നാണെന്നു തെറ്റിദ്ധരിച്ചിരിക്കുന്ന ഈ "രസികന്റെ" ലേഖനം വായിക്കുവാനും അതിനു മറുപടി എഴുതുവാനും നിങ്ങൾ സമയം ചെലവാക്കരുതു് എന്നു് എന്നെ ആ സുഹൃത്തുക്കൾ ഗുണദോഷിക്കുകയുണ്ടായി. "ആ വാദമുഷ്ടിക്കു" അയവു വരുത്തുക പ്രയാസമെന്നാണു അതിന്റെ സാരം. എന്നാലും ഗ്രന്ഥാലോകവായനക്കാരിൽ വിചാരവേദി വായിച്ചിട്ടില്ലാത്തവരുണ്ടെങ്കിൽ അവരെ ചില വസ്തുതകൾ ധരിപ്പിക്കണമെന്നു് എനിക്കു തോന്നി. ആ ഉദ്ദേശ്യസിദ്ധി കരുതി മാത്രമാണു് ഞാൻ ഈ ലേഖനം എഴുതുന്നതു്.

എഴെട്ടു വർഷങ്ങൾക്കുമുൻപു് ശ്രീ. ദാമോദരൻപിള്ള "ടാഗോർ" മാസികയിൽ കരുണയെ വിമർശിച്ചു ഒരു ലേഖനം എഴുതി. "കരുണയിലെ കായിക പരിവർത്തനം" എന്നായിരുന്നു ലേഖനനാമം. ബുദ്ധൻ, ഉപഗുപ്തൻ തുടങ്ങിയ മഹാത്മാക്കൾ നിർവ്വാണം പ്രാപിക്കാതിരിക്കെ കരുണയിലെ നായികയായ വാസവദത്ത നിർവ്വാണം പ്രാപിച്ചു എന്ന വർണ്ണനം സംഗതമല്ല എന്നായിരുന്നു ആ ലേഖനത്തിൽ മി. ദാമോദരൻപിള്ള ഉപനയിച്ച സിദ്ധാന്തം. വാസവദത്ത നിർവ്വാണം പ്രാപിച്ചതായിട്ടല്ല തുഷിതസ്വർഗ്ഗം പ്രാപിച്ചതായിട്ടാണു് കാവ്യത്തിൽ വർണ്ണിച്ചിരിക്കുന്നതെന്നും അതു സംഗതമായിരിക്കുന്നു എന്നും ഞാൻ മറുപടി നല്കി. അതിനു മി. ദാമോദരൻപിള്ള എഴുതിയ പ്രത്യാഖ്യാനം അദ്ഭുതകരമായിരുന്നു. വാസവദത്ത തുഷിതസ്വർഗ്ഗമാകുന്ന നിർവ്വാണം പ്രാപിച്ചു എന്നേ താൻ പ്രസ്താവിച്ചിട്ടുള്ളു എന്നും ഏതായാലും അതു യുക്തിസഹമല്ലെന്നും ആയിരുന്നു ആ പ്രത്യാഖ്യാനത്തിന്റെ ചുരുക്കം. തുഷിതസ്വർഗ്ഗവും നിർവ്വാണവും അത്യന്തം ഭിന്നങ്ങളാണെന്നും സ്വർഗ്ഗം പരമാണു ആണെങ്കിൽ നിർവ്വാണം പർവ്വതമാണെന്നും അത്രത്തോളം അവയ്ക്കു തമ്മിൽ വ്യത്യാസമുണ്ടെന്നും ചൂണ്ടിക്കാണിച്ചുകൊണ്ടു് അതിനും ഞാൻ ഒരു മറുപടി എഴുതുകയുണ്ടായി. വാസവദത്ത തുഷിതസ്വർഗ്ഗമോ നിർവ്വാണമോ ഏതു പ്രാപിച്ചാലും അതിനുവേണ്ടുന്ന മാനസിക പരിവർത്തനം വാസവദത്തയ്ക്കു ഉണ്ടായിട്ടില്ലെന്നും അതാണു തന്റെ വാദത്തിന്റെ മർമ്മമെന്നും മി. പിള്ള ഒരു മർമ്മലേഖനം തന്നെ എഴുതി പരസ്യം ചെയ്തു. സ്വർഗ്ഗനിർവ്വാണങ്ങൾക്കു തമ്മിലുള്ള അന്തരം പോലെ തത്പ്രാപ്തിഹേതുക്കളായ യോഗ്യതകൾക്കും മഹത്തായ അന്തരമുണ്ടെന്നും

ഒരു പുണ്യവായ്പുകൊണ്ടു് സ്വർഗ്ഗം നേടാമെന്നിരിക്കെ അവിദ്യാവിനാശവും സമസ്തവികാരനിർമുക്തിയും കൂടാതെ നിർവ്വാണപ്രാപ്തി സാദ്ധ്യമല്ലെന്നും ഈ അംശത്തിൽ ഹൈന്ദവസിദ്ധാന്തങ്ങളും ബൗദ്ധസിദ്ധാന്തങ്ങളും ഏകരൂപങ്ങളാണെന്നും വിചാരിച്ചുകൊണ്ടു് ഞാൻ എഴുതിയ ലേഖനത്തിനു പിന്നെ ആരും മറുപടി എഴുതുകയുണ്ടായില്ല. രണ്ടു മൂന്നു വർഷത്തിനു മുൻപു് ഞാൻ പരസ്യംചെയ്ത "വിചാരവേദി" എന്ന പുസ്തകത്തിൽ ആ വക ലേഖനങ്ങൾകൂടി ചേർക്കുക ഉണ്ടായി. ശാസ്ത്രപരിചയവും സാഹിത്യവ്യുത്പത്തിയുമുള്ള അനേകം മലയാളികൾ ആ ലേഖനങ്ങളേയും വിചാരവേദിയേയും അഭിനന്ദിച്ചിട്ടുണ്ടു്. അന്നൊക്കെയും പിന്നെ ശ്രീ. ദാമോദരൻപിള്ളയെ രംഗത്തു കാണാറുണ്ടായിരുന്നില്ല. അങ്ങിനെ ഇരിക്കെ "ഞാൻ ഈയിടെ വിചാരവേദി വായിച്ചു എന്നും അതിൽ ചില സംശയങ്ങൾ ഉണ്ടെന്നും അവയ്ക്കു മറുപടി നല്കണമെന്നും" കാണിച്ചു് മി. പിള്ള എനിക്കു ഒരു എഴുത്തു അയച്ചുതന്നു. ആ എഴുത്തിൽ കാലമേറെ കഴിഞ്ഞിട്ടും മാററം ഏതും കൂടാതെ നില്ക്കുന്ന ആ പഴയ ദാമോദരൻപിള്ളയെത്തന്നെ കണ്ടതുകൊണ്ടും അദ്ദേഹത്തിന്റെ സംശയങ്ങൾക്കു് സമാധാനം വിചാരവേദിയിൽത്തന്നെ ഉണ്ടായിരുന്നതുകൊണ്ടും ആ എഴുത്തിനു് ഒരു മറുപടി എഴുതുക എന്ന പാഴ്വേലയ്ക്കു് ഞാൻ മുതിർന്നില്ല. ഇപ്പോൾ ശ്രീ. പിള്ള ഗ്രന്ഥാലോകത്തിൽ പ്രത്യക്ഷപ്പെട്ടിരിക്കുകയാണു്. ആ ലേഖനത്തിൽനിന്നും അദ്ദേഹം ആരെന്നും അദ്ദേഹത്തിന്റെ സംസ്കാരവും ഇംഗിതവും എന്തെന്നും മനസ്സിലാക്കുവാൻ അക്കും പ്രയാസം ഉണ്ടാകുമെന്നു തോന്നുന്നില്ല. എങ്കിലും ചിലതു് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ.

സ്വർഗ്ഗമോക്ഷങ്ങൾക്കു തമ്മിലുള്ള വ്യത്യാസം നമ്മുടെ ഇടയിൽ വിദ്യാഭ്യാസവൈദഗ്ദ്ധ്യം ഒന്നും ഇല്ലാത്ത സാധാരണക്കാർക്കുപോലും അറിവുള്ളതാണു്. എന്നാൽ ശ്രീ. ദാമോദരൻപിള്ള ആ വസ്തുത ഗ്രഹിച്ചിട്ടില്ലെന്നു കാണുന്നതു് അത്യന്തം ശോചനീയമായിരിക്കുന്നു.

1. "കരുണയിലെ നായികയുടെ മോക്ഷം അഥവാ നായികയുടെ സ്വർഗ്ഗപ്രാപ്തി അസ്ഥാനത്താണെന്നും അതിനു വിശ്വാസ്യതയില്ലെന്നും ഉള്ള..........."

2. "വാസവദത്തയ്ക്കു മോക്ഷത്തിനോ സ്വർഗ്ഗപ്രാപ്തിക്കോ യാതൊരർഹതയുമില്ലാതെ ഞൊടിയിടയിൽ ചുടുകാട്ടിൽവച്ചു് ഉപഗുപ്തൻ മോക്ഷം അഥവാ സ്വർഗ്ഗം കൊടുക്കുന്നു."

3. "ദൃഷിച്ച ഭാവത്തെ നിരന്തരം അനുദ്ധ്യാനം ചെയ്തിരുന്ന വാസവദത്തയ്ക്കു് അന്ത്യകാലത്തിൽ ഒററയടിക്കു് മോക്ഷം അഥവാ ഏതെങ്കിലും സദ്ഗതി കിട്ടിയെന്ന പ്രസ്ഥാനം..........."

ഇങ്ങനെ ശ്രീ. ദാമോദരൻപിള്ള സ്വർഗ്ഗമോക്ഷങ്ങളെ ഒന്നായി ധരിച്ചുകൊണ്ടു അനേകം പരാമർശങ്ങൾ ലേഖനത്തിൽ നടത്തിയിട്ടുണ്ടു്. ഇതിനു കൊടുക്കേണ്ട മറുപടി എന്തായിരിക്കണമെന്നു് വായനക്കാർതന്നെ തീർച്ചയാക്കണം. ശാസ്ത്രീയ മറുപടി ഞാൻ "വിചാരവേദി"യിൽ ചേർത്തിട്ടുണ്ടു്. അതു മി. പിള്ള വായിച്ചു മനസ്സിലാക്കിയിട്ടില്ലെന്നു തോന്നുന്നു. ഏതായാലും അതിന്റെ ഒരു സംഗ്രഹം ഇവിടെ ചേർക്കുകതന്നെ.

വേദങ്ങളേയും വേദാർത്ഥപ്രകാശകങ്ങളെന്ന നിലയിൽ നില്ക്കുന്ന സ്മൃതികളേയും അവയെ ആധാരമാക്കി വിജയിക്കുന്ന ഭാരതീയതത്വശാസ്ത്രങ്ങളേയും പ്രമാണമാക്കുന്ന യാതൊരാൾക്കും സ്വർഗ്ഗവും മോക്ഷവും ഒന്നാണെന്നു കരുതുവാൻ സാദ്ധ്യമല്ല. സ്വർഗ്ഗം അനിത്യവും മോക്ഷം നിത്യവുമെന്നതാണു് സ്വർഗ്ഗമോക്ഷങ്ങളുടെ ഒന്നാമത്തെ ഭേദം. "യദ്യഥേഹ കർമ്മചിതോ ലോകഃ ക്ഷീയതേ ഏവമേവാമുത്ര പുണ്യചിതോ ലോകഃ ക്ഷീയതെ." എന്ന ശ്രുതിയും "തേതം ഭുക്ത്വാ സ്വർഗ്ഗലോകം വിശാലം ക്ഷീണേ പുണ്യേ മർത്ത്യലോകം വിശന്തി" എന്ന സ്മൃതിയും "യത്കൃതകം തദനിത്യം" എന്ന യുക്തിയും സ്വർഗ്ഗം അനിത്യമാണെന്നു നമ്മോടു പറയുമ്പോൾ "നസപുനരാവർത്തതേ" എന്ന ശ്രുതി, മോക്ഷം നിത്യമായ ഒന്നാണെന്നു പ്രഖ്യാപനം ചെയ്യുന്നു. അമൃതത്വം, അശരീരം, നിശ്ശേഷദുഃഖദുരിതധ്വംസം, നിത്യനിരതിശയാനന്ദം എന്നിങ്ങനെയെല്ലാം മോക്ഷത്തെ നിർവ്വചിക്കുമ്പോൾ സുഖഭോഗഭൂയിഷ്ഠവും ത്രിദശാധിവാസസ്ഥാനവുമായ ഒരു ഊർദ്ധ്വലോകമായിട്ടു മാത്രമാണു് സ്വർഗ്ഗത്തെ ചിത്രീകരിക്കുന്നതു്. അതുപോലെ സ്വർഗ്ഗപ്രാപ്തിക്കും മോക്ഷസിദ്ധിക്കും ആവശ്യമായ യോഗ്യതകൾക്കു തമ്മിലും മഹത്തായ വ്യത്യാസമുണ്ടു്. "ഏതെങ്കിലും ഒരു പുണ്യകർമ്മം ചെയ്താൽ സ്വർഗ്ഗം കിട്ടുമെന്നു "ജ്യോതിഷ്ടോമേന സ്വർഗ്ഗകാമോ യജേത" എന്ന ശ്രുതി പ്രഖ്യാപിക്കുന്നു. സ്വർഗ്ഗം വേണമെന്നു ആഗ്രഹിക്കുന്നവൻ തത്സാധകമായ ജ്യോതിഷ്ടോമയാഗം ചെയ്തുകൊള്ളേണ്ടതാണു് എന്നാത്രേ ആ വാക്യത്തിന്റെ അർത്ഥം. ഇവിടെ സ്വർഗ്ഗപ്രാപ്തിക്കും ജ്യോതിഷ്ടോമയാഗത്തിനും തമ്മിൽ കാര്യകാരണഭാവമാണു് ഉദ്ദേശിച്ചിരിക്കു ന്നതെന്നു് പൂർവ്വമീമാംസകന്മാരും പ്രാസംഗികമായി ഉത്തരമീമാംസകന്മാരും പ്രഖ്യാപിച്ചിട്ടുണ്ടു്. "ഹതോവാപ്രാപ്സ്യസിസ്വർഗ്ഗം ജിത്വാവാഭോക്ഷ്യസേമഹീം"– എന്ന ഭഗവദ്ഗീതാവാക്യം നമ്മുടെ പ്രത്യേകമായ ശ്രദ്ധയെ അർഹിക്കുന്നു. ഇതു് ഭഗവാന്റെ വചനമാണു്. "അല്ലയോ അർജ്ജുന, നീ യുദ്ധത്തിൽ കൊല്ലപ്പെടുന്നപക്ഷം നിനക്കു സ്വർഗ്ഗപ്രാപ്തി ഉണ്ടാകും; ജയിക്കുന്നപക്ഷം നിനക്കു രാജ്യം അനുഭവിക്കാം" എന്നാണു് ഇതിന്റെ അർത്ഥം. ഇതിൽ നിന്നും യുദ്ധത്തിൽ മരിക്കുക എന്ന ക്രിയകൊണ്ടു് അർജ്ജുനനു് സ്വർഗ്ഗം പ്രാപിക്കാമെന്നാണു്. അർജ്ജുനനേപ്പോലെയുള്ള സംസ്കാരസമ്പന്നന്മാർക്കു മാത്രം യുദ്ധത്തിൽ മരിച്ചാൽ സ്വർഗ്ഗം കിട്ടും മററാർക്കും കിട്ടുകയില്ല എന്നു വാദിക്കാവുന്നതല്ല. എന്തുകൊണ്ടെന്നാൽ ഭാരതം മുതലായ ഗ്രന്ഥങ്ങളിൽ ആയിരമായിരമിടങ്ങളിൽ യുദ്ധത്തിൽ മരിക്കുന്ന ആർക്കും സ്വർഗ്ഗപ്രാപ്തി ഉണ്ടാകുമെന്നു നിസ്സന്ദേഹമായി വർണ്ണിച്ചിരിക്കുന്നു. ഒരു സാധാരണ ഭടനു് യുദ്ധത്തിൽ മരിക്കുന്നതിനു മുമ്പു് വലിയ "മാനസാന്തരങ്ങളും" സംസ്കാരങ്ങളും ഉണ്ടായിരിക്കുമെന്നും ഉണ്ടായിരിക്കണമെന്നും ആർക്കും ശഠിക്കാവതല്ലല്ലോ. ഇങ്ങനെ ഹൈന്ദവീയമായ വീക്ഷണഗതി നാം അവലംബിക്കുന്നപക്ഷം ഒരു വ്യക്തിക്കു മരണാനന്തരം സ്വർഗ്ഗപ്രാപ്തിയുണ്ടാവാൻ ആപേക്ഷികമായി ഗുരുത്വമുള്ള ഒരു പുണ്യകർമ്മത്തിൽ കൂടുതലായി മററു മാനസികപരിവർത്തനങ്ങളും സംസ്കാരങ്ങളും ആവശ്യമില്ലെന്നു കാണുവാൻ പ്രയാസമില്ല. മനുഷ്യരേയും ഭൂലോകത്തേയും അപേക്ഷിച്ചു കൂടുതൽ സുഖമുള്ള വ്യക്തികളായും ലോകമായും ദേവന്മാരേയും സ്വർഗ്ഗത്തേയും പരിഗണിക്കുന്നു

ണ്ടെങ്കിലും ദുഃഖത്തിന്റെ കരിനിഴലുകളിൽനിന്നും അവർ തീരെ മുക്തരാണെന്നു തോന്നുന്നില്ല. സ്വർഗ്ഗാധിപനായ ഇന്ദ്രനേയും ദേവന്മാരെയും പററി പുരാണങ്ങൾ വായിച്ചു പഠിച്ചിട്ടുള്ള നമുക്കു ഇതൊന്നും അദ്ഭുതതരമാകുവാൻ ഇടയില്ലല്ലോ. സാംഖ്യദർശനകാരികയുടെ ആരംഭത്തിലും യോഗസൂത്രത്തിൽ കൈവല്യപാദത്തിന്റെ ആരംഭത്തിലും സ്വർഗ്ഗത്തേയും ദേവന്മാരേയുംപററി ശാസ്ത്രീയമായ ചർച്ചകൾ കാണുന്നുണ്ടു്. സാംസാരിക ദുഃഖത്തിൽ തന്നെ നിപതിച്ചിരിക്കുന്ന സ്വർഗ്ഗം മോക്ഷത്തെ അപേക്ഷിച്ചു വളരെ വളരെ നിസ്സാരമെന്നു് ആ ചർച്ചകൾ സൂചിപ്പിക്കുന്നു. സ്വർഗ്ഗത്തെ പ്രശംസിക്കുന്നവരും അതിനു മുകളിൽ മറെറാന്നുമില്ലെന്നു വാദിക്കുന്നവരുമായ പൂർവ്വമീമാംസകന്മാരെ ഇവിടെ വിസ്മരിക്കുന്നില്ല. അവരെ സകല മോക്ഷശാസ്ത്രകാരകന്മാരും യുക്തികൊണ്ടു് നിർജ്ജീവന്മാരാക്കിയിട്ടുണ്ടു്. ഭഗവദ്ഗീതാകാരൻതന്നെ അവരെ കണക്കിലേറെ പുച്ഛിക്കുന്നുണ്ടെന്നതിനു് "കാമാത്മാനഃ സ്വർഗ്ഗപരാഃ—" എന്നു തുടങ്ങുന്ന ശ്ലോകങ്ങൾതന്നെ തെളിവാണു്.

മോക്ഷംപോലെ മോക്ഷസാധകങ്ങളായ യോഗ്യതകളും അത്യന്തം ഗംഭീരങ്ങളാണു്. "തമേവ വിദിത്വാതിമൃത്യുമേതി നാന്യഃ പന്ഥാ വിദ്യതേഽയനായ"— എന്ന ശ്രുതി ആത്മജ്ഞാനം ഒന്നുകൊണ്ടുമാത്രമേ മോക്ഷം സിദ്ധമാകു എന്നും വേറെ ഒരു മാർഗ്ഗവുമതിനില്ലെന്നും സിദ്ധാന്തിക്കുന്നു. എന്നാൽ ആ ആത്മജ്ഞാനം അനാഹാര്യവും അസന്ദിഗ്ദ്ധവും അവിപര്യസ്തവും അപരോക്ഷവുമായിരിക്കണമെന്നു നിർദ്ദേശിച്ചിട്ടുണ്ടു്. അത്തരമൊരു ആത്മജ്ഞാനം ആർക്കു എങ്ങിനെ ലഭിക്കുമെന്നതാണു് പര്യാലോചനീയമായിട്ടുള്ളതു്. അവിടേയും ശ്രുതിമാർഗ്ഗം തുറന്നുകാട്ടിയിട്ടുണ്ടു്. "ആത്മാവാരേ ദ്രഷ്ടവ്യ ——" എന്ന വാക്യം ആ സത്യമാണു നിർദ്ദേശിക്കുന്നതു്. ആത്മതത്ത്വപ്രതിപാദകങ്ങളായ ശ്രുതിവാക്യങ്ങളുടെ അർത്ഥം ദീർഘകാലം ആദരപൂർവ്വം നിരന്തരം ശ്രവണംചെയ്തും മനനംചെയ്തും നിദിധ്യാസനംചെയ്തുമിരിക്കുന്ന ഒരാളുടെ അഖണ്ഡതപൂണ്ട മനോവൃത്തിയിൽ ഉദിക്കുന്നതോ തദ്രൂപമോ ആയ ഒന്നാണു് മോക്ഷസാധകമായ ആത്മജ്ഞാനമെന്നാണു് അതിന്റെ പൊരുൾ. ഇവിടെ ശ്രവണപദംകൊണ്ടു് മീമാംസാപ്രസിദ്ധങ്ങളായ വിചാര പ്രക്രിയകളേയും മനനപദംകൊണ്ടു് സാംഖ്യപ്രസിദ്ധങ്ങളായ യുക്തിവാദശൈലികളേയും നിദിധ്യാസനപദംകൊണ്ടു് കോശശാസ്ത്രപ്രസിദ്ധങ്ങളായ ചിത്തവൃത്തിനിരോധമാർഗ്ഗങ്ങളേയുമാണു് പരാമർശിച്ചിരിക്കുന്നതു്. ഇതിൽനിന്നും മോക്ഷസാധകമായ യോഗ്യതയുടെ ഗഹനത എത്രയെന്നു ആർക്കും ഊഹിക്കാവുന്നതാണു്. "പഞ്ചവിംശതിതത്ത്വജ്ഞോ യത്ര കുത്രാശ്രമേ വസൻ; ജടീമുണ്ഡീ ശിഖീ വാപി മുച്യതേ നാത്ര സംശയഃ" എന്നിങ്ങനെ സാംഖ്യദർശനവും "പ്രമാണപ്രമേയ—— തത്ത്വജ്ഞാനാത് നിശ്രേയസാധിഗമഃ; ദുഃഖജന്മപ്രവൃത്തിദോഷമിഥ്യാജ്ഞാനാനാമുത്തരോത്തരാപായേ തദനന്തരാപായാദ് അപവർഗ്ഗഃ" എന്നു വാദിക്കുന്ന ന്യായദർശനവും "യോഗഃ ചിത്തവൃത്തിനിരോധഃ; അഭ്യാസവൈരാഗ്യാഭ്യാം തന്നിരോധഃ; തദാ ദ്രഷ്ടുഃ സ്വരൂപേഽവസ്ഥാനം" എന്നിങ്ങനെ യോഗദർശനവും മോക്ഷമാർഗ്ഗം അത്യുന്നതമെന്നുതന്നെയാണു് പ്രഖ്യാപനംചെയ്യുന്നതു്. ചുരുക്കത്തിൽ സർവ്വകർമ്മസംന്യാസപൂർവ്വകമായ ആത്മജ്ഞാനംകൊണ്ടു ലഭ്യവും ജനനമരണാദ്യവസ്ഥാശൂന്യവും നിത്യവും ആനന്ദരൂപവു

മായ ഒന്നാണു് മോക്ഷമെന്നും പുണ്യകർമ്മലബ്ധവും ജനനാദ്യവസ്ഥാസഹിതവും അനിത്യവുമായ ഒരു ലോകാന്തരം മാത്രമാണു് സ്വർഗ്ഗമെന്നുമത്രേ ഹൈന്ദവങ്ങളായ മോക്ഷശാസ്ത്രങ്ങളുടെ സാരം.

ബുദ്ധമതക്കാരുടെ സ്വർഗ്ഗമോക്ഷങ്ങൾക്കും നമ്മുടെ സ്വർഗ്ഗമോക്ഷങ്ങളിൽനിന്നും വലിയ അന്തരമൊന്നുമില്ല. പുണ്യലബ്ധങ്ങളായ വൈകാരികലോകങ്ങളിൽ ഉൾപ്പെടുത്തിയാണു് അവർ സ്വർഗ്ഗലോകങ്ങളെ എണ്ണുന്നതു്. ജനനാദികളും ശരീരവും തന്മൂലങ്ങളായ വികാരങ്ങളും സ്വർഗ്ഗലോകത്തുമുണ്ടെന്നതിനു് തുഷിതസ്വർഗ്ഗത്തിന്റെ വർണ്ണനതന്നെ തെളിയിക്കുന്നുണ്ടു്. "Seven days after her confinement "Maia" died and by the virtue of her merits migrated to the seat of Toocitha and became the daughter of a Nat" എന്ന ഈ വാക്യം Dr. Begandet ന്റെ "Life or Legend of Gowthama Budha" എന്ന പുസ്തകത്തിന്റെ ഒന്നാം വാല്യം നാല്പത്തിഏഴാംപേജിൽ ഉള്ളതാണു്. പ്രസവംകഴിഞ്ഞു ഏഴുദിവസങ്ങൾക്കുശേഷം മായ മരിക്കുകയും അവളുടെ പുണ്യകർമ്മങ്ങളുടെ ഫലമായ സുകൃതം കൊണ്ടു് അവൾ തുഷിതന്മാരുടെ അധിവാസസ്ഥാനമായ ലോകത്തേക്കു പോകുകയും ഒരു ദേവന്റെ മകളായിത്തീരുകയും ചെയ്തു എന്നാണു് ആ വാക്യത്തിന്റെ അർത്ഥം. ഇതിൽനിന്നും തുഷിതലോകമുൾപ്പെടെയുള്ള സ്വർഗ്ഗങ്ങൾ പുണ്യകർമ്മങ്ങൾ കൊണ്ടു് മരണാനന്തരം ലഭിക്കാവുന്നവയാണെന്നും അവ ഒരുവക ആളുകളുടെ (ദേവന്മാരുടെ) ആവാസകേന്ദ്രങ്ങൾ മാത്രമാണെന്നും അവിടേയും ജനനവും ശരീരാദികളും തദ്രൂപങ്ങളായ വികാരങ്ങളുമുണ്ടെന്നും, അച്ഛൻ, മകൾ മുതലായ ബന്ധങ്ങൾ അവിടെ നിലനില്ക്കുന്നുവെന്നും നമുക്കു മനസ്സിലാക്കാം. എന്നാൽ മോക്ഷത്തിന്റെ—നിർവ്വാണത്തിന്റെ നില ഒന്നു വേറെയാണു്. "രാഗാദിജ്ഞാനസന്താനവാസനോച്ഛേദസംഭവം; ചാതുർണ്ണാമപി ബൗദ്ധാനാം മുക്തിരേഷാ പ്രകീർത്തിതാ" എന്നിങ്ങനെ സർവ്വദർശനസംഗ്രഹത്തിൽ ബൗദ്ധദർശനപ്രകരണത്തിൽ ബുദ്ധമതപ്രസിദ്ധമായ മോക്ഷം എന്തെന്നു വിവരിച്ചിരിക്കുന്നു. ദുഃഖഹേതുകമായ ജന്മത്തിനും ജന്മഹേതുകമായ പ്രവൃത്തിക്കും പ്രവൃത്തിഹേതുകമായ രാഗാദികൾക്കും രാഗാദിഹേതുകമായ മിഥ്യാജ്ഞാനപരമ്പരയ്ക്കും മിഥ്യാജ്ഞാനഹേതുകമായ സംസ്കാരത്തിനും ഇങ്ങിനിവരാതെവണ്ണം അറുതിവരുന്ന ഒരു നിലയാണു് ബൗദ്ധന്മാർ മോക്ഷമെന്നു വിളിക്കുന്നതു്. മാദ്ധ്യമികന്മാർ ആത്മോച്ഛേദമെന്നു മോക്ഷത്തെ നിർവചിക്കുമ്പോഴും പ്രസ്തുതാശയം തന്നെയാണു് പ്രകടമാകുന്നതു്. ഏതായാലും ജനനമരണാദ്യവസ്ഥാരഹിതവും സമസ്തവികാരനിർമ്മുക്തിജന്യവും ആനന്ദമയവും ആയ ഒരു നിലയാണു് മുക്തിയെന്ന (നിർവ്വാണം) തിൽ സംശയമില്ല. ഇങ്ങനെ പരിശോധിക്കുന്നപക്ഷം ഹിന്ദുമതത്തിലെന്നപോലെ ബുദ്ധമതത്തിലെ സ്വർഗ്ഗമോക്ഷങ്ങൾക്കും അവയുടെ പ്രാപ്തിസാധനങ്ങളായ യോഗ്യതകൾക്കും തമ്മിൽ മഹത്തായ അന്തരമുണ്ടെന്നു വ്യക്തമാകുന്നുണ്ടു്. എന്നാൽ മി. ദാമോദരൻപിള്ള അവരണ്ടും ഒന്നെന്നു ധരിക്കുകയും എഴുതുകയും അതു പരസ്യം ചെയ്യുവാൻതന്നെ മുതിരുകയും ചെയ്യുന്നതോർത്താൽ വിചിത്രമെന്നേ പറയേണ്ടു. ഈ വകകാര്യങ്ങളെല്ലാം വിചാരവേദിയിലെ ലേഖനങ്ങളിൽ സ്പഷ്ടമായി പ്രതിപാദിച്ചിരിക്കേ പിന്നെയും മി. പിള്ള മുന്നോട്ടുവരുന്നതാണു് അതിലേറെ വിചിത്രം.

(തുടരും)

# NBS

1952

★

## കാററലോഗ്

കേരളത്തിൽ ഇതേവരെ പ്രസിദ്ധീകരിച്ചിട്ടുള്ളതിലേക്കും വലിയ കാററലോഗ്. 180 പേജ്. 3000 മലയാളപുസ്തകങ്ങളുടെ വിവരണവും. തിരു–കൊച്ചി ഗ്രന്ഥശാലാസംഘത്തിൻെറ അംഗങ്ങളായ

**എല്ലാ ഗ്രന്ഥശാലകൾക്കും**

കാററലോഗ് സൗജന്യമായി അയച്ചിരിക്കുന്നു. മററുള്ളവർ നാലണ സ്റ്റാമ്പയച്ച് ആവശ്യപ്പെടുക.

❊

സൗകര്യപ്പെടുന്ന ഗ്രന്ഥശാലകൾ നേരിട്ടുപുസ്തകമെടുക്കുക. മററുള്ളവർ വി. പി. ആയും. ലിസ്റ്റയയ്ക്കുമ്പോൾ ഒരു അഡീഷനൽ ലിസ്റ്റ്കൂടി അയയ്ക്കാൻ മറക്കരുത്.

❊

**കേരളത്തിലെ ഏററവും വലിയ**
**പ്രസാധകന്മാരും പുസ്തകവ്യാപാരികളും**

❊

**നാഷനൽ ബുക്ക് സ്റ്റാൾ**

പോസ്റ്റ് ബോക്സ് 40 ... കോട്ടയം

(ഉടമസ്ഥന്മാർ: സാഹിത്യപ്രവർത്തകസഹകരണസംഘം ലിമിറ്റഡ്)

GRAMS: "BOOKS"
KOTTAYAM

*Pohne*: Stall—282
Office—272

ഗ്രന്ഥനിരീക്ഷണം

# പദ്യരത്നം

പ്രസാധകൻ : ഡാക്ടർ പി. കെ. നാരായണപിള്ള M. A. Ph. D.
ഓറിയന്റൽ മാനസ്ക്രിപ്റ്റ്സ് ലൈബ്രറി, തിരുവനന്തപുരം. വില 1 ക. 8 ണ.

ഭാഷാസാഹിത്യത്തിലെ അതിവിപുലവും, ഉജ്ജ്വലമോഹനവുമായ ഒരു മഹാശാഖയാണ് മണിപ്രവാളസാഹിത്യം. അതിന്റെ പ്രത്യക്ഷമായ സ്വഭാവത്തെപ്പററി വലിയ അഭിപ്രായവ്യത്യാസങ്ങളില്ലെന്നാണ് പറയേണ്ടതു്. എന്നാൽ മണിപ്രവാളത്തിന്റെ ആഗമം, ഉദ്ദേശം, കാലം, കവികൾ, വ്യാപ്തി മുതലായവയെപ്പററി പണ്ഡിതന്മാർ തന്നെയും സ്ഖലൽപദരോ, സ്ഖലൽപാദരോ ആണ്. എന്നുതന്നെയല്ല, ആ സാഹിത്യശാഖയിലെ എല്ലാ കൃതികളും വെളിച്ചത്തു വന്നിട്ടുണ്ടെന്നു പറയാനും വയ്യ.

ഡാക്ടർ പി. കെ. നാരായണപിള്ളയുടെ "പദ്യരത്നം" എന്ന പ്രസിദ്ധീകരണം ഈ അവസ്ഥക്ക് സംതൃപ്തികരമായ ഒരു വ്യതിയാനം വരുത്തുന്നുണ്ട്. പഠനാർഹമായ ഒരു ഉപോൽഘാതവും, മറഞ്ഞുകിടന്ന ചില മണിപ്രവാള കൃതികളുമാണ് പദ്യരത്നത്തിലെ ഉള്ളടക്കം. ഉപോൽഘാതം അന്തസ്സാരംകൊണ്ടും, വൈപുല്യംകൊണ്ടും മികച്ച ഒരു ഗവേഷണഫലമായിട്ടുണ്ടെന്നാരും സമ്മതിക്കും. മണിപ്രവാളത്തിന്റെ ഉല്പത്തി, വ്യാപ്തി, സ്വഭാവം ഇത്യാദി പ്രസക്തവിഷയങ്ങളെപ്പററിയുള്ള നിപുണമായ ചർച്ചയാണ് ഉപോൽഘാതത്തിൽ കാണുന്നതു്.

ഭാഷാസംസ്കൃതയോഗമെന്നും. സംസ്കൃതവും നററമിഴും കലന്നു കലമ്പകമാലയെന്നും മററുമുള്ള മണിപ്രവാള ലക്ഷണനിർദ്ദേശങ്ങൾ ഭാഷാസാഹിത്യവിദ്യാർത്ഥികൾക്കു് പണ്ടേ പരിചിതങ്ങളാണ്. പക്ഷെ മണിപ്രവാളത്തിലെ സംസ്കൃതാതിപ്രസരം ആരും സവിശേഷം ശ്രദ്ധിക്കാതെ വിട്ടിട്ടില്ല. ദ്രാവിഡ പ്രദേശങ്ങളിലെല്ലാം തന്നെ ആമാതിരി അതിപ്രസരം, കാണ്മാനുണ്ടെന്നു് കേരളപാണിനിയും, മററു ചിലരും പ്രസ്താവിക്കുന്നു. എന്നാൽ ശ്രീ. ആററൂരിന്റെ "വിവേചനാത്മകമായ ഭാഷാസാഹിത്യാവലോക"ത്തിൽ പറയാനുള്ളതു് മണിപ്രവാളത്തിലെ സംസ്കൃതം പഴയ കൂടിയാട്ടത്തിലെ വിദൂഷകന്റെ വിനോദമയമായ പ്രതിശ്ലോകങ്ങളിൽനിന്നുണ്ടായെന്നാണ്. നേരമ്പോക്കിനുവേണ്ടി പ്രയോഗിച്ച സംസ്കൃതവിഭക്ത്യന്തങ്ങൾ പിന്നീട് ഗൗരവഭാവം കൈക്കൊണ്ടു സാഹിത്യബഹുമതമായ ഒരു ഭാഷാരീതിയായി കലാശിച്ചു. ഈ അഭിപ്രായം വിഗണിക്കാവുന്നതല്ലെന്നു് ഡാക്ടരും വിചാരിക്കുന്നു. എന്നാൽ, തമിഴിലെ "മണിപ്പവഴം," "മണിപ്പിരവാളം" മുതലായി ചിരസ്ഥായികളായ സാധുപ്രയോഗങ്ങളെ അദ്ദേഹവും, ശ്രീ. ആർ. നാരായണപ്പണിക്കരും ചൂണ്ടിക്കാണിക്കാതിരിക്കുന്നില്ല. അവയ്ക്കു് തമിഴിൽ ഒരു രണ്ടായിരം കൊല്ലത്തെ പഴക്കമുണ്ടെന്നു് തമിഴ് പ്രാമാണികരെ ആധാരമാക്കി ശ്രീ. പണിക്കർ സിദ്ധാന്തിക്കുന്നുമുണ്ട്. ഏതായാലും മണിപ്രവാളം കൈരളീപരിമിതമാണെന്നുള്ള സൂചനകൾ സ്വീകാര്യമല്ലെന്നു് തീർച്ചയാണ്.

ഒന്നാമതുതന്നെ സംസ്കൃതഭാഷയുടെ

അതിപ്രസരം വിദൂരപൂർവ്വദേശങ്ങളിലും അതിപ്രാചീനകാലംമുതൽ കാണ്മാനുണ്ട്. മലയ, ഇൻഡോചൈന മുതലായ പ്രദേശങ്ങളിലെ ശിലാശാസനങ്ങളും, കാവ്യകൃതികളും ഇതിന് സാക്ഷ്യം വഹിക്കുന്നു. അവയിൽ ചിലതു് ഡാക്ടർ തന്റെ ഉപോൽഘാതത്തിൽ ഉദ്ധരിക്കുന്നുണ്ട്. ഈ അതിപ്രസരാതിരേകത്തെപ്പറ്റി അത്ഭുതം തോന്നാവുന്നതാണെന്നുള്ളതിൽ തക്കമില്ല. എന്നുതന്നെയല്ല, ചൈനീസ് ഭാഷയിലെ Chang, ജാപ്പനീസ് ഭാഷയിലെ zen എന്നീ ശബ്ദങ്ങൾ രണ്ടും സംസ്കൃതത്തിലെ "ധ്യാന" ശബ്ദത്തിന്റെ അപഭ്രഷ്ടരൂപങ്ങളാണെന്നറിയുമ്പോൾ ആ അൽഭുതം ഇരട്ടിക്കാതെ ഗത്യന്തരവുമില്ല. ദ്രാവിഡഭാഷകളുടെ കഥ വിശേഷിച്ചു് പറയാനില്ലെന്നു സർവ്വസമ്മതമാണ്. എന്നാൽ തമിഴ് സംസ്കൃതത്തിന്റെ സാർവ്വത്രികമായ ആക്രമണത്തെ ഒട്ടൊക്കെ വിജയകരമായിത്തന്നെ ചെറുത്തുനിന്നിട്ടുണ്ട്. എങ്കിലും അതിലും മണിപ്രവാളം കടന്നുകൂടിയിട്ടുണ്ടെന്നു് നേരത്തെ സൂചിപ്പിച്ചല്ലോ. ചില തമിഴ് ഗദ്യകൃതികൾ പ്രായേണ സംസ്കൃതമയങ്ങളുമാണ്.

മലയാളത്തിനും സംസ്കൃതസമ്പർക്കമുണ്ടായതു് ആര്യന്മാരുടെ ആക്രമണത്തോടുകൂടിയാണ്. ഇതു് ബി. സി. യിൽത്തന്നെ നടക്കുകയും ചെയ്തു. നാട്ടുകാരുമായി ഇണങ്ങിക്കഴിയുന്നതിനുള്ള ആര്യന്മാരുടെ അഭിനിവേശം ഭാഷാപ്രതിപത്തിയായിത്തീർന്നു. തുടർന്നുണ്ടായ ആര്യദ്രാവിഡബാന്ധവത്തിൽനിന്നു് മണിപ്രവാളം ഒരു വിശിഷ്ട സന്താനമെന്ന നിലയിൽ ഉൽഭവിച്ചു. അതോടുകൂടി സുഖം, ദുഃഖം, നഖം, മുഖം, മുതലായ സംസ്കൃതപദങ്ങൾ മലയാളത്തറവാട്ടിൽ ദത്തുവാണതായി വിചാരിക്കയും വേണം. പുരാണേതിഹാസകഥകളുടെ പ്രചാരം ഈ ബന്ധത്തെ പരിപോഷിപ്പിക്കാൻ ഒന്നാംതരം ഉപാധിയായിത്തീർന്നു. എങ്ങനെയായാലും ഭാഷയിൽ മണിപ്രവാളോദയത്തിന്റെ ആവശ്യം നേരിട്ടു. അതു് നേരത്തെ സംഭവിക്കുകയും ചെയ്തു. ഈ പരിചിന്തനത്തിൽ കാണുന്ന ഡാക്ടരുടെ യുക്തി സൂക്ഷ്മവാണെന്നു സമ്മതിക്കുകതന്നെ വേണം.

മണിപ്രവാളസംജ്ഞയെപ്പററിയും അദ്ദേഹത്തിനു കൂട്ടതലായി ചിലതു് പറയാനുണ്ട്. അതിൽ മണിയേതു് പവിഴമേതു് എന്നൊരു സംശയം ചില സ്ഥാനങ്ങളിൽ ഉള്ളതായികാണുന്നു. "തമിഴ്മണി, സംസ്കൃതം പവിഴം" എന്നു് ലീലാതിലകംതന്നെ ഒരു പ്രാചീനപ്രമാണത്തെ ആശ്രയിച്ചു് ഇതിനു സമാധാനം നൽകുന്നു. മണിപ്രവാളസംജ്ഞയ്ക്കു കാരണം ഇതിലടങ്ങിയ ഭാവനതന്നെയാണെന്നുള്ളതിൽ സംശയമില്ല. ശ്രീ. ആററൂർ തന്റെ "രസികരത്നം" എന്ന ഗ്രന്ഥത്തിൽ ഇതിനെ ആസ്പദമാക്കി നിഷ്കൃഷ്ടമായ ഒരു ശാസ്ത്രീയ ചർച്ച നടത്തിയിരിക്കുന്നതു് വിപഠിഷുക്കൾക്കു് അത്യന്തം പ്രയോജനകരമായിരിക്കും. പൊതുവേ മണിപ്രവാളത്തെപ്പററി അതിലധികമൊന്നും ആരും പറഞ്ഞിട്ടുമില്ല.

ഡാക്ടർ പി. കെ. യുടെ വ്യതിയാനം രസാവഹമാണ്; ശ്രദ്ധേയവുമാണ്. മണിപ്രവാളം വെറും ഉഭയഭാഷാസമ്മേളനമെന്ന അർത്ഥത്തിൽ മാത്രം മനസ്സിലാക്കിയാൽ പോരാ. ഇതാ നോക്കണം:

"അതു ചൊല്ലുവിനുണ്ണിയച്ചിയാരേ
ഇടരോ പാടകമോ മണിപ്രവാളം"

ലീലാതിലകത്തിൽ ഉദ്ധരിച്ചിരിക്കുന്ന ഈ ശ്ലോകാർദ്ധംതന്നെ ആ അർത്ഥത്തി

ലല്ല മണിപ്രവാളത്തെ വിവക്ഷിക്കുന്നതു്. നായികാവർണ്ണനപരവും, നായികാപ്രീണനപരവുമായ ശൃംഗാരകാവ്യമത്രേ മണിപ്രവാളം. അതിൽ ഭാഷാസമ്മേളന സ്വഭാവംകൂടി സൂചിതമാണെന്നു മാത്രമേയുള്ളു.

"മണിപ്രവാളവിദ്യേയം
പാഠകേഷ്വവതിഷ്ഠതേ
ലംബശിപ്രിപരീവാരാ
മഹിളാളി മഹാസ്പദാ"

മഹിളാജനങ്ങളെ ആസ്പദമാക്കിയുള്ളതാണു് മണിപ്രവാളം. ആ ദേവിയാകട്ടെ, ലംബശിപ്രിപരീവാരയായി പാഠകങ്ങളിൽ വിജയിച്ചരുളുകയും ചെയ്യുന്നു. സുശ്രാവവും, ഭാവമധുരവുമാണു് മണിപ്രവാളമെന്നുള്ള "ചന്ദ്രോത്സവ" നിർദ്ദേശം മണിപ്രവാളത്തെ പാഠകോചിതവും ശൃംഗാരമയവുമായ കാവ്യമായിട്ടാണു് പരിഗണിക്കുന്നതു്. കാമനെ ദഹിപ്പിച്ചതോടെ സ്വർഗ്ഗത്തിൽ മേനകാസദനത്തിൽ

"ചെമ്മേ നാലുമണിപ്രവാള
മുയരൊച്ചൊല്ലുളുമില്ലാരുമേ"

എന്നുള്ള പരാതി ഉണ്ടാകാനും കാരണം അതിന്റെ ഭാവമധുരമായ ശൃംഗാരസ്വഭാവമാണു്. മണിപ്രവാളരൂപത്തിലുണ്ടായ ശൃംഗാരകാവ്യങ്ങളുടെ ബാഹുല്യമാണു് ആ സംജ്ഞയ്ക്കു് ആ മാതിരി കാവ്യമെന്നുള്ള അർത്ഥത്തിൽ സാധുതം സിദ്ധിച്ചതിനു കാരണമെന്നു വിചാരിക്കണം. എന്നാൽ, പദ്യകാവ്യങ്ങൾ മാത്രമല്ല, ഗദ്യകാവ്യങ്ങളും, ചമ്പുക്കളും മണിപ്രവാളത്തിലുണ്ടായിരുന്നു എന്നുള്ളതും വിസ്മരിക്കാൻ വയ്യ. ശൃംഗാരം മാത്രമല്ല ദേവസ്തുതി, രാജസ്തുതി മുതലായവയും മണിപ്രവാളകാവ്യങ്ങൾക്കു് വിഷയമായിരുന്നു. ശൃംഗാരകാവ്യങ്ങളാണു് മണിപ്രവാളസാഹിത്യത്തിൽ മുന്നണിയിൽ നിൽക്കുന്നതെന്നേയുള്ളു.

പൊതുവേ ഈ ശൃംഗാരകാവ്യങ്ങളുടെ സ്വഭാവം സരസകളും, സൗന്ദര്യമൂർത്തികളുമായ നായികമാരെ വർണ്ണിക്കുക, അവരുടെ പ്രശസ്തിപാടുക, അവർക്കു് ഭാവുകം ആശംസിക്കുക എന്നിവയാണു്. വെൺപല മഹീപാലൻ, ദേവനാരായണൻ തുടങ്ങിയ രാജാക്കന്മാർ കവികളെ നായികാപ്രശസ്തിപരങ്ങളായ കാവ്യങ്ങളെഴുതാൻ പ്രേരിപ്പിച്ചു വന്നു. ഉണ്ണുനീലിസന്ദേശവും ഇങ്ങനെയൊരുപ്രേരണയുടെ ഫലമായിരിക്കണം. അങ്ങനെയാണെങ്കിൽ, കാവ്യസുഷമയ്ക്കുവേണ്ടി കവി ഒരു നായകനെ കല്പിച്ചെന്നല്ലാതെ, യഥാർത്ഥമായി അങ്ങനെയൊരു നായകൻ ഉണ്ടായിരിക്കണമെന്നില്ല. ചിലനായികമാരുടെ പേരുകൾ കവികൾ മാററിയിരുന്നില്ലെന്നു കാണാം. എന്നാൽ, മാരലേഖ, മാരമാല, താരാമണി മുതലായ പേരുകൾ അവർ കാവ്യത്തിനുവേണ്ടി മനഃപൂർവ്വം നായികമാരിൽ ചാർത്തിയിരുന്നു എന്നുള്ളതും പ്രത്യക്ഷമാണു്. ഒരുവേള ചില നായികമാർ വെറും കവികല്പിതകൾ മാത്രമായിരുന്നു എന്നു വരവുന്നതുമാണു്. നായികമാർ തന്നെയും നിശ്ചിതവ്യക്തികളായിരിക്കണമെന്നു് കവികൾക്കു് അത്രയേറെ നിർബന്ധമില്ലാത്ത സ്ഥിതിയ്ക്കു് നായകന്മാരെപ്പററി അതൊട്ടുണ്ടായിരിക്കാൻ ന്യായമില്ല. പിന്നെന്തിന് ഉണ്ണുനീലിസന്ദേശത്തിലെ നായകനെപ്പററി സാഹിത്യപഠിതാക്കൾ അന്വേഷിക്കണം? ഡാക്ടർ പി. കെ. ഈ പാഴ്‌വേലയിൽ അവരെ നിരുത്സാഹരാക്കുകയാണു ചെയ്യുന്നതു്. അതിൽ തെററില്ലതാനും. എന്തെന്നാൽ, നായികാനായകന്മാർ ആരെല്ലാമായിരുന്നാലും കാവ്യം ഭംഗിയാകുന്നുണ്ടോ എന്നുമാത്രമേ കവി

കൾക്കു് നോട്ടമുണ്ടായിരുന്നുള്ളു; അതിലേറെയൊന്നും നോക്കാനുമില്ല.

മണിപ്രവാളസാഹിത്യത്തിലെ നായികമാരിൽ പലരും രാജവംശ്യരോ, രാജബന്ധുക്കളോ ആയിരുന്നിരിക്കണമെന്നുള്ള ഡാക്ടരുടെ അനുമാനത്തിനു ധാരാളം തെളിവുകൾ കാവ്യങ്ങളിൽ കാണ്മാനുണ്ടു് ഉണ്ണുനീലി വെൺപലമഹീപാലൻെറ പൂണാരമാണു്. കൗണോത്തരകൗണവം ശമണിദീപവുമായിരുന്നു. കൂടാതെ നായികമാരുടെ നക്ഷത്രങ്ങൾ കൂടി ച്ചേർത്തു് ചോതിവനിത, പൂയനായിക, ഉത്രമാതു് എന്നിങ്ങനെ വ്യപദേശിക്കുന്നതു് ക്ഷത്രിയസഹജവുമാണു്. എന്നാൽ ഇവർ വേശ്യകളും, വിദുഷികളുമായിരുന്നു. അനേകം തരുണന്മാരെ ആകർഷിക്കുന്നതു് അവർക്കൊരു അഭിമാനവുമായിരുന്നു.

ഒരു കാലത്തു് എല്ലായിടത്തും സുന്ദരികളും, കലാവിലാസിനികളുമായ സ്ത്രീകൾ സമുദായത്തിനൊരലംകാരമായി ഗണിക്കപ്പെട്ടിരുന്നു. കലസ്ത്രീകൾ ഗൃഹലക്ഷ്മികളായി തുടരുമ്പോൾ ഇവർ സമുദായജീവിതത്തെ സുഭഗവും, സഹൃവും, പരിഷ്കാരരമ്യവുമാക്കിത്തീർക്കാൻ ജീവിതം ബലികഴിച്ചവരാണു്. കാളിദാസൻെറ ഉജ്ജയിനിയിലും, പ്ലേറ്റോയുടെ ഏഥൻസിലും അവർക്കു് സമ്മാന്യമായ ഒരു സ്ഥാനമുണ്ടായിരുന്നു. ഗ്രീസിലെ "ഹെറായിറേ" വാക്കിലും നോക്കിലും അസുന്ദരമായി ഒന്നുമുണ്ടാകരുതേ എന്നു് അവരുടെ രതിദേവിയായ ആഫ്രഡൈററിനോടു് നിത്യവും പ്രാർത്ഥിച്ചിരുന്നത്രേ. കേരളത്തിലെ ജീവിതസംവിധാനത്തിലും, സമുദായജീവിതം തുരുമ്പുപിടിച്ചു് കിറുകിറുക്കാതെ മസൃണഗതി തുടരുന്നതിനുവേണ്ടി സ്ത്രീകളിൽ ഒരു ഭാഗം കാമിനികളും, വിലാസിനികളും, വിദുഷികളുമായി വർത്തിച്ചിരുന്നിരിക്കണമെന്നു് മണിപ്രവാളകാവ്യങ്ങൾ വെളിപ്പെടുത്തുന്നു. പലരുടെ പരിരംഭണങ്ങൾ സമ്പാദിക്കാൻ സാധിക്കാത്ത സ്ത്രീയ്ക്കു് അഭിമാനിക്കാനൊന്നുമില്ലെന്നു പോലും വിചാരിക്കപ്പെട്ടിരുന്നത്രേ. ഏതായാലും മണിപ്രവാളം കേരളത്തിലെ സമുദായജീവിതത്തേയും, അതിൻെറ ആദർശത്തേയും ധാരാളം വെളിപ്പെടുത്തിക്കൊണ്ടു് കേരളീയമായിത്തന്നെ നിലകൊള്ളുന്ന ഒരു സാഹിത്യവിഭാഗമാണു്. അങ്ങനെയല്ലെങ്കിൽ സ്ത്രീകളെ വിഷയീകരിച്ചു് കണ്ടമാനം കാവ്യങ്ങൾ എഴുതാനും, അവ അവരെ ചൊല്ലിക്കേൾപ്പിക്കാനും, പാഠകമായി രംഗപ്രയോഗം ചെയ്യാനും എളുപ്പമുണ്ടെന്നു തോന്നുന്നില്ലാ. ചില കാവ്യങ്ങൾ തോഴനോടു് പറയുന്നതായും, തോഴൻ മറുപടി നൽകുന്നതായും സങ്കല്പിക്കപ്പെട്ടിരിക്കുന്നതിനാൽ അവ രംഗപ്രയോഗത്തിനുവേണ്ടി എഴുതപ്പെട്ടവയാണെന്നുള്ള അനുമാനം ബലപ്പെടുകയാണു് ചെയ്യുന്നതു്.

കേരളീയരുടെ സ്വന്തമെന്നു്, അഥവാ, ഇവിടത്തെ മണ്ണിൽത്തന്നെ ഉൽഭവിച്ചതെന്നു് പറയത്തക്ക രണ്ടുതരം സാഹിത്യമാണുള്ളതു്. ഒന്നു് വീരകഥാനുഗായികളായ പഴയ നാടൻപാട്ടുകളും, മററതു് മണിപ്രവാളകൃതികളും തന്നെ. രണ്ടും കേരളീയജീവിതത്തിൻെറ രണ്ടു ഭാവങ്ങളെ സവിശേഷം പ്രതിഫലിപ്പിക്കുന്നുണ്ടെന്നുള്ളതിൽ സംശയമില്ല. മണിപ്രവാളസാഹിത്യത്തിൽ പ്രതിഫലിക്കുംപ്രകാരമുള്ള കേരളീയ ജീവിതത്തെപ്പററി ഡാക്ടർ പി. കെ. തന്നെ പറയട്ടെ: "ഇവയിൽ എവിടെ നോക്കിയാലും കാമത്തിൻേറയും അർത്ഥത്തിൻേറയും ചിത്രീകരണമാണു കാണുന്നതു്. അനുരക്തകളായ നായികമാർ, കാമവിവശരായ നായകന്മാർ, ബഹുവിധങ്ങളായ

ജീവിതസൗകര്യങ്ങൾ, മണിമാളികകൾ, ഉദ്യാനങ്ങൾ, മനോഹര വേഷങ്ങൾ, ആഭരണങ്ങൾ, അലങ്കാരങ്ങൾ, തോഴിമാർ, സഖാക്കൾ, ആശ്രിതന്മാർ എന്നുവേണ്ട, സുഖഭോഗസമൃദ്ധമായ ജീവിതത്തിന്റെ നിഴലാട്ടം ഈ കൃതികളിൽ സർവ്വാംഗീണമായി സ്ഫുരിക്കുന്നു.....കൂത്തിൽ ചാക്യാർ നടത്തുന്ന പ്രവചനം ധർമ്മം മോക്ഷം എന്നീ രണ്ടു പുരുഷാർത്ഥങ്ങളെ അധികരിച്ചിരിക്കുന്നു.... ..ഈ പ്രസ്ഥാനത്തിനു സമാന്തരമായി കാമാർത്ഥങ്ങൾക്കു് പ്രാധാന്യം കൽപിക്കുന്ന ഒരു പാഠകപദ്ധതി ഉണ്ടായിരുന്നിരിക്കാമെന്നും അതിന്റെ ആവശ്യത്തിനായിട്ടായിരിക്കാം പല മണിപ്രവാള കൃതികളും രചിച്ചിട്ടുള്ളതെന്നും അഭ്യൂഹിക്കാം." അതിനാൽ മണിപ്രവാളസാഹിത്യം വെറും മൂരിക്കുട്ടന്മാരുടെ കാമചാപല്യത്തിന്റെ ഫലമാണെന്നു കരുതുന്നതു് മൗഢ്യമായിരിക്കും.

നായികാനായകന്മാർ ആരെന്നും ഏതെന്നുമില്ലാതെ ഏറിയക്രമം വിനോദത്തിനുവേണ്ടി മററുള്ളവരുടെ പ്രേരണണയനുസരിച്ചു് എഴുതപ്പെട്ട ഈ കാവ്യങ്ങളിൽ കവികൾ ബഹിരാത്മകമായ (Objective) ഒരു ഭാവമാണു് സ്വീകരിച്ചിരിക്കുന്നതെന്നു കാണാം. കാവ്യാന്തർഗ്ഗതമായ അവരുടെ കാമചാപല്യം അന്യരുടെ രസത്തിനുവേണ്ടിയുള്ള വെറും അഭിനയമല്ലാതെ മറൊന്നുമല്ല. മൂരിക്കുട്ടന്മാരെന്നും മററുമുള്ള അനന്തരകാലികരുടെ അധിക്ഷേപത്തിനു് അവർ പാത്രീഭവിച്ചപ്പോൾ പ്രസ്തുത ഭാവപ്രകാശനത്തിൽ അവർ പരമവിജയം പ്രാപിച്ചെന്നു സിദ്ധമായിക്കഴിഞ്ഞു.

ചാക്യാർ കൂത്തിൽ നേരിട്ടുള്ള പരിഹാസത്തിനു പാത്രമാകുന്ന യാതൊരു സദസ്യനും അതിനെപ്പററി കുപിതനാകാൻ പാടില്ലെന്നുള്ളതു് അനുല്ലംഘ്യമായ വഴക്കമാണു്. അതൃയുള്ള ബഹിരാത്മകത്വവും (Objectivity) നർമ്മബോധവും (Sense of humour) അന്നത്തെ ജനസമുദായത്തിൽ ധാരാളം പ്രതീക്ഷിക്കപ്പെട്ടിരുന്നു എന്നാണു് അതിനർത്ഥം. മണിപ്രവാളകാവ്യങ്ങൾ രംഗയോഗ്യങ്ങളെന്ന നിലയിലാണു് രചിക്കപ്പെട്ടതെന്നുള്ള ഡാക്ടർ പി. കെ യുടെ അഭ്യൂഹം ശരിയാണെങ്കിൽ, നിലയും വിലയുമുള്ള ക്ഷത്രിയ സ്ത്രീകൾ തന്നെയും ബഹുജനങ്ങളുടെ മാനസോല്ലാസത്തിനുവേണ്ടി കാവ്യവിഷയങ്ങളാക്കപ്പെട്ടതിൽ അസംഗതമായൊന്നുമില്ലെന്നാണു് വിചാരിക്കേണ്ടതു്. തന്നിമിത്തം കവികളുടെ ഈ "അപചാര"ത്തെ നിരുത്സാഹമാക്കാൻ ആ സ്ത്രീകളോ മററുള്ളവരോ ഉദ്യമിക്കുമായിരുന്നില്ലെന്നു പറയേണ്ടിയിരിക്കുന്നു. കാവ്യകലയും, കലാവേദികളും വ്യക്തികളുടെ അപ്രകൃതമായ പ്രതിഷേധങ്ങളിൽനിന്നു് പാടേ വിമുക്തങ്ങളും നിർബാധങ്ങളുമായിരുന്നു എന്നുള്ള അനുമാനം, ഈ അവസ്ഥയിൽ, അപരിഹാര്യമായിത്തന്നെയിരിക്കുന്നു. അന്നത്തെ ആളുകൾ നിർവ്യക്തികമായ ശൃംഗാരരസത്തിൽ എത്രമാത്രം അകമഴിഞ്ഞു ലയിച്ചിരുന്നു എന്നുള്ളതിനു് തികഞ്ഞ തെളിവാണു് കുഞ്ചൻനമ്പ്യാരുടെ തുള്ളലുകൾ. അദ്ദേഹം "ഭടജനങ്ങടെ" രസത്തിനുവേണ്ടി കൂത്തു പറയുന്നതിനുപകരം തുള്ളിയെന്നേയുള്ളു. തുള്ളൽ കണ്ടുകൊണ്ടിരുന്ന നായന്മാരെയും പട്ടന്മാരെയും, ആട്ടക്കാരെയും, നായാട്ടുകരെയും നല്ലവണ്ണം കളിയാക്കുമ്പോൾ പോലും അദ്ദേഹത്തിന്റെ പ്രസ്ഥാനം നിർബാധം തുടരുകയാണുചെയ്തതെന്നു പറയേണ്ടതുമില്ല.

മനുഷ്യമനസ്സിന്റെ വിരസമായ ഒരു ഗ്രാമ്യതയെപ്പററി ട്രെവീലിയൻ തന്റെ

English Social History "ഇംഗ്ലീഷ് സാമൂഹ്യ ചരിത്ര"ത്തിൽ പറയുന്നു. ഈ ഗ്രാമ്യതയിൽനിന്നു് മോചനം പ്രാപിക്കാൻ ജനങ്ങൾ പഴയ ശ്രേഷ്ഠകൃതികൾ നല്ലവണ്ണം പരിചയിച്ചിരിക്കണമെന്നാണു് അദ്ദേത്തിന്റെ അഭിപ്രായം. എന്നുതന്നെയല്ല, ആധുനിക കൃതികൾ ഗ്രാമ്യതയെ Vulgarity-യെ ശമിപ്പിക്കുന്നതിനു പകരം വൎദ്ധിപ്പിക്കുകയാണു ചെയ്യുന്നതെന്നും അദ്ദേഹത്തിനു് അഭിപ്രായമുണ്ടു്. ട്രെവീലിയന്റെ വാക്യം നോക്കുക:— "Very many people of all classes of the time of Waterloo knew the Bible with a familiarity which raised their imagination above the level of that insipid vulgarity of mind which the modern multiplicity of printed matter tends rather to increase than to diminish."

ഗവേഷണങ്ങളുടെ ഫലമായുണ്ടാകുന്ന പ്രബന്ധങ്ങൾ ഗ്രാമ്യങ്ങളല്ലെങ്കിൽ തന്നെയും വിരസങ്ങളായിട്ടാണു തീരുക. കവികളുടെ ഊരും പേരും കാലവും നിശ്ചയിക്കുന്നതിനിടയിൽ ഗവേഷകന്റെ പാണ്ഡിത്യവും, യുക്തികൗശലവും മാത്രമല്ല, ഗവേഷണത്തിന്റെ തന്നെ നിഷ്ഫലതയും, അരസികതയുംകൂടി വെളിപ്പെട്ടുപോകയാണു് സാധാരണ ചെയ്യാറുള്ളതു്. പോരെങ്കിൽ, സ്വമതസ്ഥാപനവ്യഗ്രത വളൎന്നു വശാകുന്നതോടെ, "എന്തോ കഥിക്കുന്നതു, നീയിടഞ്ഞാലെന്താണു് തേങ്ങാക്കുലയാണെനിയ്ക്കു്!" എന്നും മററും പറയാൻ ചിലർ മടിക്കാറില്ല. അപ്പോൾ ഗവേഷണം ഗ്രാമ്യവുമായിപ്പോകുന്നു എന്നാണു് പറയേണ്ടതു്. കവികളുടെ കാലം, പേരു മുതലായവയെപ്പററി ഡാക്ടർ പി. കെ. തൽപ്പരനല്ലെന്നു് ഇതിനൎത്ഥമില്ല. എന്നാൽ, അതെല്ലാം അറിയുമ്പോൾ ഗവേഷണം അവസാനിച്ചെന്നു് മററു ചിലരേപ്പോലെ അദ്ദേഹം കരുതുന്നില്ല. അഥവാ, ഗവേഷണം ഭാവനാശക്തിയുമായി ബന്ധമില്ലാത്ത ഒരു ശുഷ്കകൎമ്മമാണെന്നു് ഡാക്ടൎക്കു് അഭിപ്രായമില്ലെന്നു സാരം.

പക്ഷെ ട്രെവീലിയന്റെ വാക്യം ഉദ്ധരിച്ചതിന്റെ ഉദ്ദേശ്യം ഇനിയും വെളിപ്പെടേണ്ടതായിരിക്കുന്നതേയുള്ളു. മണിപ്രവാള സാഹിത്യത്തിൽ ആരോപിക്കപ്പെട്ടിരുന്ന ഗ്രാമ്യതയിൽനിന്നു് ഡാക്ടർ അതിനെ പാടേ മോചിപ്പിച്ചിരിക്കുന്നു. മനുഷ്യന്റെ ഭാവനാശക്തിയെ കേവലം ഗ്രാമ്യതയിൽനിന്നു് മോചിപ്പിക്കുന്നതിനുവേണ്ടി ആ മഹാസാഹിത്യശാഖ ഉണ്ടായെന്നു് അദ്ദേഹം തികച്ചും തെളിയിച്ചു കഴിഞ്ഞു. ഭാവനാശക്തിയുള്ള ഒരുവന്റെ കയ്യിൽ കിട്ടുമ്പോൾ ഗവേഷണത്തിന്റെ സ്വഭാവം എത്രത്തോളം മാറുമെന്നുള്ളതിനു് ഒരു ഉദാഹരണമാണിതു്. നിർദ്ദോഷമായ രസികതയിൽ മജ്ജനോന്മജ്ജനം ചെയ്തിരുന്ന ഒരു സുകുമാരവൎഗ്ഗത്തിന്റെ കലാമധുരിമയാണു് മണിപ്രവാള സാഹിത്യത്തിന്റെ ബീജവും മൂൎത്തിയും. ജീവിതം വെറുക്കപ്പെടാനുള്ള ഒന്നല്ല. ധൎമ്മമോക്ഷങ്ങൾക്കു് അതിൽ എത്രമാത്രം സ്ഥാനമുണ്ടോ അത്രമാത്രം സ്ഥാനം കാമാൎത്ഥങ്ങൾക്കുമുണ്ടു്. അതാണു് ജീവിതത്തിന്റെ സൎവ്വതോമുഖമായ സമഗ്രത. ഇതു് തെററാണെന്നു് എങ്ങനെ പറയാൻ കഴിയും?

ഡാക്ടർ പി. കെ. യുടെ ഗവേഷണത്തിൽ കാവ്യഗുണവും അലങ്കാരോജ്ജ്വലതയും, വാദകോലാഹലവും ഒന്നുമല്ല ഏറിയക്കൂറും കാണുന്നതു്. അവയെല്ലാം സഹൃദ

യവേദ്യമാണെന്നു് അദ്ദേഹം അറിയുന്നുണ്ടു്. മണിപ്രവാളകാലത്തെ ജനസമുദായത്തിന്റെ പ്രവണതകളെപ്പററിയുള്ള സയുക്തികമായ ഒരു പ്രപഞ്ചനമാണു് പദ്യരത്നത്തിൽ പ്രധാനമായി കാണുന്നതെന്നു് പറയണം. സാഹിത്യത്തിലൂടെ അതിന്റെ ജനയിതാവായ ജനവർഗ്ഗത്തെ പുനഃസൃഷ്ടിക്കാൻ തക്ക അഗാധമായ ഭാവനാശക്തിയും, സൂക്ഷ്മസൂക്ഷ്മമായ ബുദ്ധിവിശേഷവും ഡാക്ടർ ധാരാളം പ്രകടിപ്പിച്ചിട്ടുണ്ടു്. നൃത്തഗീതാദികളിലും, ദൃശ്യകാവ്യങ്ങളിലും രസിച്ചിരുന്ന ഒരു സമുദായത്തെ അദ്ദേഹത്തിന്റെ ഗവേഷണം പുനർജ്ജീവിപ്പിച്ചിരിക്കുന്നു എന്നുള്ളതിൽ തർക്കമില്ല. അതിന്റെ സമ്പൽസമൃദ്ധിയും, വികാരതരളതയും, ഭാവകൗതുഹലവും അതിററ ഒരു സന്ധാനശക്തി (Power of synthesis) യുടെ ഫലമായി വീണ്ടും ഉയിർകൊണ്ടിരിക്കുന്നു എന്നുതന്നെ പറയാം. സന്ധാനം ജീവന്റെ ധർമ്മമാണു്. ഡാക്ടർ പി. കെ. യുടെ ഭാവനാശക്തി സജീവമാണെന്നു സാരം. ലീലാതിലകകാരൻ മണിപ്രവാളത്തെ എത്രത്തോളം സങ്കുചിതമാക്കിയോ, അത്രത്തോളം വിപുലമാക്കുകയാണു് ഡാക്ടർ പി. കെ. ചെയ്തിരിക്കുന്നതു്. കേരളത്തോടുമാത്രമല്ല, പൊതുവേ ലോകത്തോടു തന്നെ അതിനു കുടുംബബന്ധമുണ്ടു്. അതിൽ പ്രതിബിംബിക്കുന്ന ജീവിതം ലോകവ്യാപ്തമായിരുന്നു എന്നൊരു സൂചനയും ഡാക്ടരുടെ ഗവേഷണത്തിലടങ്ങിയിരിക്കുന്നു. അത്രമാത്രമല്ല, ആ ജീവിതം ആഹ്ളാദജനകമെന്നപോലെതന്നെ അഭിജാതവുമായിരുന്നു. ചുരുക്കത്തിൽ സാഹിത്യത്തെ വെറും ശബ്ദാത്മമയമായിട്ടല്ല, ജീവന്റെ ഒരു വ്യാപാരവിശേഷമായിട്ടാണു് ഡാക്ടർ കാണുന്നതു്. അതിൽ ഊരും, പേരും, കാലവും, രസവിചാരവുമെല്ലാം വെറും ആനുഷംഗികം മാത്രം.

മിതമായവാക്കുകളിലും സ്വരത്തിലും ശാസ്ത്രീയമായ ഒരു പ്രബന്ധമാണു് ഡാക്ടർ പി. കെ. തയ്യാറാക്കിയിരിക്കുന്നതു്. മധുരമായ യുക്തികളും, ഉദാരമായ രീതിയും അതിനെ നിതരാം ഹൃദ്യമാക്കുന്നുണ്ടു്. വാദത്തിനിടയിൽ കാട്ടുകയറുന്ന സ്വഭാവം ഒരിടത്തും കാണ്മാനില്ല. ഡാക്ടർ പി. കെ. യും കേവലം ബഹിരാത്മകമായ ഭാവത്തിലാണു് ഗവേഷണം നടത്തിയിട്ടുള്ളതെന്നു തീർത്തുപറയാം. ഗവേഷകന്റെ മനസ്സിനു സിദ്ധിച്ചിട്ടുള്ള അച്ചടക്കവും, വ്യവസ്ഥിതിയും ഗവേഷണത്തിൽ ധാരാളം പ്രതിഫലിക്കുന്നുണ്ടു്. മലയാളസാഹിത്യത്തിന്റെ ചരിത്രം ഇപ്രകാരം വ്യവസ്ഥിതമായ ഒരു രീതിയിലാണു തയാറാകുന്നതെങ്കിൽ അതിനേപ്പററി അഭിമാനിക്കാൻ കഴിയുമെന്നുള്ളതിൽ സംശയമില്ല. അതെങ്ങനെയായാലും, ഏതു് മലയാളസാഹിത്യചരിത്രത്തിലും ഈമാതിരി ഗവേഷണ പ്രബന്ധങ്ങൾക്കു് സ്ഥാനമുണ്ടു്., അഥവാ ഉണ്ടായിരിക്കേണ്ടതാണു്. സാഹിത്യത്തിന്റെ വിവിധ പരിണാമദശകളെപ്പററിയുള്ള ഈമാതിരി പ്രബന്ധങ്ങൾ കഴിവുള്ളവർ തയാറാക്കുന്നെങ്കിൽ അവയെല്ലാം കൂടി പ്രാമാണികമായ ഒരു ഭാഷാചരിത്രമായിത്തീരാതിരിക്കയില്ല. ഡാക്ടർ പി. കെ. ചരിത്രനിർമ്മാണത്തിനുള്ള ആ മാർഗ്ഗം ചൂണ്ടുന്നുണ്ടെന്നു് കാണാൻ കഴിയും.

പി. ദാമോദരൻ പിള്ള. ബി. ഏ.

പുഷ്ടമാകേണ്ട സാഹിത്യശാഖകൾ

# ജീവചരിത്രം

സി. നാരായണപിള്ള

ഇംഗ്ലീഷിനോടുള്ള സമ്പർക്കം മൂലം വളർന്നുകൊണ്ടിരിക്കുന്ന സാഹിത്യശാഖകളിലൊന്നാണ് ഭാഷയിലെ ജീവചരിത്രം. എന്നാൽ ഇംഗ്ലീഷ് സാഹിത്യവുമായുള്ള വേഴ്ചകൊണ്ടു് പടർന്നു തഴച്ചുകൊണ്ടിരിക്കുന്ന ചെറുകഥാ പ്രസ്ഥാനത്തേയോ നോവൽ ശാഖയേയോ പോലെ ജീവചരിത്രം നമ്മുടെ ഭാഷയിൽ അത്ര തന്നെ വികസിച്ചിട്ടില്ല. സംഖ്യയിലും കലാസൗന്ദര്യത്തിലും മലയാള ജീവചരിത്രങ്ങൾ തുലോം പിന്നണിയിലാണ് നിലകൊള്ളുന്നതു്. ഇംഗ്ലീഷ്സാഹിത്യം പ്രയോഗിച്ചു് ഉപേക്ഷിച്ചു കഴിഞ്ഞിട്ടുള്ള രചനാ മാർഗങ്ങൾ തന്നെയാണ് ഇന്നും മലയാള ജീവചരിത്ര കർത്താക്കൾ മാതൃകയായി അനുകരിച്ചു വരുന്നതു്. ആ പഴയ മാതൃകകൾ ഇരുപതാം ശതകത്തിന്റെ ആരംഭത്തിനു മുൻപു തന്നെ പാശ്ചാത്യ രാജ്യങ്ങളിൽ പ്രചാരലുപ്തമായിത്തുടങ്ങിയിരുന്നു. ചരമമടഞ്ഞവരുടെ സ്മരണയെ നിലനിർത്തുവാൻ വേണ്ടി ഒന്നോ രണ്ടോ ഭാഗങ്ങളായി തടിച്ച ചില പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്ന ആ പഴയസമ്പ്രദായം ആർക്കും സുപരിചിതമാണ്. യാതൊരു ക്രമവും വിശകലനവും കൂടാതെ വലിച്ചു വാരി എഴുതിക്കൂട്ടിയിട്ടുള്ള സ്ഥൂല വിവരണങ്ങളും മുറിഞ്ഞു ശിഥിലപ്പെട്ട ഭാഷാരീതിയും മനം മടുപ്പിക്കുന്ന സ്തുതിഗീതങ്ങളും രൂപരഹിതമായ സാഹിത്യവും ഉൽസവ സ്ഥലങ്ങിൽ കെട്ടിവയ്ക്കാറുള്ള ചില ഉരുക്കളുടെ പ്രതീതിയാണ് വായനക്കാരിലുണ്ടാക്കുന്നതു്. ചരിത്രനായകന്റെ ജഡം മറവുചെയ്ത ശ്മശാനത്തിൽ നിന്നുയർത്തെഴുന്നേൽക്കുന്ന ഈ സ്മാരകങ്ങൾ മനുഷ്യപ്രേതങ്ങൾ പോലെ ബീഭൽസങ്ങളാണ്. ചില ബുദ്ധിമാന്മാർ അവരുടെ ജീവിതകാലത്തു തന്നെ ജീവചരിത്രകർത്താക്കളെ തിരഞ്ഞെടുത്തു് ഗ്രന്ഥനിർമ്മാണത്തിനു നിയോഗിച്ചിരുന്നു. ചരിത്രനായകന്റെ സ്വകാര്യജീവിതത്തേയോ സ്വഭാവത്തിലുള്ള ദൌർബല്യങ്ങളേയോ ചെയ്തുപോയിട്ടുള്ള തെറ്റുകളേയോപററി ജീവചരിത്രം മൌനംദീക്ഷിച്ചു കൊള്ളണമെന്നു് അവരുടെ കുടുംബാംഗങ്ങൾ ആവശ്യപ്പെടാറുണ്ടു്. ആക്ഷേപാർഹമോ അപവാദകരമോ ആയ സംഭവങ്ങളാണ് ഒരാളുടെ ജീവിതത്തിലധികമുണ്ടായിരുന്നതെങ്കിൽ ആ വസ്തുതകളെപ്പററി ആനുഷംഗികമായി സൂചിപ്പിക്കുവാൻ മാത്രമേ ജീവചരിത്രകർത്താക്കൾക്കവകാശമുണ്ടായിരുന്നുള്ളു. ചരിത്രനായകൻ എഴുതിയിട്ടുള്ള കത്തുകൾ അദ്ദേഹത്തിന്റെ കണക്കുപുസ്തകങ്ങൾ സ്വകാര്യഡയറികൾ, പ്രസംഗങ്ങൾ, ലേഖനങ്ങൾ എന്നിങ്ങനെ ഒട്ടു വളരെ സാമഗ്രികൾ ജീവചരിത്രകാരന്റെ മുൻപിൽ വന്നു കുമിയുന്നു. ഇവയൊക്കെ കുടുംബാംഗങ്ങൾ അദ്ദേഹത്തെ ഏൽപ്പിക്കുന്നതുതന്നെ അവക്കു് അദ്ദേഹത്തിലുള്ള വി

ശ്വാസത്തിന്റെ ഒരുലക്ഷണമാണു്. ഔചിത്യബോധത്തോടെപ്രശംസാപരമായുള്ള കാര്യങ്ങൾ മാത്രം തിരഞ്ഞെടുത്തു പ്രസിദ്ധപ്പെടുത്തുവാൻ പരോക്ഷമായിട്ടെങ്കിലും മുൻകൂട്ടി ഒരുറപ്പുനൾകുവാൻ അയാൾ ബാദ്ധ്യസ്ഥനുമാണു്. കഥാനായകന്റെ വിധവ ജീവിച്ചിരിക്കുന്നുണ്ടെങ്കിൽ സ്വഭർത്താവിനെപ്പററി ജീവചരിത്രകാരൻ രചിക്കുന്ന ഓരോ ചിത്രവും സൂക്ഷ്മമായി പരിശോധിക്കുവാനും, ആ ചിത്രത്തിൽ ഭാവിലോകം ചരിത്രനായകന്റെ പത്നിയെ എങ്ങിനെ വീക്ഷിക്കണമെന്നു നിശ്ചയിക്കുവാനും അവൾക്കവകാശമുണ്ടായിരിക്കണം. ഇതിന്റെയൊക്കെ ഫലമായി ഭൂജാതമാകുന്ന ശിശുവിന്റെ വൈരൂപ്യവും മുൻകൂട്ടി തീരുമാനിക്കാവുന്നതേയുള്ളു. വൈശിഷ്ട്യങ്ങൾ കുത്തിനിറച്ചിട്ടുള്ള തടിച്ച ഈ പുസ്തകങ്ങൾ വായിക്കുന്തോറും ഗുണവിശേഷങ്ങളുടെ സാന്നിദ്ധ്യത്തെപ്പററിപ്പോലും വായനക്കാർ സംശയിച്ചു തുടങ്ങുന്നു.

ഇങ്ങനെ മൃതിയടഞ്ഞവരുടെ പ്രശസ്തിയെ നിലനിറുത്തുവാൻ പഴയ ജീവചരിത്രകാരന്മാർ പണിതു പ്രദർശിപ്പിച്ചുകൊണ്ടിരുന്ന അചേതനങ്ങളും അസ്വാഭാവികങ്ങളുമായ കൂററൻ സ്മാരകഗ്രന്ഥങ്ങളുടെ മദ്ധ്യത്തിലാണു് ആധുനിക ജീവചരിത്രഗ്രന്ഥങ്ങളുടെ നിർമ്മാതാവായ ലിട്ടൻ സ്ട്രാച്ചി അദ്ദേഹത്തിന്റെ "എമിനൻറ് വിക്ടോറിയൻസ്", "വിക്ടോറിയ മഹാരാജ്ഞി" എന്നീ ഗ്രന്ഥങ്ങൾ ഇരുപതാംശതകത്തിന്റെ ആദിഘട്ടത്തിൽ അവതരിപ്പിച്ചതു്. 19-ാം ശതകത്തിലെ കരിങ്കൽ പ്രതിമകളുടെ മദ്ധ്യത്തിലാണു് കലാസുഭഗവും ആപാദമധുരവുമായ സ്ട്രാച്ചിയുടെ ഗ്രന്ഥങ്ങൾ വന്നുപിറന്നതു്. പഴയ ജീവചരിത്രങ്ങളുമായി രചനയിലോ ഉള്ളടക്കത്തിലോ രൂപത്തിലോ അവയ്ക്കു യാതൊരു ബന്ധവുമുണ്ടായിരുന്നില്ല. സ്ട്രാച്ചിയുടെ ജീവചരിത്രങ്ങൾ ഒന്നാംതരം ആഖ്യായികകൾപോലെ വായനക്കാരെ ആനന്ദിപ്പിക്കുന്നു. അദ്ദേഹത്തിന്റെ രചനാരീതിയിൽ വൃഥാ സ്ഥൂലമായ ഒരു വരിയോ പദമോ നാം കാണുന്നില്ല. ചരിത്രനായകനെ അദ്ദേഹം വിമർശിക്കുന്നില്ല. കഥാപാത്രങ്ങളുടെ ചെയ്തികളെപ്പററി വിധികല്പിക്കുന്നുമില്ല. കഥാനായകന്റെ ജീവിതരംഗങ്ങൾ ഒന്നൊന്നായി വായനക്കാർക്കു തുറന്നുകാണിച്ചുകൊടുത്തിട്ടു് അദ്ദേഹം കടന്നുപോകുന്നു. ഗ്രന്ഥകർത്താവു് ഒരിടത്തുപോലും ആവശ്യമില്ലാതെ പ്രത്യക്ഷപ്പെടുന്നില്ല. കഥാനായകന്മാരിൽ ഓരോരുത്തരുടേയും പുറകിൽ അദ്ദേഹം നടന്നുപോകുന്നു. എന്നാൽ അതേസമയംതന്നെ വിശ്വസ്തതയോടും സൂക്ഷ്മമായും അദ്ദേഹം അവരുടെ അംഗവിക്ഷേപങ്ങളും സംഭാഷണവികലതകളുംകൂടി വിനോദജനകമാംവണ്ണം ചിത്രീകരിക്കുന്നു. ആധുനിക ജീവചരിത്രകാരന്മാർ കുററങ്ങളും കുറവുകളുമില്ലാത്തവരോ തെററുകൾക്കതീതന്മാരോ ആയ മഹാന്മാരെ അല്ല സൃഷ്ടിക്കുന്നതു്. നേരേമറിച്ചു് സാധാരണ മനുഷ്യർക്കും എങ്ങനെ മഹാന്മാരായിത്തീരുവാൻ കഴിയുമെന്നു് ചിത്രീകരിച്ചുകാണിക്കുകയാണവർ ചെയ്യുന്നതു്. ഗുണഭാഗങ്ങളെ ഉയർത്തിക്കാട്ടിയും ദോഷഭാഗങ്ങളെ മാച്ചുവെച്ചും കുടുംബാംഗങ്ങളുടെ മാന്യതയ്ക്കും മൂല്യവികാരങ്ങൾക്കും ഉടവുതട്ടാതെയും രചിക്കപ്പെട്ടിട്ടുള്ള പ്രാചീന ജീവചരിത്രങ്ങൾ മിക്കപ്പോഴും സത്യത്തോടു ബന്ധമില്ലാത്തവയാണു്. യാഥാർത്ഥ്യങ്ങളെ മാച്ചുവച്ചുകൊണ്ടു് മാതൃകാനായകന്മാരെ സൃഷ്ടിക്കുന്നവർ സർവശക്തന്റെ സൃഷ്ടിക്കു മാററുകൂട്ടുവാൻ ശ്രമിക്കുകയാണെന്നു് വാൾട്ട്വിററ്മാൻ പറഞ്ഞിട്ടുണ്ടു്.

ജീവചരിത്രങ്ങളുടെ മൂല്യം അവയിൽ ചിത്രീകരിക്കുന്ന വസ്തുതകളുടെ യാഥാർത്ഥ്യത്തെ അടിസ്ഥാനമാക്കി പരിഗണിക്കപ്പെടേണ്ടതാണു്. അസത്യങ്ങളാണു് ഗ്രന്ഥകാരൻ രേഖപ്പെടുത്തുന്നതെങ്കിൽ ആ ഗ്രന്ഥം നിഷ്പ്രയോജനമായിത്തീരുന്നു. ചിലപ്പോൾ മരിച്ചുപോയ ഒരാളെപ്പററി മുഴുവൻസത്യവും രേഖപ്പെടുത്തുന്നതു് ഗ്രന്ഥകാരനും, ചരിത്രനായകന്റെ ജീവിച്ചിരിക്കുന്ന കുടുംബാംഗങ്ങൾക്കും മിത്രങ്ങൾക്കും വേദനാജനകമാണെന്നുവന്നേക്കാം. അങ്ങനെയുള്ള ഘട്ടങ്ങളിൽ പരിഹാരമാർഗ്ഗം വളരെ ലഘുവാണു്. ജീവചരിത്രം രചിക്കേണ്ടെന്നുവയ്ക്കുകയാണതു്. എഴുതുന്നപക്ഷം അതു സത്യമായിരിക്കണമെന്നു നിഷ്കർഷിക്കേണ്ടതാണു്.

എന്നാൽ ജീവചരിത്രങ്ങൾ കേവലം വാസ്തവകഥനങ്ങൾ മാത്രമായിരുന്നാൽ പോരാ. ആധുനികജീവചരിത്രങ്ങൾ കലാസുന്ദരങ്ങളായ മനോഹര കാവ്യങ്ങൾ കൂടിയാണു്. ആധുനികജീവചരിത്രകാരൻ ഒരനുഗ്രഹീതനായ നോവൽ കർത്താവിനെപ്പോലെ ചരിത്രപുരുഷന്റെ വികാരങ്ങളുടേയും അഭിലാഷങ്ങളുടേയും പ്രതീക്ഷകളുടേയും പ്രത്യാശകളുടേയും നേരിയ ചലനങ്ങളേയും മൃദുലഭാവങ്ങളേയും വായനക്കാർക്കു തുറന്നുകാട്ടിക്കൊടുക്കുന്നു. മനുഷ്യസ്വഭാവത്തിലെ മൃദുലവികാരങ്ങളുടെ വിവിധ വശങ്ങളും ഉയർച്ച താഴ്ച്ചകളും ഒരു ചിത്രകാരനെപ്പോലെ ചായം കലർത്തിയും തുടച്ചു മാററിയും ഗ്രന്ഥകാരൻ പ്രദർശിപ്പിക്കുന്നു. സ്ട്രാച്ചിയും അദ്ദേഹത്തെപ്പോലുള്ള ഗ്രന്ഥകാരന്മാരും ജീവചരിത്രനിർമ്മാണത്തിൽ സ്വീകരിട്ടുള്ള സാങ്കേതികമാർഗ്ഗങ്ങളെപററി ഒന്നുരണ്ടു സൂചനകൾ മാത്രം ഇവിടെ നൽകുന്നതു് ഉചിതമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ജീവചരിത്രകാരൻ എപ്പോഴും കാലാനുക്രമണമായ ഒരു പ്രതിപാദനരീതി സ്വീകരിക്കേണ്ടതാവശ്യമാണു്. ചരിത്രനായകന്റെ വിവിധ ജീവിതപ്രവർത്തനങ്ങൾ അദ്ധ്യായംതിരിച്ചു് ഒരററംമുതൽ മറേറ അററം വരെ വിവരിക്കുകയും അവസാനമായി ഒരു സ്വഭാവനിരൂപണമെഴുതിച്ചേർക്കുകയുംചെയ്യുന്ന ഒരു രചനാരീതി ഇപ്പോഴും നിലവിലുണ്ടു്. ഇതു് അസ്വാഭാവികവും നീരസപ്രദവുമാണു്. ലോകപ്രശസ്തനായ പ്ലൂട്ടാർക്ക് എന്ന ഗ്രന്ഥകാരൻപോലും അദ്ദേഹത്തിന്റെ ജീവചരിത്രഗ്രന്ഥങ്ങളിൽ സ്വീകരിച്ചുപോന്ന രചനാസമ്പ്രദായമിതായിരുന്നു. ഭാവിയെപ്പററിയുള്ള പ്രതീക്ഷയിലാണു് വർത്തമാനകാലത്തിലെ മനുഷ്യജീവിതത്തെപ്പററിയുള്ള രസാനുഭൂതിഉത്ഭവിക്കുന്നതു്. നാളെയാകുന്ന കീഴ്ക്കാംതൂക്കായ പാറയുടെ വക്കിൽ, എന്തു സംഭവിക്കുവാൻപോകുന്നു എന്നറിയാതെ ഇന്നു നാം നിലകൊള്ളുന്നതിൽ അനുഭവിക്കുന്ന പ്രതീക്ഷകളും ഉൽക്കണ്ഠയുമാണു് ഈ രസാനുഭൂതിയുടെ അടിസ്ഥാനം. ചരിത്രകാരൻ ഭരണാധികാരിയോ രാജ്യതന്ത്രജ്ഞനോ ആയിത്തീരുമെന്നു് വായനക്കാർക്കു മുൻകൂട്ടിതന്നെ അറിയാമെങ്കിലും ഗ്രന്ഥത്തിലെ ആദ്യവരിയിൽത്തന്നെ അതവരെ ഗ്രന്ഥകാരനറിയിക്കുന്നതു് അസംബന്ധമാണു്. "ഭാവിയിൽ പരിഹാസത്തിനും ഫലിതത്തിനും എന്നപോലെ പ്രൌഢസാഹിത്യത്തിനും പ്രഭാഷണചാതുര്യത്തിനും പ്രശസ്തിസമ്പാദിച്ച — ഇതുതന്നെയാണു്" മലയാളഭാഷയിലുള്ള ഒരു ജീവചരിത്രത്തിന്റെ രണ്ടാം പേജിൽ എഴുതിച്ചേർത്തിട്ടുള്ള ഒരു വാചകമാണിതു്. ഒരു ജീവചരിത്രം എന്തിനാണിങ്ങനെ ആരംഭിക്കുന്നതു്. ഭരണാധികാരിയോ രാജ്യതന്ത്രജ്ഞനോ ആയിട്ടല്ല, പിന്നയോ കഥാപുരുഷനായ ബാലൻ മറേറതൊരപ്രശസ്ത

നേയും പോലെ ഒരു ശിശുവായിട്ടുതന്നെ ജനിക്കയും ബാലനായിട്ടുതന്നെ വളരു കയും ചെയ്യുന്നു. ഈ ബാലൻ മഹാനാ യിത്തീരുമെന്നു് വായനക്കാർ മുൻകൂട്ടി അറിയാത്തതുകൊണ്ടല്ല കലാകാരന്മാർ ഈ കൃത്രിമമാർഗ്ഗമുപയോഗിച്ചു് വായനക്കാ രിൽ വിസ്മൃതി വളർത്തുന്നതു്. ഈ കൃത്രിമ മാർഗ്ഗത്തിനവർ കല യെന്നു സാങ്കേതനാംകുന്നു. കാലഗതിയനുസരിച്ചു മനുഷ്യനു സ്ഥിതിഭേദങ്ങളുണ്ടായിക്കൊണ്ടി രിക്കുന്നു എന്നുള്ളതു് മൌലികമായ ഒരു വസ്തുതയാണു്. അതുപോലെതന്നെ ഇന്ന ലെവരെ തെററിനതീതരെന്നു നാം വിശ്വ സിച്ചിരുന്നവർ ഇന്നു ഹിമാലയതുല്യമായ തെററുകൾ ചെയ്യുന്നു. ഈ തെററുകൾ മുൻകൂട്ടി പ്രതീക്ഷിക്കയെന്നതും ഒരു ജീവ ചരിത്രകാരൻെറ കടമയല്ല. കാലാനു ക്രമണമായ പ്രതിപാദനംകൊണ്ടു് കഥാപു രുഷൻെറ മാനസികമായ വളർച്ചയേയും പരിവർത്തനങ്ങളേയും യഥാക്രമം യഥാ കാലം വായനക്കാർക്കു് ചിത്രീകരിച്ചു കാട്ടിക്കൊടുക്കയാണു് ഒരു കലാകാരൻ ചെയ്യുന്നതു്.

കഥാനായകൻെറ ജീവിതത്തിലുള്ള സംഭവങ്ങളെ ചരിത്രകാരനെങ്ങിനെ വീക്ഷിക്കുന്നു എന്നുള്ളതാണു് അതിപ്രധാ നമായ രണ്ടാമത്തെ സംഗതി. ഇതിലേക്കു് കലാപ്രവീണനായ ഒരാഖ്യായികാകാരനു് മൂന്നു മാർഗ്ഗങ്ങൾ തുറന്നു കിടക്കുന്നുണ്ടു്. ഒന്നുകിൽ എല്ലാ സംഭവങ്ങളും ചരിത്ര നായകൻെറ കണ്ണുകളിൽകൂടി മാത്രം നോക്കിക്കണ്ടു് വിവരിക്കുക. അല്ലെങ്കിൽ നോവലിലെ ഓരോ കഥാപാത്രങ്ങളുടെ കണ്ണുകളിൽകൂടി സംഭവങ്ങളെ നോക്കുക. മൂന്നാമതായി പാത്രസ്രഷ്ടാവായ ഗ്രന്ഥകാ രൻെറ കണ്ണുകളിൽകൂടി മാത്രം അവയെ വീക്ഷിക്കുക. കലാരസികതയുമുള്ള ഒരു ജീവചരിത്രകാരൻ എപ്പോഴും ഇവയിലാ ദ്യത്തെ മാർഗ്ഗമായിരിക്കും സ്വീകരിക്കു ന്നതു്. അതുകൊണ്ടു് ഒരു ഗ്രന്ഥത്തിൽ തന്നെ ചില ഘട്ടങ്ങളിൽ മററു മാർഗ്ഗ ങ്ങൾകൂടി സ്വീകരിക്കേണ്ടിവരികയി ല്ലെന്നർത്ഥമില്ല.

ഒരു രാജ്യതന്ത്രജ്ഞൻെറയോ രാഷ്ട്രീയ പ്രവർത്തകൻെറയോ ജീവിതം ചിത്രീകരി ക്കുമ്പോൾ അദ്ദേഹത്തിൻെറ ജീവിത ത്തോടു ബന്ധപ്പെട്ട ചരിത്രസംഭവ ങ്ങൾക്കു പ്രാധാന്യം കല്പിച്ചു് സുദീർഘ മായ വിവരങ്ങൾ എഴുതിച്ചേർക്കുന്നതു് നീരസപ്രദമാണു്. അതു ചരിത്രകാരൻെറ ജോലിയാണു്. അതുപോലെ തന്നെ ഒരു കവിയുടേയോ ആഖ്യായികാകാരൻെറയോ ജീവചരിത്രത്തിൽ അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങളുടെ നീണ്ടുപോകുന്ന വിമർശന ങ്ങളെഴുതിച്ചേർക്കുന്നതും തെററാണു്. ചരിത്രപുരുഷൻെറ ആത്മീയവും വികാര പരവുമായ വളർച്ചയേപ്പററിയാണു് ഗ്രന്ഥ കാരൻ പ്രതിപാദിക്കേണ്ടതു്. ഈ വളർച്ച യുടെ ഗതി മനസ്സിലാക്കുവാൻ ആവശ്യ മുള്ള പശ്ചാത്തലമെന്നതിൽ കവിഞ്ഞു് ചരിത്രസംഭവങ്ങൾക്കും സാഹിത്യകൃതി കൾക്കും പ്രസക്തിയില്ല. ഗ്രന്ഥകാരൻെറ വിശദമായ അഭിപ്രായങ്ങൾക്കും ജീവചരി ത്രത്തിൽ സ്ഥാനമില്ല. കഥാനായകൻെറ കാലവും ചരിത്രവും എന്ന തലക്കെട്ടുക ളോടുകൂടി ജീവചരിത്രങ്ങൾ പുറത്തു വരാ റുണ്ടു്. ചരിത്രനായകൻെറ ജീവിതകാല ത്തുണ്ടായിട്ടുള്ള എല്ലാ സംഭവങ്ങളും ഒരു പക്ഷേ അദ്ദേഹത്തിനവയിലൊക്കെ ത്തന്നെ പങ്കുണ്ടായിരുന്നു എങ്കിലും ഒരു ജീവചരിത്രത്തിൽ കുത്തിത്തിരുകുന്നതു് അരോചകമാണു്. ജനനത്തിനും മരണ ത്തിനുമിടയ്ക്കുള്ള ഒരു വ്യക്തിയുടെ സ്വഭാവ ചിത്രം മാത്രമേ കലാകാരൻ ക്യാൻവ സിൽ വരയ്ക്കുന്നുള്ളു.

വിശദാംശങ്ങളുടെ തിരഞ്ഞെടുപ്പിൽ പ്രദർശിപ്പിക്കുന്ന ഔചിത്യബോധമാണ് ഒരു കലാസൃഷ്ടിയുടെ മേന്മയെക്കുറിക്കുന്ന മറെറാരു ലക്ഷണം. ഒരു പണ്ഡിതന് സുദീർഘമായ ഗവേഷണങ്ങൾനടത്തി തികച്ചും അപ്രധാനമായ വിശദാംശങ്ങൾപോലും ശേഖരിച്ചുവച്ച് ഒരു ക്രമവും വിശകലനവും കൂടാതെ ഒരു ചരിത്രഗ്രന്ഥം എഴുതിത്തീർക്കുവാൻ കഴിഞ്ഞേക്കാം. പക്ഷേ അദ്ദേഹത്തിൻെറ സൃഷ്ടി ഒരു കലാരൂപമായിരിക്കണമെന്നില്ല. കലാകാരനായ ഒരു ജീവചരിത്രകാരൻ മറെറല്ലാററിലും ഉപരിയായി വായനക്കാരെ നിഷ്പ്രയോജനങ്ങളായ വിശദാംശങ്ങളിൽനിന്ന് രക്ഷിക്കുന്നു. എല്ലാ വിശദവിവരങ്ങളും അദ്ദേഹം വായിച്ച് പരിശോധിച്ചിരിക്കണം. ഇല്ലെങ്കിൽ പലപ്പോഴും അതിപ്രധാനങ്ങളായ വിശദാംശങ്ങൾ കണ്ടെത്തിയില്ലെന്നു വരാം. എന്നാൽ സൂക്ഷ്മമായ ഗവേഷണങ്ങൾനടത്തി വിശദാംശങ്ങൾ മുഴുവൻ ശേഖരിച്ച് കെട്ടിടം പൂർത്തിയാക്കിയതിനുശേഷം അദ്ദേഹം പുറംകെട്ടുകളൊന്നൊന്നായി പൊളിച്ചുമാററുന്നു. പുറംകെട്ടിലെ അവസാന കമ്പും പൊളിച്ചുമാററുന്നതോടുകൂടി അതിമനോഹരമായ ഹർമ്മ്യം വായനക്കാരുടെ മുൻപിൽ പ്രത്യക്ഷപ്പെടുന്നു. എന്നാൽ ഇങ്ങിനെ പുറംതള്ളുന്ന വിശദാംശങ്ങളിൽ അദ്ദേഹം പ്രത്യേകം ശ്രദ്ധപതിപ്പിക്കേണ്ടതുണ്ട്. തികച്ചും അപ്രധാനവും പ്രയോജനരഹിതവുമെന്ന് ഒറ്റനോട്ടത്തിൽ തോന്നാവുന്ന വസ്തുതകൾ പലപ്പോഴും ചരിത്രനായകൻെറ വ്യക്തിത്വത്തെ പ്രത്യേകം തെളിച്ചുകാട്ടുന്നവയായിരുന്നേക്കാം. ഒരു മനുഷ്യൻെറ രൂപം, ശബ്ദം സംഭാഷണരീതി വസ്ത്രധാരണം ഇവയൊക്കെ ജീവചരിത്രകാരന് നിസ്സാരമായി തള്ളാവുന്ന കാര്യമല്ല. ഹസ്തചലനവും നോട്ടവും മന്ദഹാസവും അംഗവിക്ഷേപങ്ങളുമൊക്കെ ആ മനുഷ്യന്റെ സ്വഭാവത്തിലും വ്യക്തിത്വത്തിലുമുള്ള വിവിധ വശങ്ങളെ തുറന്നു കാട്ടുന്നവയാണെന്നു വരാം. രേഖകളിൽനിന്നു ശേഖരിക്കുന്ന വസ്തുതകൾവഴി വെളിപ്പെടുന്ന വ്യക്തിത്വം മിക്കപ്പോഴും ഗുപ്തവും ദുർഗ്രഹവുമായിരിക്കും. ഒരു മനുഷ്യൻെറ രക്തമാംസാദികൾകൊണ്ടുള്ള ശരീരം രേഖകളിൽനിന്നു പൊങ്ങുന്ന മേഘപടലങ്ങളുടെ പശ്ചാത്തലത്തിലെങ്കിലും കാണിച്ചു തരുവാൻ ഗ്രന്ഥകാരനു കഴിഞ്ഞില്ലെങ്കിൽ അദ്ദേഹത്തിൻെറ ശ്രമം വിഫലമാണ്. ശാസ്ത്രത്തിൻെറ തെളിച്ചത്തിൽ മങ്ങിപ്പോകാത്ത സത്യവും വശ്യവചസ്സായ ഒരു കവിയുടെ കലാപ്രാവീണ്യവും അതു പ്രതിഫലിപ്പിക്കണം. ഒരു നോവലിലെ ബാഹ്യമായ സത്യപ്രതീതിയും ചരിത്രത്തിലെ പ്രഗൽഭമായ അസത്യകഥനങ്ങളും കൂട്ടി കലർത്തേണ്ടതു് ചിലപ്പോൾ ഇതിൻെറ പൂർണ്ണതയ്ക്കാവശ്യമായിവന്നേക്കാം. എന്തായാലും കലയും ശാസ്ത്രവും സംയോജിപ്പിച്ചു രചിക്കേണ്ട ജീവചരിത്രത്തിൻെറ സാങ്കേതികമാർഗ്ഗങ്ങൾ വിദഗ്ദ്ധന്മാരായ കലാകാരന്മാർക്കല്ലാതെ പ്രാപ്യമല്ല. നല്ല രീതിയിൽ കഴിച്ചുകൂട്ടിയിട്ടുള്ള ജീവിതങ്ങൾപോലെ തന്നെ നല്ല രീതിയിൽ രചിക്കപ്പെട്ടിട്ടുള്ള ജീവചരിത്രങ്ങളും അപൂർവ്വമാണെന്നുള്ള കാർലൈലിൻെറ അഭിപ്രായം തുലോം അർത്ഥഗർഭമാണ്.

ഈ വിവരങ്ങൾ ഈ ചെറു പ്രസംഗത്തിലിനിയും ദീർഘിപ്പിക്കുവാൻ സാധ്യമല്ല. ജീവചരിത്രങ്ങളുടെ സാങ്കേതികമാർഗ്ഗങ്ങളെപ്പററി ഇത്രയും പ്രസ്താവിച്ചതിനുശേഷം മലയാളസാഹിത്യത്തിലെ ജീവചരിത്രങ്ങളെപ്പററിക്കൂടി ഒരു വാക്കു പറയാതെ ഈ പ്രസംഗം പൂർത്തിയാകുന്നതല്ല. മറെറല്ലാ കലാവിഭാഗങ്ങളിലും

സാഹിത്യ ശാഖകളിലുമുണ്ടായിട്ടുള്ളതുപോലെയുള്ള ആസ്വാദ്യകരമായ പരിവത്തനങ്ങൾ ജീവചരിത്രനിമ്മാണത്തിലും സംഭവിച്ചുകൊണ്ടിരിക്കുന്നു എന്ന് ഇതിനകം വ്യക്തമായിട്ടുണ്ടല്ലോ. നമ്മുടെ സാഹിത്യത്തിൽ നല്ല ജീവചരിത്രങ്ങൾ തുലോം വിരളമാണ്. അടുത്ത കാലത്തുണ്ടായിട്ടുള്ള മൂന്നു നാലു ജീവിചരിത്രങ്ങളെപ്പററി മാത്രമേ ഇവിടെ പ്രതിപാദിക്കണമെന്നു ഞാനുദ്ദേശിക്കുന്നുള്ളു. പുതിയ സാങ്കേതിക മാർഗ്ഗങ്ങളുപയോഗിച്ച് രചിക്കപ്പെട്ടിട്ടുള്ള ഒരൊററ ജീവചരിത്രംപോലും ഇന്നുവരെ മലയാളഭാഷയിലുണ്ടായിട്ടില്ല. പഴയ മാതൃകകളെത്തന്നെയും വേണ്ടവണ്ണമനുകരിക്കുവാനോ ഉത്തമ ജീവിതഗ്രന്ഥങ്ങൾ സൃഷ്ടിക്കുവാനോ നമുക്കിന്നുവരേ കഴിഞ്ഞിട്ടില്ലെന്നുള്ളതാണു പരമാത്ഥം. ശക്തൻതമ്പുരാൻ, ചങ്ങനാശേരി. സാഹിത്യപഞ്ചാനനൻ, സി. വി. എന്നിങ്ങനെ ഭാഷയിലുണ്ടായിട്ടുള്ള അപൂർവ്വം ചില ജീവചരിത്രങ്ങളെ ഞാൻ വിസ്മരിക്കുന്നില്ല. ശ്രീ പുത്തേഴത്ത് രാമൻമേനവന്റെ കലാനൈപുണ്യവും ഫലിതപാടവവും ശക്തൻതമ്പുരാനിലങ്ങുമിങ്ങും കാണുവാൻ കഴിയുന്നുണ്ടെങ്കിലും പലപ്പോഴും ഐതിഹ്യങ്ങളേയും കേട്ടുകേഴ്‌വികളേയും, കെട്ടുകഥകളേയുംകൂടി അടിസ്ഥാനമാക്കി രചിച്ചിട്ടുള്ള ഈ ഗ്രന്ഥം സമഗ്രമായ ഒരു ജീവചരിത്രഗ്രന്ഥമാണെന്നു പറയുവാൻ സാധ്യമല്ല. 'ചങ്ങനാശേരി'യുടെ കത്താവ് ഈ പ്രസംഗം ചെയ്യുന്ന ആൾ തന്നെയാണ്. എങ്കിലും കാലങ്ങൾ കഴിയുംതോറും ചങ്ങനാശേരിയെന്ന ഗ്രന്ഥത്തെപ്പററി ഗ്രന്ഥകത്താവിനുതന്നെ മതിപ്പു കുറഞ്ഞു വരികയാണ്. ചരിത്രനായകനായ ചങ്ങനാശേരി പരമേശ്വരൻപിള്ള അദ്ദേഹത്തിൻെറ ജീവിതകാലത്തു തന്നെ സ്വന്തം മേൽനോട്ടത്തിൽ ശേഖരിച്ച് അദ്ദേഹത്തിൻെറ സിക്രട്ടറിമാരേയും ഗുമസ്ഥന്മാരേയും കൊണ്ട് എഴുതി തയ്യാറാക്കിച്ചു വച്ചിരുന്ന സാമഗ്രികളെ അടിസ്ഥാനമാക്കിയാണ് പ്രസ്തുത ഗ്രന്ഥം രചിച്ചിട്ടുള്ളത്. മരണാനന്തരം പൊതുജനങ്ങൾ അദ്ദേഹത്തെ എങ്ങിനെ വീക്ഷിക്കണമെന്നു ചങ്ങനാശേരി മുൻകൂട്ടി തീരുമാനിച്ചിരുന്നു. അദ്ദേഹത്തിൻെറ ജീവിതകാലത്തു നടന്നിട്ടുള്ള സംഭവങ്ങൾപോലും ഈ ഉദ്ദേശസാദ്ധ്യത്തിനനുരൂപമായി വ്യാഖ്യാനിക്കുവാനും അതനുസരിച്ച് തെളിവുകൾ ശേഖരിച്ചു സൂക്ഷിക്കുവാനും അദ്ദേഹം ശ്രമം ചെയ്തിരുന്നു. ഇങ്ങനെ ചരിത്രനായകൻ ഹിതാനുസരണം മറയേണ്ട വസ്തുതകൾ മറച്ചും ചിത്രീകരിക്കേണ്ട കാര്യങ്ങൾക്കു നിറംകൊടുത്തും പൊതുജന ദൃഷ്ടിയിൽ പ്രശസ്തനായിത്തീരത്തക്കവണ്ണം ശേഖരിച്ച് എഴുതി സൂക്ഷിച്ചിരുന്ന രേഖകൾ അതേപടി സ്വീകരിച്ചു ജീവചരിത്രത്തിനു രൂപം കൊടുക്കുവാനുള്ള കത്തവ്യം മാത്രമാണ് ഈ ഗ്രന്ഥകാരനിൽ നിക്ഷിപ്തമായത്. പോരെങ്കിൽ അദ്ദേഹത്തിൻെറ ആരാധകന്മാരും മിത്രങ്ങളും ഗ്രന്ഥപുരോഗതിയുടെ ഓരോ ഘട്ടത്തിലും ചിത്രങ്ങളും വിവരങ്ങളും സ്വഭാവവിമശനങ്ങളും പരിശോധിച്ച് തൃപ്തിപ്പെടുകയും ചെയ്തുകൊണ്ടിരുന്നു. അതുകൊണ്ട് ചങ്ങനാശേരി ഒരു നിഷ്പക്ഷ ജീവചരിത്രമല്ല. ചരിത്രനായകൻെറ മഹത്വത്തെയും സേവനകൃത്യങ്ങളേയും പൊതുക്കാര്യജീവിതത്തേയുംപ്പററി അദ്ദേഹത്തിനു തന്നെ ഉണ്ടായിരുന്ന അഭിപ്രായങ്ങളെന്ന നിലയല്ലാതെ നിഷ്കൃഷ്ടവും ശാസ്ത്രീയവുമായ ചരിത്രസത്യങ്ങളെന്നവണ്ണം ആ ഗ്രന്ഥത്തെ സ്വീകരിക്കുവാൻ സാധ്യമല്ല.

പോരെങ്കിൽ ചങ്ങനാശ്ശേരി ഒരു ജീവചരിത്രമല്ല, അദ്ദേഹത്തിൻെറ ജീവിതകാലത്തു നടന്നിട്ടുള്ള സംഭവങ്ങളുടെ ഒരു

ചരിത്രമാണ്. അതുകൊണ്ടുതന്നെ ചരിത്ര നായകന്റെ വ്യക്തിത്വം ആ ഗ്രന്ഥത്തിൽ നഷ്ടപ്പെട്ടു പോയിട്ടുണ്ട്. സംഭവങ്ങളെയല്ലാതെ രക്തമാംസളമായ ചങ്ങനാശ്ശേരിയുടെ രൂപത്തേയോ സ്വഭാവ വളച്ച്ചയേയോ വികാരഗതികളേയോ വായനക്കാർ കാണുന്നില്ല. അതുകൊണ്ട് തന്നെ അതൊരു നല്ല ജീവചരിത്രവുമല്ല. മിത്രങ്ങളുടേയും മററും ആരാധനയെ പ്രതിധ്വനിപ്പിക്കുന്ന ഒരു ആസ്വാദനമാണത്. പക്ഷെ ഇതൊക്കെ ചങ്ങനാശേരി പരമേശ്വരൻപിള്ളയുടെ പൊതുസേവനങ്ങളുടെ മാഹാത്മ്യത്തെ കുറയ്ക്കുന്നില്ല.

മി. പി. കെ. പരമേശ്വരൻനായരുടെ സാഹിത്യ പഞ്ചാനനനും സി. വി. യും രണ്ടു ജീവചരിത്ര ഗ്രന്ഥങ്ങളാണ്. അവ കഥാനായകന്മാരുടെ ജീവചരിത്രങ്ങളെക്കാൾ അവരുടെ സാഹിത്യഗ്രന്ഥങ്ങളുടെ ക്രൂലംകഷമായ വിമർശനങ്ങൾക്കാണ് പ്രാധാന്യം കൽപിച്ചിട്ടുള്ളതു്. ചരിത്രസംഭവങ്ങൾക്കോ സാഹിത്യവിമർശനങ്ങൾക്കോ കഥാപുരുഷന്റെ സ്വഭാവചിത്രീകരണത്തിനുള്ള ഒരു പശ്ചാത്തലമെന്നുള്ളതിൽ കവിഞ്ഞ് ജീവചരിത്രങ്ങളിൽ സ്ഥാനമില്ലെന്ന് ഇതിനുമുൻപു പ്രസ്താവിച്ചിട്ടുണ്ട്. ജനനത്തിനും മരണത്തിനും ഇടയ്ക്കുള്ള ഒരു വ്യക്തിയുടെ സ്വഭാവ വളർച്ചയുടേയും വ്യക്തിത്വത്തിന്റെയും സത്യപൂർണ്ണവും കലാസുന്ദരവുമായ ഒരു വിവരണമാണ് ജീവചരിത്രം. മി. പരമേശ്വരൻനായരുടെ ജീവചരിത്രങ്ങൾ സംഭവങ്ങളുടേയും, സാഹിത്യകൃതികളുടെയും നീണ്ടുപരന്നുപോകുന്ന ശാസ്ത്രീയമായ ചില വിവരണങ്ങളാണ്. ചരിത്രരേഖകളിലും ഗ്രന്ഥങ്ങളിലും മററു പ്രമാണങ്ങളിലും നിന്നു ശേഖരിച്ചിട്ടുള്ള വസ്തുതകളുടെ മേഘാവൃതമായ മറവിനകത്തു ചരിത്രനായകന്റെ ഒരു ചെറുവിരൽപോലും ഒരിക്കലും വായനക്കാർ കാണുന്നില്ല. സി. വി. താരതമ്യേന ഭേദമാണ്. എന്നാൽ സി. വി. യുടെ ജീവചരിത്രത്തിൽ പകുതി കഴിയുന്നതുവരെ ചരിത്രനായകൻ സിവിയോ ചീഫ്സിക്രട്ടറി താണുപിള്ളയോ എന്ന സംശയം വായനക്കാരെ അലട്ടിക്കൊണ്ടിരിക്കുന്നു. ഒരു ജീവചരിത്രത്തിലെ മററു പാത്രങ്ങളാരൊക്കെയാണെങ്കിലും അവരെത്രതന്നെ ഉന്നതന്മാരായിരുന്നാലും ചരിത്രപുരുഷന്റെ പാർശ്വത്തിൽ അപ്രധാനന്മാരാണ്. ജീവചരിത്രം രചിക്കുന്ന ഒരു ഗ്രന്ഥകാരൻ കഥാപുരുഷന്റെ ജീവിതത്തിൽ പ്രാധാന്യമുള്ള സംഭവങ്ങൾമാത്രം തിരഞ്ഞെടുത്ത് അവ അദ്ദേഹത്തിന്റെ സ്വഭാവ ചിത്രീകരണത്തിൽ എങ്ങനെ പ്രയോഗിക്കാമെന്ന് ആലോചിച്ച് ഉറപ്പു വരുത്തുകയാണ് ആദ്യം ചെയ്യേണ്ടതു്. എന്നാൽ പ്രശംസാർഹമായ പരിശ്രമശീലവും തീഷ്ണമായ ഗവേഷണബുദ്ധിയും പ്രസ്തുത ഗ്രന്ഥങ്ങൾ പ്രകടമാക്കുന്നുണ്ട്. അവയിലെ ഉള്ളടക്കങ്ങൾ ഗഹനങ്ങളും രചനാരീതി പ്രൗഢവുമാണ്. ഭാഷാശൈലിയും ഗ്രന്ഥനിരൂപണങ്ങളും സാഹിത്യവിമർശനങ്ങളും മലയാളഭാഷയുടെ മികച്ച നേട്ടങ്ങളാണെന്നും വേണമെങ്കിൽ സമ്മതിച്ചേക്കാം. പക്ഷേ അവ കലാസുഭഗമായ ജീവചരിത്രങ്ങളാണെന്ന് ആരും പറയരുതു്.

ഏതായാലും മലയാള സാഹിത്യത്തിലൊററ ജീവചരിത്രംപോലും ആധുനിക ജീവചരിത്രസാഹിത്യത്തിന്റെ മാതൃകകളെ ഇന്നുവരെ അനുകരിച്ചിട്ടില്ലാത്തതുകൊണ്ട് ഉദാഹരണങ്ങളെടുത്തുകാട്ടുവാൻ പോലും സാധ്യമല്ലാതെയാണിരിക്കുന്നതു്. നമ്മുടെ ജീവചരിത്രസാഹിത്യം ഇനിയെങ്കിലും ഈ നൂതന മാതൃകയിലേക്ക് തിരിയേണ്ടതു് അത്യാവശ്യമാണ്. മറെറല്ലാ

സാഹിത്യശാഖകളിലേയും പരിവർത്തനങ്ങളെ യഥാകാലം പകർത്തുവാൻ നമ്മുടെ കലാകാരന്മാർ വിജയപൂർവം പരിശ്രമിച്ചിട്ടുണ്ട്. എന്നാൽ ജീവചരിത്രത്തെ അവരൊഴിച്ചുനിർത്തിയിരിക്കുന്നു. ലിട്ടൻ സ്ട്രാച്ചിയുടെ വിക്ടോറിയാരാജ്ഞിപോലെ ഒരു ജീവചരിത്രമെങ്കിലും മലയാളത്തിലുണ്ടാകുന്നു ദിനം ഭാഷയെ സംബന്ധിച്ചിടത്തോളം ഒരു സുവർണ്ണദിനമായിരിക്കും.

(എ. ഐ. ആർ. തിരുവനന്തപുരം ശാഖയുടെ അനുമതിയോടുകൂടി പ്രസിദ്ധം ചെയ്യുന്നത്.)

# ഗ്രന്ഥശാലകൾക്കാവശ്യമുള്ള റിക്കാർഡുകൾ

അധികൃതമായി അച്ചടിപ്പിച്ചു വില്ക്കുന്നതിന് തിരുവിതാംകൂർ-കൊച്ചി ഗ്രന്ഥശാലാസംഘം 11—1—51-ലെ 7922-ാം നമ്പർ കത്തനുസരിച്ച് എന്നെ ചുമതലപ്പെടുത്തിയിരിക്കുന്നു. സംഘം അംഗീകരിച്ചതന്ന മാതൃകയനുസരിച്ചുള്ള ഫാറങ്ങളും രജിസ്റ്ററുകളും നല്ല കടലാസ്സിൽ ഭംഗിയായി തയ്യാർചെയ്തിട്ടുണ്ട്.

| | 1 ക്വയർ ബുക്ക് | 2ക്വയർ ബുക്ക് | 3 ക്വയർ ബുക്ക് |
|---|---|---|---|
| A അംഗരജിസ്റ്റർ | 1 12 0 | 3 8 0 | 5 0 0 |
| B പ്രവേശനാപേക്ഷാഫാറം 100-ന് | 1 8 0 | 0 0 0 | 0 0 0 |
| C പുസ്തകങ്ങളുടെ സ്റ്റോക്ക രജിസ്റ്റർ | 1 12 0 | 3 8 0 | 5 0 0 |
| D വായനക്കാരുടെ രജിസ്റ്റർ | 1 8 0 | 3 0 0 | 4 8 0 |
| E ഗ്രന്ഥവിതരണ രജിസ്റ്റർ | 1 12 0 | 3 8 0 | 5 0 0 |
| F മാസവരി രജിസ്റ്റർ | 2 0 0 | | |
| G നാൾവഴി | 1 12 0 | 3 8 0 | 5 0 0 |
| H പേരേട് | 1 12 0 | 3 8 0 | 5 0 0 |
| I ഇൻവേഡ് രജിസ്റ്റർ | 1 12 0 | 3 8 0 | 5 0 0 |
| J ഔട്ടവേഡ് രജിസ്റ്റർ | 1 12 0 | 3 8 0 | 5 0 0 |

K രസീതുബുക്ക് (100 രസീതടങ്ങിയതു്) ഒന്നിന് 10 ണ.

[പത്തു രസീതു ബുക്കിനു് ഒന്നിച്ചാർഡർ തരുന്നപക്ഷം ഗ്രന്ഥശാലയുടെ പേർ ചേർത്തു് അച്ചടിപ്പിച്ചയക്കുന്നതാണ്.]

| | | | |
|---|---|---|---|
| L അക്വിററൻസ് റോൾ | 2 0 0 | [അരക്വയർ 1 ക.] | |

M ഉപകരണ രജിസ്റ്റർ ഒന്നിന് 6 ണ. P പ്രസിദ്ധീകരണരജിസ്റ്റർ ഒന്നിന് 1 ക.

N മാസാന്ത്യക്കണക്ക ഫാറം 100-ന് 2 ക. 8 ണ. 24 മാസത്തേയ്ക്കുള്ള ബുക്കിന് 12 ണ.

| | | | |
|---|---|---|---|
| O ഗ്രന്ഥവിതരണ രജിസ്റ്റർ പേരേട് | 1 8 0 | 3 0 0 | 4 8 0 |

Q ഗ്രാൻറിനപേക്ഷിക്കുവാനുള്ള ഫാറം ഡസനു് 6 ണ.

R ഇൻസ്പെക്ഷൻ ഡയറി 1 ക്വയർ 2 ക. അരക്വയർ 1 ക.

മററിനങ്ങൾ തയ്യാറാകുന്നു. ആവശ്യക്കാർ ഉടനെ ആർഡറയക്കുക.

മേൽ വിവരിച്ച എല്ലാ രജിസ്റ്ററുകളും ഫാറങ്ങളും ഗ്രന്ഥശാലാസംഘം ആഫീസിൽ നിന്നും ആവശ്യക്കാർക്ക നേരിട്ടു വിലയ്ക്കുവാങ്ങാവുന്നതാണ്.

ആർ. മാധവപ്പൈ, ലൈബ്രറി ഓർഗനൈസിംഗ് ഇൻസ്പെക്ടർ, തുറവൂർ.

# ഗ്രാൻറുപരിശോധനയ്ക്കുശേഷം

പി. എൻ. പണിക്കർ

(ജന: സെക്രട്ടറി തിരു–കൊച്ചി ഗ്രന്ഥശാലാസംഘം)

1951–52-ലെ ലൈബ്രറികളുടെ ഗ്രാൻറ് പരിശോധനയിൽ ലൈബ്രറി പ്രവർത്തനത്തിൽ കണ്ട ന്യൂനതകൾ പരിഹരിക്കുന്നതിനും പ്രവർത്തനം അഭിവൃദ്ധിപ്പെടുത്തുന്നതിനും പ്രവർത്തകർ ആവശ്യം അറിയേണ്ട ചില കാര്യങ്ങൾ ചുവടെ ചേർത്തുകൊള്ളുന്നു.

ഇന്നു് ഈ രാജ്യത്തു് ദിവസേന ഏതാനും മണിക്കൂർ കൃത്യമായി യാതൊരു വിധമായ പ്രതിഫലവുംകൂടാതെ സേവനമനുഷ്ഠിക്കുന്ന ഒരുവിഭാഗം, ലൈബ്രറി പ്രവർത്തകന്മാരാണെന്നു് ആ പ്രസ്ഥാനവുമായി അടുത്തു ബന്ധപ്പെടുന്നവർക്കു അറിയാൻ കഴിയുന്ന ഒരു പരമാർത്ഥമാണു്. ഇങ്ങനെ സേവനപരമായി ജോലിചെയ്യുന്നതുകൊണ്ടുതന്നെ പ്രവർത്തനം എത്രയും കാര്യക്ഷമമായി നടത്തിക്കാണിക്കേണ്ടതു് പൗരബോധമുള്ള പ്രവർത്തകരുടെ കടമ മാത്രമാണു്. അങ്ങനെ ഏതാനും ചില പ്രവർത്തനവൈകല്യങ്ങൾ ഒഴിവാക്കുകയാണെങ്കിൽ തികച്ചും മാതൃകാപരമായ ഒരു പ്രസ്ഥാനമാണു് ഗ്രന്ഥശാലാപ്രസ്ഥാനമെന്നു് നമുക്കു് അഭിമാനിക്കാൻ കഴിയും. ലൈബ്രറികൾ കാര്യക്ഷമമായി നടത്തുവാൻ ആഗ്രഹിക്കുന്നവർ റിക്കാർഡുകളുടെ ശരിയായ സൂക്ഷിപ്പിനു മുഖ്യമായ ഒരു സ്ഥാനം നൽകേണ്ടതാണു്. പ്രധാനമായി താഴെപ്പറയുന്ന റിക്കാർഡുകൾ സൂക്ഷിച്ചുവരുന്ന രീതിയെപ്പററി പരിശോധനയിൽ കണ്ട ചില വൈകല്യങ്ങളെടുത്തുകാണിക്കട്ടെ!

## 1. പുസ്തക സ്റ്റാക്ക രജിസ്റ്റർ

ഇതു് അതിപ്രധാനമായ ഒരു റിക്കാർഡാണു്. (ക്രമനമ്പർ, സെക്ഷൻ നമ്പർ, പുസ്തകത്തിന്റെ പേരു്, ഗ്രന്ഥകാരന്റെ പേരു്, പ്രസാധകന്റെ പേരു്, വില, ഇനം, ലഭിച്ച തീയതി, എന്നിത്യാദി വിവരങ്ങൾ ഈ രജിസ്റ്ററിൽ ഉണ്ടായിരിക്കണം).

ഈ രജിസ്റ്ററിൽ മാസികയുടെ ഒററ ലക്കങ്ങൾ പലരും ചേർത്തുവരുന്നുണ്ടു്. മാസികകൾക്കു മറെറാരു രജിസ്റ്റർ വയ്ക്കുകയാണു നല്ലതു്. മാസികാവാല്യങ്ങൾ ഈ രജിസ്റ്ററിൽ ചേർക്കുന്നതിൽ തരക്കേടില്ല. ഒരേ പുസ്തകത്തിന്റെ പ്രതികൾ ഒരു പൊതുനമ്പരിട്ടു് എ. ബി. സി. എന്ന ക്രമത്തിൽ ചേർക്കുകയാണു വേണ്ടതു്. പുസ്തകസ്റ്റോക്കു് ആണ്ടിലൊരിക്കലെങ്കിലും ഗ്രന്ഥശാലാകമ്മററിയാൽ നിയുക്തമാകുന്ന ഒരു സബ് കമ്മററി പരിശോധിക്കേണ്ടതും ആ സബ്കമ്മററിയുടെ റിപ്പോർട്ടിന്മേൽ കമ്മററി ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണു്. വർഗ്ഗവിഭജനം നടത്തി ഒരു ക്യാററ്ലാഗ് പ്രാരംഭത്തിൽത്തന്നെ തയ്യാറാക്കി വയ്ക്കുന്നതു് കൂടുതൽ സൗകര്യപ്രദമായിരിക്കും.

## 2. ഉപകരണസ്റ്റോക്കരജിസ്റ്റർ

പല ലൈബ്രറികളിലും ഇങ്ങനെയൊരു രജിസ്റ്റർ സൂക്ഷിച്ചു വരുന്നില്ല. ഒരു വായനശാലയിലുള്ള ഉപകരണങ്ങളെ സംബന്ധിച്ചു് ഇനവിവരം, എണ്ണം,

എങ്ങനെകിട്ടി, വില, എന്നിത്യാദി വിവരങ്ങളടങ്ങിയ സ്റ്റോക്കുരജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

### 3 പുസ്തകവിതരണരജിസ്റ്റർ

ഇതു് നാഠംവഴി പ്രകാരവും ഓരോ അംഗത്തിനു പ്രത്യേകം പേജിട്ടുകൊണ്ടുള്ള ക്രമത്തിലും എഴുതാവുന്നതാണ്. എന്നാൽ നാഠംവഴി പ്രകാരത്തിലുള്ള ഇഷ്യൂ രജിസ്റ്റർ സൂക്ഷിക്കേണ്ടതു് അത്യാവശ്യമാണ്. ഒരു ഗ്രന്ഥശാലയിൽനിന്നും ദിവസംപ്രതി എത്ര പുസ്തകം വായനയ്ക്കു് കൊണ്ടുപോകുന്നുവെന്നു വ്യക്തമാക്കുന്ന അതിപ്രധാനമായ ഒരു റിക്കാർഡാണിതു്. ഇഷ്യൂരജിസ്റ്ററിൽ മെമ്പറന്മാരെക്കൊണ്ടു ഒപ്പിട്ടുവിക്കുന്ന വിഷയത്തിലാണു പ്രായേണ പല ലൈബ്രറി പ്രവർത്തകരും ഉദാസീനത പ്രകടിപ്പിക്കുന്നതു്. പുസ്തകം എടുക്കുന്നവരുടെ ഒപ്പു രേഖപ്പെടുത്താത്തതു മൂലം പലതരത്തിലുള്ള തെററിദ്ധാരണയ്ക്കു അവസരം ഉണ്ടാകുന്നതുകൊണ്ടും ഒപ്പിടേണ്ടതു അത്യാവശ്യമാകയാലും പുസ്തകം എടുക്കുന്നവരെക്കൊണ്ടോ അവരുടെ ഏജൻറന്മാരെക്കൊണ്ടോ ഒപ്പിടുവിക്കുകയും അല്ലാത്തപക്ഷം പുസ്തകം ആവശ്യപ്പെട്ടുകൊണ്ടു കൊടുത്തയയ്ക്കുന്ന ചിററു് സൂക്ഷിക്കുകയും ചെയ്യേണ്ടതാണ്. ഇതു് നിസ്സാരമായി ഗണിക്കാതെ ഏററവും പ്രധാനപ്പെട്ട ഒരു രേഖയായി കരുതേണ്ടതാണ്. ഗ്രന്ഥശാലയെ സംബന്ധിക്കുന്ന അതിപ്രധാനമായ ഈ രജിസ്റ്റർ സൂക്ഷിക്കുന്നതിൽ ചില ഗ്രന്ഥശാലകൾ പ്രകടിപ്പിക്കുന്ന അനാസ്ഥയും സത്യരഹിതമായ നടപടികളും അക്ഷന്തവ്യമാണ്.

### 4. നാഠംവഴി

കണക്കു സൂക്ഷിക്കുന്നതിൽ ചില ലൈബ്രറിപ്രവർത്തകർ ഉദാസീനമനോഭാവം കാണിച്ചു വരുന്നുണ്ടു്. കഴിയുന്നതു അതാതു ദിവസംതന്നെ കണക്കു എഴുതുന്നതിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഇതിലേക്കു നാഠംവഴി, പേരേട്ടു്, രസീതുബുക്കു്, വൗച്ചറുകൾ, മാസാന്ത്യം ഇത്രയും റിക്കാർഡുകളാണ് അത്യാവശ്യമായിട്ടുള്ളതു്. ഏപ്രിൽ മുതലുള്ള സാമ്പത്തിക വർഷം കണക്കാക്കി കണക്കുകൾ സൂക്ഷിക്കേണ്ടതാണ്. വർഷാരംഭത്തിൽ ഒരു ബഡ്ജററ് രൂപീകരിച്ചു് കമ്മററിയും പൊതുയോഗവും അംഗീകരിച്ചു് അതിൻെറ അടിസ്ഥാനത്തിൽ പ്രവർത്തനം നടത്തുന്നതാണു ഉചിതമായിട്ടുള്ള നടപടി. സാമ്പത്തികവർഷം ആരംഭിക്കുന്ന ഏപ്രിൽ മുതൽ വൗച്ചറുകൾക്കു ഒന്നുമുതലുള്ള നമ്പർ ഇടേണ്ടതാണ്. എല്ലാ ചെലവുകൾക്കും വൗച്ചറും വരവിനങ്ങൾക്കു രസീതും ഉണ്ടായിരിക്കണം. രസീതിൻെറയും വൗച്ചറിൻെറയും ഉള്ള നമ്പരുകൾ നാഠംവഴിയിൽ രേഖപ്പെടുത്തിയിരിക്കണം. മാസാന്ത്യ കണക്കു മാസംതോറും കമ്മററികൂടി പാസ്സാക്കേണ്ടതും മുമ്മൂന്നുമാസം കൂടുമ്പോൾ ക്വാർട്ടർലി സ്റ്റേറ്റുമെൻറ് സംഘം ആഫീസിലേക്കു അയച്ചിരിക്കേണ്ടതുമാണ്. ഈ വിഷയത്തിൽ പല ക്രമക്കേടുകളും മിക്ക വായനശാലകളിലും കണ്ടു വരുന്നുണ്ടു്.

### 5. അഡ്മിഷൻ രജിസ്റ്റർ

അഡ്മിഷൻ രജിസ്ററർ സൂക്ഷിക്കുന്നതിലും ചിലർ ശ്രദ്ധിക്കാറില്ല. മാസവരി രജിസ്ററും ഏററവും ആവശ്യമാണ്. അംഗങ്ങളുടെ കുടിശിക കണ്ടുപിടിക്കുന്നതിൻെറയും വരവു മനസ്സിലാക്കുന്നതിൻെറയും മാസവരി രജിസ്ററർ അത്യാവശ്യമാണ്.

പൊതുയോഗഡയറി, കമ്മററിമിനിട്ട്സ്, സന്ദർശകഡയറി, ഇൻസ്പെക്ഷൻഡയറി, പത്രമാസികവരവുവിവര

രജിസ്റ്റർ, ലറ്റർഫയൽ, അപേക്ഷാഫയൽ, ഹാജർപുസ്തകം എന്നിത്യാദിരജിസ്റ്ററുകളും അവശ്യം സൂക്ഷിക്കേണ്ടതാണു്.

അടുത്ത ഒന്നുരണ്ടു വർഷത്തേയ്ക്കുകൂടി ഗ്രാന്റുതുകയ്ക്കു മുഴുവനും പുസ്തകം വാങ്ങി ഗ്രന്ഥശാലയെ അഭിവൃദ്ധിപ്പെടുത്തുന്നതിൽ എല്ലാ പ്രവർത്തകരും പ്രത്യേകമായി ശ്രദ്ധിക്കേണ്ടതാണു്.

വളരെ ചുരുക്കം ചില ലൈബ്രറികൾ ഒഴിച്ചു് ഈ രാജ്യത്തുള്ള എല്ലാ ലൈബ്രറിക്കാരും ഗ്രാന്റിനും അതിൽ കൂടുതൽ തുകയ്ക്കും പുതിയപുസ്തകം വാങ്ങി യഥാർത്ഥ മൂലധനം വർദ്ധിപ്പിച്ചിട്ടുണ്ടെന്നു കാണുന്നതു് അഭിമാനകരമായ ഒരു സംഗതിയാണു്. ഒരു ലൈബ്രറി നടത്തുന്നതിൽ ധനപരമായി പല പല ബുദ്ധിമുട്ടുകളും പ്രവർത്തകർ സഹിക്കുന്നുണ്ടെങ്കിലും ഗ്രാന്റു തുക മൊത്തമായി പുസ്തകം വാങ്ങുക എന്ന ആവശ്യത്തിനുതന്നെ വിനിയോഗിക്കുന്നതിൽ പ്രസ്ഥാനത്തിന്റെ പുരോഗതിയെ കാംക്ഷിക്കുന്ന ഏവരും അഭിമാനിക്കുകതന്നെ ചെയ്യും. അതാതു ഗ്രന്ഥശാലാകമ്മററി തയ്യാറാക്കുന്ന ലിസ്റ്റനുസരിച്ചുതന്നെ സെക്രട്ടറിമാർ പുസ്തകം വാങ്ങേണ്ടതാണു്. പുസ്തകം തെരഞ്ഞെടുക്കുന്നതിനു ഗ്രന്ഥശാലാസംഘം ബുക്സെലക്ഷൻ കമ്മററിതയ്യാറാക്കിയ പുസ്തകപ്പട്ടിക നിങ്ങൾക്കു സഹായകരമായിരിക്കും. പുതിയ പുസ്തകങ്ങൾ വാങ്ങുന്ന ബില്ലിന്റെ പകർപ്പു് ഒരുമാസത്തിനകം ഗ്രന്ഥശാലാസംഘം ആഫീസിലേക്കു അയച്ചുതരേണ്ടതാണു്. അടുത്ത ഗ്രാന്റുവിഭജനാവസരത്തിൽ ഇക്കാര്യം പ്രത്യേകം പരിഗണിക്കുന്നതുമാണു്. വാങ്ങേണ്ട പുസ്തകങ്ങളുടെ ലിസ്റ്റു് തയ്യാറാക്കുമ്പോൾ പൊതുജനങ്ങളുടെ പൊതുവായ താൽപ്പര്യത്തേയും ഉപയോഗത്തേയുംകൂടി പരിഗണിക്കേണ്ടതാണു്.

പുസ്തകം ബയന്റു ചെയ്യിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണു്. ആണ്ടുതോറും ഒരു നല്ല ശതമാനം പുസ്തകം ബയന്റു ചെയ്യിക്കേണ്ടതാണു്.

പുസ്തകം സർക്കുലേററുചെയ്യിച്ചും മററും കൂടുതൽ ആളുകളെക്കൊണ്ടു വായിപ്പിക്കണം.

ഒരാണ്ടിൽ കൂടുതൽ പുസ്തകം വായിക്കുന്നവർക്കു പ്രോൽസാഹനാർഹമായവിധത്തിൽ സമ്മാനം നൽകുന്നതും സമുചിതമായിരിക്കും.

ഗ്രന്ഥശാലാനടത്തിപ്പിന്റെ പ്രധാന വിജയം അതു കൃത്യസമയത്തു പതിവായി തുറക്കുന്നതിലും ആളുകൾക്കു വായിക്കുന്നതിനു സൗകര്യമുണ്ടാക്കിക്കൊടുക്കുന്നതിലുമാണു സ്ഥിതിചെയ്യുന്നതു്. ചില വായനശാലകൾ ഈ വിഷയത്തിൽ അനാസ്ഥയാണു കാണിച്ചുവരുന്നതു്. ദിവസേന റീഡിംഗ്റൂം ഒരു ക്ലുപ്തസമയത്തു് തുറന്നിടുകയും പുസ്തകവിതരണം ഒരു നിശ്ചിതസമയത്താക്കുകയും വേണം. വായനശാലയും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതും പൊതുജനങ്ങളെ ആകർഷിക്കത്തക്കവിധത്തിൽ ചിത്രങ്ങളും മററും കൊണ്ടു അലങ്കരിച്ചിരിക്കേണ്ടതുമാണു്. വായനശാലാഭിത്തികളിൽ മഹദ്വചനങ്ങൾ ഭംഗിയായി എഴുതി പതിക്കുന്നതും ആശാസ്യമായിരിക്കും. സ്വന്തമായി മന്ദിരം പണികഴിപ്പിക്കുന്നതിനു വായനശാലക്കാർ പരമാവധി പരിശ്രമം ചെയ്യേണ്ടതും അതിനുവേണ്ടി അവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുമാണു്.

സർവ്വോപരി അതതുസ്ഥലത്തുള്ള എല്ലാ ആളുകളുടേയും സഹകരണം സമ്പാദിക്കുന്നതിനു പ്രവർത്തകർ ശ്രമിക്കേണ്ടതാണു്. ഒരു സ്ഥലത്തുതന്നെ അടുത്തടുത്തു ചില പ്രവർത്തകർ തമ്മിലുള്ള വ്യക്തിവൈരാഗ്യത്തിൻെറ ഫലമായി പല വായനശാലകളും രൂപം പ്രാപിച്ചു വരുന്നുണ്ടു്. പൊതുജനങ്ങളുടെ അവഹേളനത്തിനു പാത്രമാകുക എന്നതിൽക്കവിഞ്ഞു് ഒരു പ്രയോജനവും അതുമൂലം ഉണ്ടാകുന്നില്ല. ഗ്രാമീണരുടെ സംസ്കാരകേന്ദ്രമായ ഗ്രന്ഥശാലകൾ ഐക്യത്തിൻേറയും സൗഹാർദ്ദത്തിൻേറയും സങ്കേതങ്ങളായിരിക്കണം. വായനശാലകളുടെ പേരുകൾ അഭിപ്രായവ്യത്യാസത്തിനും മാത്സര്യത്തിനും ഇടകൊടുക്കാത്തവിധം കഴിയുന്നതു സ്ഥലപ്പേരോടു് ചേർത്തു് പബ്ളിക്‌ലൈബ്രറി എന്നു് ആയിരിക്കുന്നതു് സമുചിതമായിരിക്കും.

മാതൃകാപരമായി നടത്തുന്ന ലൈബ്രറികൾക്കു വേണ്ടതു പ്രോത്സാഹനം നൾകുന്നതിനു സംഘം പരമാവധി ശ്രമിക്കുന്നതാണു്. 1951—52 —ൽ കൂടുതൽ ഗ്രാൻറു് ലഭിക്കുന്നതിനു സംഘം തുടരെത്തുടരെ നടത്തിയ നിവേദനങ്ങളുടെ ഫലമായി സാമ്പത്തികവർഷാവസാനമായ മാർച്ചിലാണു് ഇതുസംബന്ധിച്ചു് ഒരു തീരുമാനമുണ്ടായതു്. മുൻകൊല്ലത്തെപ്പോലെ ഗ്രാൻറുതുക നഷ്ടപ്പെട്ടുപോകാതിരിക്കാൻ മാർച്ചു് 31 —നകം രസീതു അയച്ചുതരണമെന്നു വായനശാലക്കാരെ അറിയിച്ചു. എന്നാൽ മുഴുവൻ ഗ്രാൻറുതുകയും എഡ്യൂക്കേഷൻ ഡയറക്ടർ കെട്ടിവാങ്ങിയിട്ടുള്ളതുകൊണ്ടു് അനുവദിച്ച ഗ്രാൻറു് യാതൊരു കാരണവശാലും വായനശാലകൾക്കു നഷ്ടപ്പെട്ടുപോകുകയില്ല. 1951—52 ലും മുൻകൊല്ലത്തെ ഗ്രാൻറുതുകയാണു് ബഡ്ജററിൽ ഉൾപ്പെടുത്തിയിട്ടുള്ളതു്. ഇതു അപര്യാപ്തമാണെന്നും വികസിച്ചുവരുന്ന ഈ പ്രസ്ഥാനത്തിൻെറപുരോഗതിയെ അടിസ്ഥാനമാക്കി കൂടുതൽ തുക അനുവദിക്കണമെന്നും സംഘം തുടരെത്തുടരെ നിവേദനം നടത്തിയെങ്കിലും ആശാവഹമായ തീരുമാനമുണ്ടായില്ല. എന്നാൽ 1952 —53-ലേയ്ക്കു് കൂടുതൽ തുക നമുക്കു ന്യായമായി പ്രതീക്ഷിക്കാം. അതതു താലൂക്കിലെ ഓർഗനൈസിംഗ് ഇൻസ്പെക്ടറന്മാർ ശേഖരിച്ചയച്ച സ്ഥിതിവിവരക്കണക്കുകളുടേയും ഗ്രഡേഷൻകമ്മററിയുടെ പരിശോധനാറിപ്പോർട്ടിൻേറയും ഗ്രാൻറപേക്ഷകളുടേയും അടിസ്ഥാനത്തിലാണു ഇക്കൊല്ലം ലൈബ്രറികളുടെ ഗ്രേഡുവിഭജനം നടത്തിയിട്ടുള്ളതു്. കമ്മിററിക്കു എല്ലാലൈബ്രറികളും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

1952 —53-ൽ എല്ലാ ലൈബ്രറികളും കൂലംകഷമായി പരിശോധിക്കണമെന്നാണു കമ്മററി വിചാരിക്കുന്നതു്.

ഗ്രേഡുവിഭജനത്തിനു മുൻകൊല്ലത്തെ മാനദണ്ഡംതന്നെയാണു കമ്മററി സ്വീകരിച്ചിട്ടുള്ളതു്.

ഗ്രാൻറിനുള്ള മിനിമം യോഗ്യത 500 പുസ്തകങ്ങളാണു്. ഇതിൽ സംഘം അംഗീകരിച്ചിട്ടുള്ള 250 പുസ്തകങ്ങൾ ഉണ്ടായിരിക്കണമെന്നുണ്ടു്. പാരായണക്കാരുടെ സംഖ്യ, റിക്കാർഡുകൾ സൂക്ഷിക്കുന്നതിൽകാണിക്കുന്ന ശ്രദ്ധ, പൊതുജനസഹകരണം, വരവിനങ്ങളിലുള്ള വർദ്ധനവു് സ്വന്തമന്ദിരം വാങ്ങിയ പുതിയ പുസ്തകങ്ങളുടെ എണ്ണവും വിലയും കൃത്യമായ നടത്തിപ്പു് മുതലായി പലത

നേയും അടിസ്ഥാനമാക്കിയാണ ഗ്രേഡുവിഭജനം നടത്തിയിട്ടുള്ളതു്. പുസ്തകങ്ങളുടെ എണ്ണത്തെമാത്രമല്ല അതിന്റെ വിലയേയും ഉപയോഗത്തേയും പ്രധാനമായി പരിഗണിച്ചിട്ടുണ്ടു്. 500, 1500, 2500, 4000 ഈ ക്രമത്തിലുള്ള പുസ്തകസംഖ്യ ഓരോ ഗ്രേഡിനുമുള്ള അടിസ്ഥാനമാണു്.

1951—52-ൽ ഗ്രാൻറനുവദിച്ച ലൈബ്രറികളുടെ എണ്ണവും ഗ്രേഡും തുകയും ചുവടെ ചേക്കുന്നു.

| ഗ്രേഡു | തുക | എണ്ണം |
|---|---|---|
| A I | 800 | 3 |
| A | 400 | 3 |
| B | 336 | 4 |
| C | 288 | 6 |
| D | 240 | 16 |
| E | 192 | 38 |
| F | 144 | 88 |
| G | 96 | 229 |
| H | 60 | 509 |


# ശബ്ദതാരാവലി

## മലയാളനിഘണ്ടു

(പരിഷ്ക്കരിച്ച നാലാം പതിപ്പു്)

മലയാളികൾക്കു് അപരിത്യാജ്യമായ ഒരു കോശഗ്രന്ഥം. ഇന്നുള്ള ഭാഷാനിഘണ്ടുക്കളിൽ പ്രഥമസ്ഥാനം അർഹിക്കുന്നതെന്നല്ല, കുലങ്കഷമായ ഭാഷാപരിചയത്തിനു പര്യാപ്തമായതെന്നു പണ്ഡിതന്മാർ പരക്കെ സമ്മതിച്ചിട്ടുള്ള ഈ ബൃഹത്കോശത്തിന്റെ ഒന്നാം വാല്യം തയാർ. ആകെ 1030 പുറമുള്ള ഈ വാല്യത്തിനു വില 12 ക. മാത്രം.

ഏകദേശം ഇത്രയുംവരുന്ന രണ്ടാംവാല്യം മാർച്ചു് അവസാനത്തിൽ പുറപ്പെടുന്നതാണു്.

കെ. മാത്യു,

ലൈബ്രേറിയൻ,

ശ്രീ ചിത്തിരതിരുനാൾ ഗ്രന്ഥശാല, തിരുവനന്തപുരം.

# മാതൃകാപരമായ സംഭാവന

1. മാന്തർ റിപ്പബ്ലിക്കൻ മെമ്മോറിയൽ ലൈബ്രറിക്കുവേണ്ടി രണ്ടു സെൻറ സ്ഥലം സംഭാവന ചെയ്യാമെന്നു പ്രസ്തുത ഗ്രന്ഥശാലാ പ്രസിഡൻറ് ശ്രീ. എം. യാക്കോബു നാടാർ വാഗ്ദാനം ചെയ്തിരിക്കുന്നു.

2. പവിത്രേശ്വരം മഹാത്മജി സ്മാരക ഗ്രന്ഥശാലയ്ക്കു്, പാലവിള വീട്ടിൽ ശ്രീ. എൻ. നാരായണൻ നായർ 800-ഓളം രൂപ ചെലവു ചെയ്തു് ഒരു കെട്ടിടവും ഒന്നരസെൻറ സ്ഥലവും സംഭാവന ചെയ്തിട്ടുണ്ടു്.

---

## ഗ്രന്ഥശാലാസംഘം ഉപരക്ഷാധികാരികൾ

(തുടർച്ച)

16. എൻ. എം. ജേക്കബ് ബി. ഏ., മാളയിക്കൽ, പാണ്ടപ്പിള്ളി, ആരക്കുഴ
17. എം. അബ്ദുൽ റഷീദ്, മച്ചൻറ് & കൺട്രാക്ടർ, ചിറയിൻകീഴ്
18. വർഗ്ഗീസ് മാണി പുത്തൂരാൻ, മുളക്കുളം, പെരുവ.
19. പറയത്തു ഈ. രാമൻമേനോൻ, പത്മവിലാസം, N. പറവൂർ

---

## ആയുഷ്ക്കാലാംഗങ്ങൾ

(തുടർച്ച)

44. എൻ. എസ്. കര്യാക്കോസ്, നീലങ്കൽ ഹൗസ്, പിറവം,
45. പി. കെ. കര്യാക്കോസ്, പോത്താനിക്കാട്ട ഹൗസ്, കോതമംഗലം
46. കെ. ആർ. വാസുദേവൻ നമ്പൂതിരി, കന്തൂർമന, രാമപുരം
47. അകവൂർ കൃഷ്ണൻ നമ്പൂതിരിപ്പാട്, ചൊവ്വര.

---

**ഒരു മാതൃകാപ്രവർത്തകൻ**

## എം. കെ. ശ്രീധരൻ

ഇരിങ്ങാലക്കട

സംഘടനാപ്രവർത്തനത്തിനു പ്രതീക്ഷിച്ചതനുസരിച്ചുള്ള ഗ്രാൻറു ലഭിക്കാതിരുന്നതു മൂലം പ്രവർത്തനം നടത്തിക്കൊണ്ടിരുന്ന ഓർഗനൈസിംഗ് ഇൻസ്പെക്ററൻമാരിൽ ഏതാനും ചിലരെ 1952 ഏപ്രിൽ മുതൽ പിരിച്ചയയ്ക്കുവാൻ ഗ്രന്ഥശാലാസംഘം നിർബ്ബന്ധിതമായിത്തീർന്നു. പിരിച്ചയച്ചുകൊണ്ടുള്ള സർക്കുലറിനു മറുപടിയായി ഓർഗനൈസിംഗ് ഇൻസ്പെക്ടർ മി. എം. കെ. ശ്രീധരനയച്ച കത്തിലെ ചില ഭാഗങ്ങളാണു ചുവടെ ചേർക്കുന്നതു്. ജന: സെക്രട്ടറി

"..........ഉദ്യോഗത്തിൽനിന്നും പിരിഞ്ഞിരിക്കയാണെന്നുദ്ദേശിച്ച്, അത്യാവശ്യമായ എന്തെങ്കിലും വിവരങ്ങൾ ഈ താലൂക്കിൽ നിന്നും അറിയേണ്ടിവരുന്ന പക്ഷം എന്നോടു ആവശ്യപ്പെടുന്നതിനു മടിക്കരുതെന്നപേക്ഷയുണ്ട്. മൂന്നും നാലും താലൂക്കുകൾ ഒരു വ്യക്തിയുടെമാത്രം പ്രവർത്തന മേഖലയിൽ ഉൾപ്പെടുത്തുമ്പോൾ അത്യാവശ്യ വിവരങ്ങൾ കൃത്യസമയത്ത് ലഭിക്കുവാൻ നേരിട്ടേയ്ക്കാവുന്ന പ്രായോഗിക വിഷമതകൾ നല്ലവണ്ണം മനസ്സിലാക്കുന്നതുകൊണ്ടാണ് ഞാനിക്കാര്യം പ്രത്യേകിച്ച് അപേക്ഷിക്കുന്നതു്. ഉദ്യോഗത്തിലിരിക്കുമ്പോളായാലും, ഇരിക്കാത്തപ്പോളായാലും ഏതു സമയത്തും എന്നാൽ കഴിവുള്ള എല്ലാ സേവനങ്ങളും സംഘത്തിനു തികച്ചും പ്രതീക്ഷിക്കാവുന്നതാണെന്നു ഉറപ്പു പറഞ്ഞുകൊള്ളുന്നു."

---

# ഗ്രന്ഥശാലാവാർത്തകൾ

### യുവജനസമാജം വായനശാല, ഇളമ്പൽ

പ്രസ്തുത വായനശാലയുടെ ഒരു വിശേഷാൽ പൊതുയോഗം 13-1-52ൽ ശ്രീ. എസ്സ്. കെ. മാധവൻശാസ്ത്രിയുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. എസ്. കെ. മാധവൻശാസ്ത്രി പ്രസിഡൻറായും, വൈ. ചാക്കോ വൈസ്പ്രസിഡൻറായും എൽ. പൊടിയൻ സെക്രട്ടറിയായും എം. ജി. ബേബി ലൈബ്രേറിയനായും ഉള്ള 11 പേരുൾപ്പെട്ട ഒരു കമ്മററിയെ തെരഞ്ഞെടുത്തു.

### ഗ്രാമീണവായനശാല, വെള്ളാനിക്കര

ഈ വായനശാലയുടേയും ഇതിനോടനുബന്ധിച്ചുനടത്തുന്ന സാക്ഷരതാസ്കൂളിൻേറയും സംയുക്തവാർഷികം ജനുവരി 11-ാം തീയതി ശ്രീ. സി. ആർ. ഇയ്യുണ്ണിയുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ. കെ. ടി. അച്ചുതൻ, ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ എന്നിവർ പ്രസംഗിച്ചു. രാത്രി വായനശാലാംഗങ്ങൾ 'ജേതാക്കൾ' എന്ന നാടകം അഭിനയിക്കുകയുണ്ടായി.

## ലിയോ XIII ലൈബ്രറി,

### ചമ്പക്കുളം

പ്രസ്തുത ഗ്രന്ഥശാലയുടെ 37-ാ മതു വാർഷികയോഗം ജനുവരി 13-ാം തീയതി ശ്രീ. കെ. എം. കോരയുടെ അദ്ധ്യക്ഷത യിൽ കൂടി. ശ്രീ. ററി. സി. തോമസ് ബി. എ. ബി. എൽ.-ൻെറ സ്വാഗതപ്രസംഗ ത്തിനുശേഷം ശ്രീ. ഈ. എം. കോവൂർ, ഗ്രന്ഥശാലാ ജനറൽസെക്രട്ടറി ശ്രീ. പി. എൻ. പണിക്കർ, ശ്രീ. വി.ജെ. കുര്യൻ എ ന്നിവർ പ്രസംഗിച്ചു. വായനശാലയ്ക്കു് ഒരു റേഡിയോ വാങ്ങുന്നതിനായി അദ്ധ്യക്ഷൻ 100 രൂപ സംഭാവനചെയ്യുകയുണ്ടായി. രാത്രി വായനശാലാംഗങ്ങൾ "സിക്ക ന്ദർ" എന്ന ഗദ്യനാടകം അഭിനയിച്ചു.

## സുഭാഷ് ലൈബ്രറി & റീഡിംഗ് റൂം

### കൈതാരം

ജനുവരി 2-ാം തീയിതി കൂടിയ പൊതു യോഗത്തിൽവച്ചു് ഒരു പുതിയ ഭരണസമി തിയെ തെരഞ്ഞെടുത്തു. ഫെബ്രുവരി 4-ാം തീയതി കമ്മററികൂടി ശ്രീ. എൻ. കെ. ബാലകൃഷ്ണപിള്ളയെ പ്രസിഡൻറായും, ശ്രീ. പി. രാമകൃഷ്ണപിള്ളയെ സെക്രട്ടറി യായും ശ്രീ. അയ്യപ്പൻകുഞ്ഞിയെ ഖജാൻ ജിയായും തെരഞ്ഞെടുക്കുകയുണ്ടായി.

## ഗ്രാമീണവായനശാല,

### അഴീക്കോട്ട്

ഈ വായനശാലയുടെ ഒരു പൊതു യോഗം ഫെബ്രുവരി 3-ാം തീയതി ശ്രീ. സി. ഏ. അബ്ദുൽഖാദറിൻെറ അദ്ധ്യക്ഷ തയിൽ കൂടി. ശ്രീ. സി. ഏ. അബ്ദുൽഖാദർ പ്രസിഡൻറായും ശ്രീ. കെ. കെ. മുഹമ്മദു സെക്രട്ടറിയായും ശ്രീ. കെ. എച്ച് റഹിം ഖജാൻജിയായും ഉള്ള 9 പേരുൾപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

## പീപ്പിൾസ് റീഡിംഗ്ഹോം & ലൈബ്രറി, ചെറുവാണ്ടൂർ

ഈ വായനശാലയുടെ വാഷികയോഗം ഫെബ്രുവരി 24-ാം തീയതി റവ: ഫാദർ ജോസഫ് പള്ളിവാതുക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. കെ. കെ. മാത്യു, ശ്രീ. കെ. എം. ജോസഫ് ബി. എസ്സ്. സി. ബി. എൽ. എന്നിവർ പ്രസം ഗിച്ചു.

## വിദ്യാപ്രബോധിനി ഗ്രാമീണവായന ശാല, വിളപ്പിൽ

പ്രസ്തുത വായനശാലയുടെ ധനശേഖര ണാത്ഥം എൻ. പി. യുടെ 'ഭാവന' എന്ന ഗദ്യനാടകം ഫെബ്രുവരി 17-ാം തീയതി വായനശാലാംഗങ്ങൾ അഭിനയിക്കുകയു ണ്ടായി.

## സാഹിത്യപോഷിണി വായനശാല,

### കിഴക്കേ കടുങ്ങല്ലൂർ

ഫെബ്രുവരി 24-ാം തീയതി കൂടിയ പ്രവർത്തകസമിതിയോഗത്തിൽവച്ചു് 'ജീ വൻ ആർട്ട്സ് ക്ലബ്ബ്' എന്നൊരു കലാസം ഘടന രൂപീകരിക്കാൻ തീരുമാനിച്ചിരി ക്കുന്നു. ഇതിൻെറ പ്രയോജനത്തെപ്പററി ശ്രീ. പി. ശങ്കരപ്പിള്ള, ശ്രീ. പി. വി. വേലായുധൻ എന്നിവർ പ്രസംഗിച്ചു.

## പീപ്പിൾസ് ലൈബ്രറി,

### കറിച്ചിത്താനം

പ്രസ്തുത ലൈബ്രറിയുടെ പ്രഥമ വാഷി കസമ്മേളനം ജനുവരി 26-ാം തീയതി

ശ്രീ. ആനന്ദശിവറാമിന്റെ അദ്ധ്യക്ഷതയിൽക്കൂടി. ശ്രീ. ഒല്പമണ്ണ പ്രസംഗിച്ചു. രാത്രി ആനന്ദശിവറാം & പാർട്ടിയുടെ ഡാൻസ്, കളരിപ്പയററ് മുതലായ പരിപാടികളുംഉണ്ടായിരുന്നു.

## കൈരളീയ ഗ്രന്ഥാലയം, കടപ്ര

ഈ ഗ്രന്ഥാലയത്തിന്റെ ഒരു പൊതുയോഗം മാർച്ച് 2-ാം തിയതി ശ്രീ. എ. പി. കേശവപിള്ളയുടെ അദ്ധ്യക്ഷതയിൽക്കൂടി. ശ്രീ. എ. പി. കേശവപിള്ള അദ്ധ്യക്ഷനായും, ശ്രീ. എ. ജി. സി. പിള്ള വൈസ്പ്രസിഡൻറായും, ശ്രീ. പി. എം. ഏബ്രഹാം സെക്രട്ടറിയായും 11 പേരുംപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

## ശ്രീ ചിത്രോദയം വായനശാല, ചിതറാൽ

പ്രസ്തുത ഗ്രന്ഥശാലയുടെ 14-ാമതു വാർഷികസമ്മേളനം മാർച്ച് 9-ാം തീയതി ശ്രീ. ജി. ചന്ദ്രശേഖരപിള്ളയുടെ' അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ. പി. എൻ. പണിക്കർ, ശ്രീ. ചെല്ലത്തുരൈ, ശ്രീ. വി. ഗോപാലപിള്ള ബി. എ. എൽ. ററി, ശ്രീ. എം. കെ. നാരായണൻ എന്നിവർ പ്രസംഗിച്ചു. രാത്രി 'ജേതാക്കൾ, എന്ന പ്രഹസനം വായനശാലാംഗങ്ങൾ അഭിനയിക്കുകയുണ്ടായി.

## ദി പറക്കോട്ട ലൈബ്രറി & റീഡിംഗ്റൂം, പറക്കോട്ട്

ഈ ലൈബ്രറിയുടെ ഏഴാമതു കമ്മിററി യോഗം മാർച്ച് 1-ാം തീയതി ശ്രീ. എ. കെ. തോമസ് ബി. എസ്സ്. സി. യുടെ അദ്ധ്യക്ഷതയിൽക്കൂടി. ലൈബ്രറിയോടനുബന്ധിച്ച് ഒരു സാഹിത്യസമാജം ആരംഭിക്കണമെന്നു നിശ്ചയിച്ചു.

## ശ്രീ നാരായണ മെമ്മോറിയൽ ലൈബ്രറി, കുളത്തൂർ—കഴക്കൂട്ടം

ഗ്രന്ഥശാലയുടെ ഒരു വിശേഷാൽ പൊതുയോഗം ഫെബ്രുവരി 21-ാം തീയതി ശ്രീ. സി. വി. ദാമോദരന്റെ അദ്ധ്യക്ഷതയിൽക്കൂടി. പുതുതായി പണികഴിപ്പിക്കാൻ പോകുന്ന കെട്ടിടത്തിന്റെ 10,000 രൂപയ്ക്കുള്ള എസ്റ്റിമേററ് അംഗീകരിച്ചു. കെട്ടിടം പണിക്കുവേണ്ടി ഒരു കമ്മിററിയെ തെരഞ്ഞെടുക്കുകയുണ്ടായി.

## ദേശീയവായനശാല, ഏലൂർ

പ്രസ്തുത വായനശാലയുടെ ഒരു ജനറൽ ബാഡിയോഗം ഫെബ്രുവരി 17-ാം തീയതി ശ്രീ. എസ്സ്. ചന്ദ്രശേഖരൻപിള്ള ബി. എ. യുടെ അദ്ധ്യക്ഷതയിൽക്കൂടി. ശ്രീ. ആർ. ഭാസ്കരൻപിള്ളയെ പ്രസിഡൻറായും എസ്സ്. ചന്ദ്രശേഖരൻപിള്ള ബി. എ. യെ വൈസ്പ്രസിഡൻറായും ടി. എസ്സ്. ശിവരാമപിള്ളയെ ജോയിൻറ് സെക്രട്ടറിയായും തെരഞ്ഞെടുത്തു.

## ഗ്രാമീണ വായനശാല, ആററൂർ

ഈ ഗ്രന്ഥശാലയുടെ നാലാമതു വാർഷികവും വില്ലുന്നിക്കോണം പ്രൈമറിസ്കൂളിന്റെ രക്ഷാകർത്തൃദിനവും മാർച്ച് 15-ാം തീയതി ശ്രീ. ററി. എ. തോമസ് ബി. എ. ബി. എൽ. ന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു.

### വൈ. എം. ഈ. ഏ. ലൈബ്രറി, കാരംവേലി

പ്രസ്തുത ലൈബ്രറിയുടേയും വൈ. എം. ഈ. ഏ. യുടേയും സംയുക്തവാർഷികസമ്മേളനം മാർച്ച് 16-ാം തീയതി ശ്രീ. എൻ. പി. തോമസ് ബി. ഏ. എൽ.ററി. യുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ. പി. ജി. സുധീന്ദ്രൻ ബി.എസ്സ്.സി., ററി. വി. തോമസ് എം. ഏ. എന്നിവർ പ്രസംഗിച്ചു. ശ്രീ. ഏ. എൻ. പവിത്രൻ ബി. ഏ. പ്രസിഡൻറായും വി. ഏ. നാരായണശാസ്ത്രി സെക്രട്ടറിയായും പി. കെ. കേശവൻ വൈദ്യൻ ഖജാൻജിയായുമുള്ള ഒരു കമ്മിററിയെ തെരഞ്ഞെടുത്തു. വായനശാലയുടെ ആഭിമുഖ്യത്തിലും ശ്രീ. പി. കെ. കരുണാകരൻ ബി. എസ്സ്. സി. യുടെ പത്രാധിപത്യത്തിലും ഒരു മാസിക ആരംഭിക്കണമെന്നു നിശ്ചയിച്ചു.

### മനക്കോടം പബ്ളിക് ലൈബ്രറി, തുറവൂർ

പ്രസ്തുത ഗ്രന്ഥശാലയുടെ ഒരു പൊതുയോഗം മാച്ച് 16-ാം തീയതി സ്ഥിരം പ്രസിഡൻറിൻെറ അദ്ധ്യക്ഷതയിൽകൂടി പുതിയ കമ്മിററിയെ തെരഞ്ഞെടുത്തു. ലൈബ്രറി ഓർഗനൈസിംഗ് ഇൻസ്പെക്ററർ യോഗത്തിൽ പ്രസംഗിക്കുകയുണ്ടായി.

### 275 സി. എസ്സ്. ഗ്രന്ഥശാല, തൈക്കാട്ടുശ്ശേരി

ഈ ഗ്രന്ഥശാലയുടെ വാഷിക പൊതുയോഗം മാച്ച് 9-ാം തീയതി ശ്രീ. കെ. ഈ. വഗ്ഗീസിൻെറ അദ്ധ്യക്ഷതയിൽകൂടി പുതിയ കമ്മിററിയെ തെരഞ്ഞെടുത്തു. ശ്രീ. ആർ. മാധവപ്പിള്ള പ്രസംഗിക്കുകയുണ്ടായി. ബഡ്ജററും പ്രവത്തനറിപ്പോട്ടും കണക്കും അംഗീകരിച്ചു.

### ശ്രീ നരസിംഹവിലാസം വായനശാല, തുറവൂർ

തുറവൂർ തിരുമല ദേവസ്വത്തിൽനിന്നും പ്രസ്തുതഗ്രന്ഥശാലയ്ക്കു പ്രതിമാസം അഞ്ചു രൂപാ വീതം ഗ്രാൻറനുവദിച്ചിരിക്കുന്നു. കൂടാതെ വായനശാലാകെട്ടിടം സ്ഥിതിചെയ്യുന്ന പുരയിടത്തിലെ ആദായവും വായനശാലയ്ക്കനുവദിച്ചിട്ടുണ്ട്.

### സക്കാർ ഗ്രാമീണവായനശാല, തിപ്പലശ്ശേരി

ഈ വായനശാലയുടെ ഒന്നാമതു വാഷികം മാർച്ച് 1-ാം തീയതി ശ്രീ. സി. സി. വർഗ്ഗീസിൻെറ അദ്ധ്യക്ഷതയിൽകൂടി. ശ്രീ. കെ. എസ്സ്. മേനോൻ ബി. ഏ, പി. കെ. കൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

രാത്രി വെണ്ണിലാവ് എന്ന നാടകം വായനശാലാംഗങ്ങൾ അഭിനയിക്കുകയുണ്ടായി.

### വിവേകോദയം ഗ്രന്ഥശാല, ആലപ്പുഴ

പ്രസ്തുത ഗ്രന്ഥശാലയുടെ ഒരു കമ്മിററിയോഗം മാർച്ച് 30-ാം തീയതി ശ്രീ. കെ. ഹൈസൻെറ അദ്ധ്യക്ഷതയിൽകൂടി. ജനറൽ സെക്രട്ടറിയായി ശ്രീ. ജി. ചെല്ലപ്പനേയും ജോയിൻറ് സെക്രട്ടറിയായി ശ്രീ. ഏ. വാസുവിനേയും തെരഞ്ഞെടുത്തു.

### സന്മാർഗ്ഗദായിനി യുവജനസമാജം വായനശാല, തുടയന്നൂർ

പ്രസ്തുത ഗ്രന്ഥശാലയുടെ ദ്വിതീയ

വാർഷികയോഗം മാർച്ച് 22-ാം തീയതി ശ്രീ. തട്ടാമല പി. രാമൻപിള്ളയുടെ അദ്ധ്യക്ഷതയിൽ കൂടി. ശ്രീമതി എം. കാസിം ബീവി, മാലതിക്കുട്ടിയമ്മ ബി.എ. ശ്രീ. എം. പരമേശ്വരൻപിള്ള, പി. എൻ. മാധവനാശാൻ, പൊന്നപ്പൻപിള്ള എന്നിവർ പ്രസംഗിച്ചു. ശ്രീ. കെ. ശ്രീധരൻ വൈദ്യൻ പ്രസിഡന്റായും എ. എം. ഇബ്രാഹിം സെക്രട്ടറിയായും ഉള്ള 11 പേരുംപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു.

## സർക്കാർ ഗ്രാമീണവായനശാല, കൂനംമൂച്ചി

ഈ വായനശാലയുടെ വാർഷിക യോഗം മാർച്ച് 23-ാം തീയതി ഡാ. സി. സി. മാത്യുവിന്റെ അദ്ധ്യക്ഷതയിൽകൂടി. പ്രൊഫസർ കെ. ജി. ഭാസ്കരമേനോൻ യോഗം ഉത്ഘാടനം ചെയ്തു. ശ്രീ. മത്തായി പന്നാക്കൽ പ്രസംഗിക്കുകയുണ്ടായി. ശ്രീ. ടി. ഓ. വാവു ഏതാനും വിലപിടിച്ച ഗ്രന്ഥങ്ങൾ വായനശാലയ്ക്കു സംഭാവന നല്കുകയുണ്ടായി എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്.

## ആശാൻ മെമ്മോറിയൽ റൂറൽ ലൈബ്രറി, പൂല്ലൂററ്

മാർച്ച് 20-ാം തീയതി കൂടിയ പൊതുയോഗത്തിൽവച്ച് ശ്രീ. കെ. കെ. കുമാരൻ പ്രസിഡന്റായും എം. വി. രാഘവൻ സെക്രട്ടറിയായും 9 പേരുംപ്പെട്ട ഒരു കമ്മിററിയെ തെരഞ്ഞെടുത്തു

---

# അംഗഗ്രന്ഥശാലകൾ

(തുടർച്ച)

1275—ഗ്രാമോദ്ധാരണ ഗ്രന്ഥശാല, പൂവത്തൂർ, അമരവിള.
1276—യുവജനസമാജം വായനശാല, വെള്ളാർവട്ടം, കടയ്ക്കൽ.
1277—സഹൃദയ ഗ്രന്ഥശാല, വൈശ്യംഭാഗം, ചമ്പക്കുളം.
1278—യുവജനസംഘം ഗ്രന്ഥശാല, ഇടഗ്രാമം, കരമം, കരമന.
1279—വിദ്യാർത്ഥിമിത്രം ഗ്രന്ഥശാല, ആറാട്ടുപുഴ, പട്ടാഴി.
1280—മുൻസിപ്പൽ റീഡിംഗ്റൂം, കുന്നംകുളം.
1281—കഞ്ഞഴദേശസേവിനി വായനശാല, കഞ്ഞഴ വടക്കുഭാഗം, കഞ്ഞഴ.
1282—V. L. & R. R. തിപ്പലശ്ശേരി, പെരുമ്പലാമൂട്ട്.
1283—ഗ്രാമീണവായനശാല, ആററത്തറ, കുണ്ടന്നൂര്.
1284—ദേശബന്ധു റീഡിംഗ്റൂം & ലൈബ്രറി, പഴഞ്ഞാലം, കുണ്ടറ.
1285—എസ്സ്. ജെ. എസ്സ്. ഏ. റീഡിംഗ്റൂം & ലൈബ്രറി, പടപ്പക്കര, കുണ്ടറ.
1286—ദി കൂടൽ പബ്ളിക്ക് ലൈബ്രറി & റീഡിംഗ്റൂം, കൂടൽ, കലഞ്ഞൂർ.
1287—സർക്കാർ ഗ്രാമീണ വായനശാല അരനാട്ടുകര.
1288—സർക്കാർ ഗ്രാമീണവായനശാല, കിള്ളന്നൂർ, തൃശ്ശൂർ.

1289—വിജ്ഞാന പ്രദായിനി & മഹാത്മാ റീഡിംഗ്റൂം, പുല്ലങ്ങടി, പമ്പക്കുളം.
1290—ലൈംഷെൽ പബ്ളിക്ക് ലൈബ്രറി, കുമരകം.
1291—വള്ളിക്കോട്ട ലൈബ്രറി & റീഡിംഗ്റൂം, കൈപ്പട്ടൂർ.
1292—ജനതാ ഗ്രന്ഥശാല, കോട്ടയം വള്ളിക്കോട്, കൈപ്പട്ടൂർ.
1293—ജനതാഗ്രന്ഥശാല. കണ്ണങ്കോട്ട്, അടൂർ.
1294—ദി നാഷനൽ ലൈബ്രറി & റീഡിംഗ് ക്ലബ്ബ്, തുരുത്തിപ്പുറം, വടക്കേക്കര.
1295—പിഴക് ആസാദ് ഗ്രന്ഥശാല, പിഴക്.
1296—സനാതന പബ്ളിക്ക് ലൈബ്രറി, പഴകുളം, നൂറനാട്.
1297—പബ്ളിക്ക് ലൈബ്രറി, ചക്കുവള്ളി, ശാസ്താംകോട്ട.
1298—ദേശസേവിനി വായനശാല, വട്ടമൺ, കോന്നി.
1299—ഗ്രാമീണഗ്രന്ഥശാല, നെടുമൺ, പറക്കോട്.
1300—Y. M. A. പ്രോഗ്രസ്സീവ് റീഡിംഗ്റൂം & ലൈബ്രറി, തലച്ചിറ, ഉതിമൂട്.
1301—ഗ്രാമീണവായനശാല, ചെറുകോൽ, കോഴഞ്ചേരി.
1302—നാഷനൽ ലൈബ്രറി, വലവൂർ, പുലയിന്നൂർ.
1303—ഗ്രാമദീപം വായനശാല, ചിറക്കടവ്.
1304—വില്ലേജ് പഞ്ചായത്തു പബ്ളിക്ക് ലൈബ്രറി, മാടപ്പള്ളി, പെരുമ്പനച്ചി.
1305—സർവ്വോദയ ഗ്രന്ഥശാല, തെക്കേമെക്കുഴി, പള്ളിക്കൽ.
1306—ദേശീയവായനശാല, പനമററം, പൊൻകുന്നം.
1307—പബ്ളിക്ക് ലൈബ്രറി, വടശ്ശേരിക്കര.
1308—പബ്ളിക്ക് ലൈബ്രറി, ഏഴംകുളം പറക്കോട്.
1309—ദേശീയ വായനശാല, പിരാരൂർ, കാലടി.
1310—ഇരിങ്ങാട്ട് ഗ്രാമീണവായനശാല, കുറുപ്പുംപടി.
1311—ദി നാഷനൽ റീഡിംഗ് ക്ലബ്ബ്, അങ്കമാലി.
1312—പുത്തനമ്പലം ഭഗവതി വിലാസം വായനശാല, കടമ്പനാട്.
1313—മോട്ടിലാൽ സ്മാരകവായനശാല, ചേർത്തല തെക്ക്, അർത്തുങ്കൽ.

(തുടരും)

# GRANDHALOKAM

*A MONTHLY*

OFFICIAL ORGAN OF THE

## Travancore-Cochin Library Association

## ADVERTISEMENT TARIFF

| | | |
|---|---|---|
| **FRONT COVER PAGE** | ... | (Reserved) |
| **BACK COVER PAGE** | ... | Rs. 70 per insertion. |
| | ... | Rs. 60 per insertion, if three insertions or more. |
| **COVER PAGE 2** | ... | Rs. 60 per insertion. |
| | ... | Rs. 40 per insertion, if |
| | ... | three consecutive |
| | ... | insertions or more. |
| **COVER PAGE 3** | ... | Rs. 50 per insertion. |
| | ... | Rs. 40 per insertion if |
| | ... | three consecutive insertions or more. |
| **ANY OTHER PAGE** | ... | Rs. 40 per insertion. |
| **HALF PAGE** | ... | Rs. 25 .... |
| **QUARTER PAGE** | ... | Rs. 15 .... |
| **BELOW QUARTER PAGE** | ... | Rs. 10 .... |

*For further details apply to:*

*THE MANAGER*

**GRANDHALOKAM,**

PATTOM, TRIVANDRUM.

L. No. 592. 20-7-48. Reg. No. T. 189. M. 5854.

## തിരു-കൊച്ചി ഗ്രന്ഥശാലാസംഘം ഭരണസമിതി

പ്രസിഡൻറ്: ശ്രീ. പറവൂർ ററി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ.
വൈസ് പ്രസിഡൻറ്: 1. ശ്രീ. സി. നാരായണപിള്ള ബി.ഏ. ബി.എൽ.
ടി 2. ശ്രീ. കെ. എം. അഗസ്റ്റിൻ ബി. ഏ. ബി. കോം.

ശ്രീ. പി. എൻ. പണിക്കർ
(ജനറൽ സെക്രട്ടറി)
,, എൻ. കേശവപിള്ള (ട്രഷറർ)
,, എൻ. അഗസ്റ്റപ്രലിംഗംപിള്ള
,, ജെ. കേശവൻ
,, ഏ. പി. ഉദയഭാനു ബി. ഏ ബി. എൽ
,, പലകശ്ശേരി പി. രാഘവൻ
ബി. ഏ. ബി. എൽ.
,, നീലവന ആർ. മാധവൻനായർ
(പ്ര. സ: അംഗം)
,, ഏ. ആർ. സുലൈമാൻസേട്ട്
,, എൻ. ഗോപാലപിള്ള എം. ഏ.

ശ്രീ. എം. തോമസ് എം. ഏ. എൽ. ററി.
(ആണററി ജോയിൻറ് സെക്രട്ടറി)
,, സി. കെ. മാണി ബി. ഏ. ബി.എൽ.
,, എൻ. പി. വർഗ്ഗീസ്
ബി. ഏ. ബി. എൽ; എം. എൽ. ഏ.
(പ്ര. സ: അംഗം)
റവ. J. W. റസ്സാലം ബി. ഏ. ബി. ഡി.
ശ്രീ. കെ. കൊച്ചുകുട്ടൻ എം. എൽ. ഏ.
,, എം. കെ. മേനോൻ
,, K. W. മുരളീധരമാരാർ ബി. ഏ.
എൽ. എൽ. ബി;
ഡാ. പി. കെ. നാരായണപിള്ള
എം. ഏ. പിഎച്ച്. ഡി.
(പ്ര. സ: അംഗം)
ശ്രീ. ജോസഫ് ചാക്കോള

# ഗ്രന്ഥാലോകം

മാസികയ്ക്കുള്ള ലേഖനങ്ങൾ, അഭിപ്രായത്തിനുള്ള ഗ്രന്ഥങ്ങൾ (രണ്ടു പ്രതികൾ), മണിയാർഡറുകൾ, അപേക്ഷകൾ, മററു എഴുത്തുകുത്തുകൾ മുതലായവ മാനേജർ, തിരു - കൊച്ചി ഗ്രന്ഥശാലാസംഘം ആഫീസ്, പട്ടം, തിരുവനന്തപുരം, എന്ന മേൽവിലാസത്തിൽ അയയ്ക്കണം.

മാനേജർ.

Printed and Published by P. N. Panikkar for the Travancore-Cochin Granthasala Samgham at the Prakash Printing & Publishing House, Statue Junction, Trivandrum.